Government of Tamilnadu

# മലയാള പാഠാവലി

# MALAYALAM READER

## അഞ്ചാം സ്റ്റാൻഡേർഡ്

## STANDARD V

**Untouchability**
**Inhuman - Crime**

Department of School Education

© Government of Tamilnadu
First Edition - 2011
Reprint - 2012
(Published under Uniform System of School Education Scheme)

CHAIRPERSON

**Mr. A.MOHANA KUMAR**
Associate Prof. in Malayalam
Presidency College
Chennai – 600 005

REVIEWER

**Dr.V.JAYAPRASAD**
Associate Prof. in Malayalam
University of Madras,
Chennai – 600 005

AUTHORS

**Mr. K.ACHUTHAN,**
BT. Asst. in Malayalam
Govt. Hr.Sec.School
Ambalamoola, Nilgiris

**Mrs.TESSY FRANSIS**
BT. Asst. In Malayalam
Govt.Hr.Sec.School
Devarshola, Nilgiris

**Mr. K.A.SHARFUDEEN**
BT. Asst. In Malayalam
Govt.Hr.Sec.School
Gudalur, Nilgiris

Laser Typeset , Layout & Illustrations: M. Vijayasarathy, T. Raghu & R.Raja

Drawings & Book Wrapper: Aras

Textbook Printing

Tamilnadu Textbook Corporation,
College Road, Chennai - 600 006

Price : Rs.

This book has been printed on 80 G.S.M.Maplitho Paper

Printed by offset at:

# ദേശീയ ഗാനം

ജനഗണമന അധിനായക ജയ ഹേ
ഭാരത ഭാഗ്യവിധാതാ
പഞ്ചാബ സിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല വംഗാ
വിന്ധ്യ ഹിമാചല യമുനാ ഗംഗ
ഉച്ഛല ജലധി തരംഗാ
തവശുഭ നാമേ ജാഗേ
തവശുഭ ആശിഷ മാഗേ
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗള ദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ ജയഹേ ജയഹേ
ജയ ജയ ജയ ജയ ഹേ!

- മഹാകവി രവീന്ദ്രനാഥ ടാഗോർ

# ദേശീയഗാനം - സാരം

ഭാരത ഭൂമിയുടെ ഭാഗ്യവിധാതാവേ! ജനസമൂഹത്തിന്റെ ഹൃദയാധിനാഥനായ അങ്ങ് വിജയിക്കട്ടെ! പഞ്ചാബ്, സിന്ധ്, ഗുജറാത്ത്, മറാഠാ, ദ്രാവിഡം, ഉത്ക്കൽ, വംഗം ആദിയായ പ്രദേശങ്ങളും വിന്ധ്യ ഹിമാചലാദി പർവ്വതങ്ങളും മഹാസമുദ്രത്തിന്റെ തിരമാലകളും അങ്ങയുടെ ശുഭനാമം ഉരുവിട്ടുകൊണ്ടിരിക്കുന്നു. അങ്ങയുടെ മംഗളാശിസ്സുകൾ തേടിക്കൊണ്ടിരിക്കുന്നു. അങ്ങയുടെ ജയഗാഥകൾ പാടിക്കൊണ്ടിരിക്കുന്നു. ഭാരതഭൂമിയുടെ ഭാഗ്യവിധാതാവേ! ജനസമൂഹത്തിന് ഗുണപ്രദായകനായ അങ്ങ് മേൽക്കുമേൽ വിജയിക്കട്ടെ!

## തമിഴ്തായ് സ്തുതി

നീരാറും കടലുടുത്ത നിലമടന്തൈ ക്കെഴിലൊഴുകും
ശീരാറും വദനമെനത്തികഴ്ഭരത ഖണ്ഡമിതിൽ
തെക്കണമും അതിർശിറെന്ത തിരാവിട നൽതിരുനാടും
തക്കചിറു പിറൈനുതലും തരിത്തനറും തിലകമുമേ
അത്തിലക വാസനൈപോൽ അനൈത്തുലകും ഇൻപമുറ
എത്തിശൈയും പുകഴ്മണക്ക ഇരുന്തപെരും തമിഴണങ്കേ! തമിഴണങ്കേ!
ഉൻ ശീരിളമൈ തിറം വിയന്തു
ചെയൽ മറന്തു  വാഴ്ത്തുതുമേ!
വാഴ്ത്തുതുമേ!
വാഴ്ത്തുതുമേ!

-മനോൻമണീയം പി.സുന്ദരം പിള്ള

## ദേശീയോദ്ഗ്രഥനപ്രതിജ്ഞ

രാജ്യത്തിന്റെ സ്വാതന്ത്ര്യവും സമന്വയവും സംരക്ഷിക്കുന്നതിനും സുശക്തമാക്കുന്നതിനും ഞാൻ ആത്മാർപ്പണത്തോടെ പ്രവർത്തിക്കുമെന്ന് പ്രതിജ്ഞ ചെയ്യുന്നു.

കൂടാതെ ഞാൻ ഒരിക്കലും അക്രമം അവലംബിക്കുകയില്ലെന്നും മതം, ഭാഷ, പ്രാന്തം, രാഷ്ട്രീയമോ, സാമ്പത്തികമോ ആയ അസ്വസ്ഥതകൾ എന്നിവ സംബന്ധിച്ച എല്ലാ അഭിപ്രായ വ്യത്യാസങ്ങളും വിവാദങ്ങളും സമാധാനപരവും ഭരണഘടനാനുസൃതവുമായ മാർഗ്ഗങ്ങളിലൂടെ തീരുമാനിക്കുന്നതാണെന്നും ഞാൻ ഉറപ്പിച്ചു പറയുന്നു.

# പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യാക്കാരും എന്റെ സഹോദരീ സഹോദരൻമാരാണ്. ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു. സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു. ഞാൻ എന്റെ മാതാപിതാക്കളേയും ഗുരുക്കൻമാരേയും മുതിർന്നവരേയും ബഹുമാനിക്കും. ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.


# ഉള്ളടക്കം


| | | പേജ് നമ്പർ |
|---|---|---|
| **ഭാഗം 1** | | |
| മരത്തിനു സ്തുതി | (പദ്യം) | 1 * |
| പറവകൾക്കിടയിലെ മഹാത്ഭുതം | (ഗദ്യം) | 4 |
| ഉപമന്യു | (കഥ) | 11 |
| **ഭാഗം 2** | | |
| മൃഗശാല | (പദ്യം) | 14 |
| ക്ലിന്റിന് സ്നേഹപൂർവം | (ഗദ്യം) | 18 |
| സ്വർഗ്ഗദർശനം | (കഥ) | 23 |
| **ഭാഗം 3** | | |
| നന്ദമോക്ഷം | (പദ്യം) | 26* |
| മഹാകവി കമ്പർ | (ഗദ്യം) | 28 |
| ആരെ രാജാവാക്കാം | (നാടകം) | 33 |
| **ഭാഗം 4** | | |
| അമ്പിളി | (പദ്യം) | 37* |
| ചിത്രം വരയ്ക്കുന്ന നക്ഷത്രങ്ങൾ | (ഗദ്യം) | 40 |
| സ്വാർത്ഥതയുടെ ഫലം | (കഥ) | 45 |
| **ഭാഗം 5** | | |
| ഓണം വന്നാൽ | (പദ്യം) | 48 |
| പല്ലനത്തോട് | (ഗദ്യം) | 51 |
| ചിയാങ് അമ്മൂമ്മയും കഴുതകളും | (കഥ) | 56 |
| **ഭാഗം 6** | | |
| കാലനില്ലാത്ത കാലം | (പദ്യം) | 61* |
| വിഷു- ഭൂമിശാസ്ത്രപരമായ ആഘോഷം | (ഗദ്യം) | 64 |
| **ഭാഗം 7** | | |
| എന്റെ ഉണ്ണി | (പദ്യം) | 69 |
| സർവ്വം സഹ | (നാടകം) | 72 |
| യഥാർത്ഥ ഭക്തി | (കഥ) | 78 |
| **ഭാഗം 8** | | |
| യുദ്ധകാണ്ഡം | (പദ്യം) | 81 |
| മണ്ണും മനുഷ്യനും | (ഗദ്യം) | 83 |
| ചുസ്ക്കിത്ത് സ്കൂളിലേക്ക് | (കഥ) | 90 |

# മരത്തിനു സ്തുതി

സുഗതകുമാരി

തണുത്ത പൂന്തണൽ വീശി
പ്പടർന്നു ചൂഴ്ന്നു നില്ക്കുന്ന
മരത്തിന്റെ തിരുമുടി
ക്കിതാതൊഴുന്നേൻ
നീലകണ്ഠസ്വാമിയെപ്പോൽ
വിഷം താനേ ഭുജിച്ചിട്ടും
പ്രാണവായു തരുന്നോനാ-
യിതാ തൊഴുന്നേൻ
കനിഞ്ഞു പൂക്കളും തേനും
കനിയും നീട്ടി നില്ക്കും നിൻ-
നിറഞ്ഞ തൃക്കരങ്ങൾക്കാ-
യിതാ തൊഴുന്നേൻ
മഴയായി, കുളിരായി
പശിയാറ്റും പഴമായി
തുയിരുന്നു മരുന്നായി
പണിക്കരുത്തായ്
കുഞ്ഞിക്കയ്യിൽ കളിപ്പാട്ട-
ച്ചിരിയായ്, വാർദ്ധക്യത്തിൻ
ഖിന്നതയ്ക്കു താങ്ങി നിൽക്കാൻ
ഊന്നു കമ്പായി
ഒരിക്കലും പിരിയാത്ത കൂട്ടുകാര-
നായി ഞങ്ങൾ
ക്കനർഘ കാരുണ്യവർഷം
ചൊരിയുവോനേ
വിരിഞ്ഞ മാറിലായ് ഞങ്ങൾ
തറയ്ക്കുന്ന മഴുപാടു-
മണിഞ്ഞു നിൽക്കുമാ നീർന്ന
നിലതൊഴുന്നേൻ.



## അഭ്യാസം

### I. അർത്ഥം കണ്ടെത്താമോ :

ചൂഴ്ന്ന്, തിരുമുടി, നീലകണ്ഠൻ, ഭുജിക്കുക, കനിഞ്ഞ്, കനി, കരം, പശി, ആറ്റുക, തുയിർ, കരുത്ത്, വാർദ്ധക്യം, ഖിന്നത, അനർഘം, കാരുണ്യം, ചൊരിയുക, നീർന്നനില.

### II. പിരിച്ചെഴുതാം:

വീശിപ്പടർന്നു = __________ + __________
പൂന്തണൽ = __________ + __________
കുഞ്ഞിക്കയ്യിൽ = __________ + __________

### III. ചേർത്തെഴുതാം :

| | | | | |
|---|---|---|---|---|
| പശി | + | ആറ്റും | = | __________ |
| പണി | + | കരുത്തായ് | = | __________ |
| മഴു | + | പാട് | = | __________ |

### IV. സമാനപദം കണ്ടുപിടിക്കാം: (പര്യായപദങ്ങൾ) :

| | | |
|---|---|---|
| മരം | __________ | __________ |
| വായു | __________ | __________ |
| കനി | __________ | __________ |
| കരം | __________ | __________ |
| മഴ | __________ | __________ |

### V. നാനാർത്ഥം എഴുതാം:

മുടി , കരം

### VI. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതാം:

1. ഇലത്തഴപ്പിനെ കവി വർണ്ണിച്ചിരിക്കുന്നതെങ്ങനെ?
2. നമുക്കു പ്രാണവായു തരുന്നതാര്? എങ്ങനെ?
3. മരങ്ങൾ കനിവോടെ എന്തെല്ലാമാണ് തരുന്നത്?
4. മരത്തിൽ മഴുപ്പാട് അണിയിക്കുന്നതാരാണ്?
5. ഈ കവിത എഴുതിയതാരാണ്?
6. പരിസ്ഥിതിദിനം ആഘോഷിക്കുന്നതെന്നാണ്?

### VII. ഒരു ഖണ്ഡികയിൽ ഉത്തരമെഴുതാം:

1. മരം കാരുണ്യവർഷം ചൊരിയുന്നത് എങ്ങനെയെന്നാണ് കവയിത്രി പറയുന്നത്?
2. പരിസ്ഥിതിദിനം ആഘോഷിക്കുന്നതിന്റെ ആവശ്യകതയെന്ത്?

## VIII. മനഃപാഠമാക്കാം:

മഴയായി.. .. .. .. .. .. .. .. നിലതൊഴുന്നേൻ.

## IX. പ്രവർത്തനം :

മരത്തിന്റെ പല ഗുണങ്ങളും മനസ്സിലാക്കിയല്ലോ. മറ്റു ഗുണങ്ങൾ കണ്ടുപിടിക്കുക.

നിങ്ങളുടെ പരിസരത്ത് മുൻപുണ്ടായിരുന്ന വൃക്ഷങ്ങൾ ഇപ്പോൾ ഉണ്ടോ? മുതിർന്നവരോടു ചോദിച്ച് ഇല്ലാത്തവയുടെ പട്ടിക തയ്യാറാക്കുക. കാരണമെന്തെന്ന് കണ്ടെത്താമോ?

ആഗോളതാപനത്തെ ചെറുത്തുനിൽക്കാൻ കുട്ടികളായ നിങ്ങൾക്ക് എന്തെല്ലാം ചെയ്യാനാവും? ഒരു വൃക്ഷത്തൈയെങ്കിലും നട്ടുവളർത്തിക്കൂടെ?

പരിസ്ഥിതിദിനാഘോഷത്തിന്റെ ഭാഗമായി നിങ്ങളുടെ വിദ്യാലയത്തിലും പരിസരത്തും എന്തെല്ലാമാണ് ചെയ്തുവരുന്നത്?



ഗദ്യം

# പറവകൾക്കിടയിലെ മഹാത്ഭുതം

യാത്രയ്ക്കിടയിൽ ഒരിക്കലും വഴിതെറ്റാത്ത ഒരു പക്ഷി ഉണ്ട്. പറവകൾക്കിടയിലെ മഹാത്ഭുതം എന്നൊക്കെ വേണമെങ്കിൽ അതിനെ വിശേഷിപ്പിക്കാം. ആയിരക്കണക്കിന് കിലോമീറ്റർ അകലെ പറന്നുപോയിട്ടും എത്തേണ്ടിടത്ത് തിരിച്ചെത്തുന്ന പക്ഷി. എത്ര അപരിചിതമായ സ്ഥലമാണെങ്കിലും ഒരിക്കലും വഴിപിഴക്കില്ല. അത്രയേറെ ദിശാബോധം അവയ്ക്കുണ്ട്. ഇനി പക്ഷി ഏതെന്നല്ലേ? നമ്മുടെ നാട്ടിൽ കാണുന്ന പ്രാവുകൾ.

ഭൂമുഖത്ത് രണ്ടു സ്ഥലത്തേ പ്രാവുകൾ ഇല്ലാതുള്ളു. ദക്ഷിണധ്രുവത്തിലും ഉത്തരധ്രുവത്തിലും. പരിശീലനം കിട്ടിയ ഒരു പ്രാവ് ആയിരം കിലോമീറ്റർ അകലെ പോയാലും വഴിതെറ്റാതെ കൂട്ടിൽ തിരിച്ചെത്തും. ഇത് എങ്ങനെ സാധിക്കുന്നു? ഉത്തരം പറയാൻ ഒരു ശാസ്ത്രകാരനും കഴിഞ്ഞിട്ടില്ല. പ്രകൃതിയുടെ രഹസ്യങ്ങളിൽ ഒന്നായി ഇന്നും ഈ രഹസ്യം അവശേഷിക്കുന്നു. നിരവധി പരീക്ഷണങ്ങൾ ശാസ്ത്രജ്ഞന്മാർ ഇതു സംബന്ധിച്ച് നടത്തുകയുണ്ടായി.



പകൽ സമയത്ത് സൂര്യനും രാത്രിയിൽ ഭൂമിയുടെ കാന്തികമണ്ഡലവുമാണ് ഇവയ്ക്ക് ദിശാബോധം നല്കുന്നതെന്നാണ് ചില ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. എങ്കിലും കാന്തികമണ്ഡലം എങ്ങനെ അവയെ സഹായിക്കുന്നു എന്ന ചോദ്യത്തിന് ഇനിയും ഉത്തരം കണ്ടെത്തിയിട്ടില്ല.

പ്രാവുകളെ ശ്രദ്ധിക്കൂ. പുറമെ അസാധാരണത്വമൊന്നും അവയ്ക്കില്ല. ഏതാണ്ട് അഞ്ഞൂറു ഗ്രാമിൽ താഴെ തൂക്കം. ചിറകുകളിൽ ഓരോന്നിലും പത്തുവീതം തൂവലുകൾ. വാലിൽ പന്ത്രണ്ടും. എന്നാൽ ഇവയുടെ മാറിടത്തിലെ മാംസപേശികൾക്ക് അസാധാരണമായ ശക്തി ഉണ്ട്. ഈ മാംസപേശികളുടെ സഹായത്തോടെയാണ് ഒരു സെക്കന്റിൽ ഏഴു പ്രാവശ്യം ചിറകുകൾ അടിക്കുന്നത്.

മനുഷ്യന്റെ പഴയ സഹചാരികളിൽ ഒന്നാണ് പ്രാവ്. അവന്റെ വിശ്വസ്ഥനായ പക്ഷി. ചിലർക്ക് തീൻമേശയിലെ ഇഷ്ടവിഭവമായി മാറാറുണ്ട് പ്രാവുകൾ!

പുരാണങ്ങളിലും, ഇതിഹാസങ്ങളിലും, ചരിത്രത്തിലും ഒക്കെ പ്രധാനപ്പെട്ട കഥാ

പാത്രമാണ് പ്രാവ്. പ്രാവുകളുള്ള വീടുകൾ തകർന്നു വീഴില്ലെന്ന് ചില മുസ്ലീങ്ങൾ വിശ്വസിക്കുന്നു. പ്രവാചകനായ മുഹമ്മദ് നബിയുടെ വീട്ടിൽ രണ്ടു പ്രാവുകളെ വളർത്തിയിരുന്നു. സമാധാനത്തിന്റെ പ്രതീകവും പ്രാവുതന്നെ! ഹിന്ദുപുരാണങ്ങളിലാണെങ്കിൽ, യമദേവൻ ശിബി ചക്രവർത്തിയെ പരീക്ഷിക്കാനെത്തിയത് പ്രാവിന്റെ രൂപത്തിലാണ്.

പണ്ട്, സന്ദേശവാഹകരായി പ്രാവുകളെ ഉപയോഗിച്ചിരുന്നു. പേർഷ്യയിലെ സൈറസ് ചക്രവർത്തി ബി.സി. 500–ൽ പ്രാവുകളെ സന്ദേശവാഹകരായി ഉപയോഗിച്ചിരുന്നു. ജൂലിയസ് സീസർ ഗോൾ പിടിച്ചടക്കിയത് പ്രാവുകൾ നല്കിയ സൂചന അനുസരിച്ചാണ്.

രണ്ടാം ലോകമഹായുദ്ധത്തിന് മുമ്പ് ഇന്ത്യയിൽ നാവികസേന പ്രാവുകളുടെ ഒരു തപാൽ സർവ്വീസ് ഏർപ്പെടുത്തിയിരുന്നു. ബി,കെ.ഫ്രോഥ് എന്നൊരു ഉദ്യോഗസ്ഥൻ പരിശീലിപ്പിച്ചെടുത്ത പ്രാവുകൾ കപ്പലിൽനിന്ന് കരയിലേക്ക് സന്ദേശങ്ങൾ എത്തിച്ചിരുന്നു.

പോലീസ് വകുപ്പും പ്രാവുകളെ സന്ദേശവാഹകരായി ഉപയോഗിച്ചിരുന്നു. ഒറീസ്സാ പോലീസിൽ ഇന്നും പ്രാവുകളെ ഉപയോഗിക്കുന്നുണ്ട്. വെള്ളപ്പൊക്കം, കൊടുങ്കാറ്റ് മുതലായവ കൊണ്ട് വാർത്താവിനിമയരംഗങ്ങൾ തകരുമ്പോൾ പ്രാവുകളുടെ സേവനം അത്യന്താപേക്ഷിതമായിത്തീരുന്നു.



ഫ്രാൻസിലെ പട്ടാളത്തിലും ഒരു പ്രാവുപടയുണ്ട്. യുദ്ധകാലത്ത് വാർത്താവിനിമയരംഗം തകർന്നാൽ പ്രാവുകളെക്കൊണ്ട് അവ നിർവഹിക്കുക എന്നതാണ് ലക്ഷ്യം.

അതിസൂക്ഷ്മമായി അന്തരീക്ഷമർദ്ദം ഗ്രഹിക്കാനും പ്രാവുകൾക്ക് കഴിയും. ഒരു മുറിയുടെ തറയും തട്ടും മർദ്ദം തിട്ടപ്പെടുത്തി ഇവ തിരിച്ചറിയുന്നു. ഈ അടുത്ത കാലത്തായി ശാസ്ത്രജ്ഞന്മാർ ഇവയെ പിയാനോ വായിക്കാനും, ടേബിൾ ടെന്നീസ് കളിക്കാനും മറ്റും പരിശീലിപ്പിച്ച് തുടങ്ങിയിട്ടുണ്ട്.

# അഭ്യാസം

## I. അർത്ഥം ഗ്രഹിക്കാം :

അപരിചിതം, ദിശാബോധം, അവശേഷിക്കുക, അസാധാരണത്വം, സഹചാരി, പ്രവാചകൻ, സന്ദേശവാഹകർ, പ്രതീകം, നാവികസേന, വാർത്താവിനിമയരംഗങ്ങൾ, അത്യന്താപേക്ഷിതം, നിർവഹിക്കുക, ഗ്രഹിക്കുക, തിട്ടപ്പെടുത്തുക.

## II. പാഠഭാഗത്ത്നിന്ന് വിപരീതപദം കണ്ടെത്താം:

| | | |
|---|---|---|
| അരികെ | x | ______________ |
| പരസ്യം | x | ______________ |
| പരിചിതം | x | ______________ |
| സാധാരണത്വം | x | ______________ |
| അനിഷ്ടം | x | ______________ |

## III. പിരിച്ചെഴുതാം:

| | | | | |
|---|---|---|---|---|
| യാത്രയ്ക്കിടയിൽ | = | ______________ | + | ______________ |
| പടയുണ്ട് | = | ______________ | + | ______________ |
| നടത്തുകയുണ്ടായി | = | ______________ | + | ______________ |
| തിരിച്ചറിയുന്നു | = | ______________ | + | ______________ |

## IV. ചേർത്തെഴുതാം:

| | | | | |
|---|---|---|---|---|
| എത്തേണ്ട | + | ഇടത്ത് | = | ______________ |
| വിഭവം | + | ആയി | = | ______________ |
| രൂപത്തിൽ | + | ആണ് | = | ______________ |
| അത്ര | + | ഏറെ | = | ______________ |

## V. വാക്യങ്ങൾ രചിക്കാം:

താഴെ തന്ന പദങ്ങൾ ഉപയോഗിച്ച് ലഘു വാക്യങ്ങൾ രചിയ്ക്കൂ

1. അസാധാരണത്വം
2. സഹചാരി
3. അത്യന്താപേക്ഷിതം
4. നിരവധി
5. വിശ്വസ്തൻ

## VI. തെറ്റ് തിരുത്താം:

വിശ്വസ്ഥൻ, ദിശാബോതം, ഭൂമുഹം, കധാപാത്രം, യുത്ഥകാലം, ഇഷ്ടവിബവം.

## VII. ഒന്നോ രണ്ടോ വരിയിൽ ഉത്തരമെഴുതാം:

1. 'പറവകൾക്കിടയിലെ മഹാത്ഭുതം' എന്ന് വിളിക്കുന്ന പക്ഷിയേത്? എന്തുകൊണ്ട്?
2. ഭൂമുഖത്ത് പ്രാവുകൾ ഇല്ലാത്തത് എവിടെയെല്ലാം?
3. പ്രാവുകൾക്ക് ദിശാബോധം ലഭിക്കുന്നതെങ്ങനെ?
4. അടുത്ത കാലത്ത് പ്രാവുകളെ എന്തിനെല്ലാം പരിശീലിപ്പിക്കുന്നു?

## VIII. നാലോ അഞ്ചോ വരികളിൽ ഉത്തരമെഴുതാം:

1. പ്രാവുകളുടെ ശരീരഘടന വിവരിക്കുക?
2. പുരാണ കഥകളുമായി പ്രാവുകൾക്കുള്ള ബന്ധം വിശദമാക്കുക?
3. സന്ദേശവാഹകരെന്ന നിലയിൽ പ്രാവുകളുടെ സേവനം വിവരിക്കുക?

## IX. പ്രയോഗം:

1. മനുഷ്യർ ഇണക്കിവളർത്തുന്ന പക്ഷികൾ ഏതെല്ലാം?
2. എന്തിനുവേണ്ടിയാണ് മനുഷ്യർ പക്ഷികളെ ഇണക്കി വളർത്തുന്നത്?

## X. പട്ടികയാക്കാം:

| ക്രമ നമ്പർ | പക്ഷിയുടെ പേര് | എന്തിനുവേണ്ടി വളർത്തുന്നു |
|---|---|---|
| | | |

* പക്ഷികൾ മനുഷ്യനും പ്രകൃതിക്കും നല്കുന്ന സേവനങ്ങൾ എന്തെല്ലാമാണ്? ഊഹിച്ച് എഴുതിനോക്കൂ.
* നമ്മുടെ ദേശീയപക്ഷിയുടെ പേരെഴുതൂ.
* ഇണപ്പക്ഷികളെ വേട്ടയാടാനൊരുമ്പെട്ട വേടനെ പിന്തിരിപ്പിച്ചുകൊണ്ടാണ് ആദി മഹാകവി ജന്മമെടുത്തത്. അദ്ദേഹം ആരാണ്? അദ്ദേഹമെഴുതിയ കാവ്യം ഏതാണ്? അന്വേഷിച്ചു കണ്ടെത്തൂ.

## XI. തൂവൽ ആൽബം :

വിവിധയിനം പക്ഷികളുടെ തൂവൽ ശേഖരിച്ച് ഒരു തൂവൽ ആൽബം ഉണ്ടാക്കാം. ഒരു പേജിൽ ഒരു തൂവൽ. തൂവലിന്റെ ഉടമയായ പക്ഷിയുടെ പേര്. മറുവശത്ത്

പക്ഷിയെപ്പറ്റി അറിയാവുന്ന കാര്യങ്ങൾ എന്തൊക്കെയാവാം?

* പക്ഷിയുടെ ചിത്രം
* ആവാസസ്ഥലം
* ഭക്ഷണശീലങ്ങൾ
* കൊക്കിന്റെ ആകൃതി (വരയ്ക്കാം)
* കാലുകളുടെ ആകൃതി (വരയ്ക്കാം)

പക്ഷിനിരീക്ഷണം ഒരു ഹോബിയാക്കിക്കൂടെ.. .. ..
ദേശാടനക്കിളികൾ, പക്ഷിസങ്കേതങ്ങൾ ഇവയെക്കുറിച്ച് അറിയാൻ ശ്രമിക്കൂ.. .. ..

## XII. പാടിരസിക്കുവാനൊരക്ഷരപ്പാട്ട് :

| | | |
|---|---|---|
| അ | – | അമ്മ അന്നം അറിവ് |
| ആ | – | ആനയെഴുന്നള്ളത്ത് |
| ഇ | – | ഇല്ലം വല്ലം നിറനിറ |
| ഈ | – | ഈണം ഈരേഴുലകം |
| ഉ | – | ഉണരുക ഉയരുക വാനിൽ |
| ഊ | – | ഊറ്റം ഊനം മൗനം |
| എ | – | എതിര് കതിര് പതിര് |
| ഏ | – | ഏലം പൂക്കണ മലയും |
| ഐ | – | ഐക്യം ഐരാവതവും |
| ഒ | – | ഒന്ന് ഒരുവൻ ഒടുക്കം |
| ഓ | – | ഓണം ഓലേഞ്ഞാലി |
| ഔ | – | ഔചിത്യത്തിൻ മികവ് |
| അം | – | അമ്പരമമ്പിളിമാമൻ |

## പാടി രസിക്കുവാനൊരക്ഷരപ്പാട്ട് :

**കചടതപ.. .. .. .. .. .. .. .. .. കചടതപ..**
**കുറച്ചെനിക്കേട്ടാ കദളിപ്പഴം.**
**ഖഛഠഥഫ.. .. .. .. .. .. ..ഖഛഠഥഫ**
**കയ്ക്കുന്നിതനിയാ കദളിപ്പഴം..**
**ഗജഡദബ.. .. .. .. .. .. ..ഗജഡദബ**
കയ്പെനിക്കിഷ്ടമാണേറെയേട്ടാ..
ഘഝഢധഭ.. .. .. .. .. ..ഘഝഢധഭ..
ലവലേശം കൊടുത്തില്ല കൊതിയനേട്ടൻ
ങഞണനമ.. .. .. .. .. ..ങഞണനമ..
കിണു കിണെ കിണുങ്ങി കുഞ്ഞനിയൻ.

**–കുഞ്ഞുണ്ണി**

**ഉദാഹരണത്തിലെപ്പോലെ പദങ്ങൾ കണ്ടെത്തൂ :**

| | | | | | |
|---|---|---|---|---|---|
| അ | അമ്മ | അന്നം | അറിവ് | അപ്പം | അച്ഛൻ |
| ആ | ആന | | | | |
| ഇ | | | | | |
| ഈ | | | | | |
| ഉ | | | | | |
| ഊ | | | | | |
| എ | | | | | |
| ഏ | | | | | |
| ഐ | | | | | |
| ഒ | | | | | |
| ഓ | | | | | |
| ഔ | | | | | |
| അം | | | | | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| യ | ര | ല | വ | ശ | ഷ | സ | ഹ | ള | ഴ | റ |

**പൂരിപ്പിക്കുക :**

| | | | |
|---|---|---|---|
| ക | ക്ക | ങ | ങ്ങ |
| ച | | ഞ | |
| ട | | ണ | |
| ത | | ന | |
| പ | | മ | |

| | | | | | |
|---|---|---|---|---|---|
| യ | ല | വ | ശ | സ | ള |
| യ്യ | | | | | |



# ഉപമന്യു

അഭിമന്യുവിനെക്കുറിച്ച് കേട്ടിട്ടുണ്ടാവും. പക്ഷേ ഉപമന്യുവിനെക്കുറിച്ച് കേട്ടിട്ടുള്ളവർ ചുരുക്കം. ഇയാൾ അഭിമന്യുവിന്റെ ബന്ധുവൊന്നുമല്ല പക്ഷേ മഹാഭാരതം ആദിപർവ്വത്തിലെ ഒരു ഉപകഥയിലെ കഥാപാത്രമാണ്.



ഗുരുശിഷ്യബന്ധത്തിന്റെ ഈ കഥയിൽ ശിഷ്യന്മാർ തങ്ങളുടെ അദ്ധ്യാപകരോട് എത്രമാത്രം ബഹുമാനമുള്ളവരായിരിക്കണം എന്ന് ഉൽബോധിപ്പിക്കുന്നു.

ധൗമ്യ മഹർഷിയുടെ മൂന്നു ശിഷ്യന്മാരായിരുന്നു ആരുണി, ഉപമന്യു, വേദൻ എന്നിവർ. ഉപമന്യുവിന് ഗുരു ഏൽപ്പിച്ച ജോലി പശുക്കളെ മേക്കുക എന്നതായിരുന്നു. ദിവസവും പാഠങ്ങളൊക്കെ പഠിച്ചശേഷം ഗുരുവിന്റെ കുറെ പശുക്കളേയും കിടാങ്ങളേയും മേയ്ച്ച് ദൂരെയുള്ള ഒരു പുൽമേട്ടിൽ കൊണ്ടുപോകും. വൈകുന്നേരം അവയെ തിരിച്ച് ആശ്രമത്തിൽ കൊണ്ടുവന്നു കെട്ടും. എന്നിട്ട് ഗുരുവിനോട് സമ്മതം വാങ്ങി സന്ധ്യാപൂജകൾക്കും ഉറക്കത്തിനുമായി പോകും. ഇതായിരുന്നു പതിവ്.

ഇതിനിടെ ഭക്ഷണം കഴിക്കുന്ന കാര്യം കഥാകാരൻ മറന്നതാവും എന്നല്ലേ. അല്ല! കഥ അതാണ്. ആശ്രമത്തിൽനിന്ന് ഉപമന്യുവിന് ഒന്നും കിട്ടാറില്ല. എന്തോ ധൗമ്യമഹർഷി മനസ്സിലുറപ്പിച്ചതുപോലെയാണ്. ഉപമന്യു ചോദിക്കാറുമില്ല. ഗുരു പറയാറുമില്ല. മറ്റു ശിഷ്യരോടും അവൻ പരാതി പറഞ്ഞില്ല. നിശ്ശബ്ദനായി പഠനവും കാലിമേക്കലും ഗുരുപൂജയും തുടർന്നു. കുറെ ദിവസങ്ങൾ കഴിഞ്ഞു. ഉപമന്യുവിന്റെ ശരീരത്തിന് ക്ഷീണമൊന്നുമില്ല. ഗുരുവിന് അത്ഭുതമായി. കാരണമന്വേഷിച്ചു. അവൻ പറഞ്ഞു, "പശുക്കളെ മേയാൻ വിട്ടിട്ട് ഞാൻ ഭിക്ഷയെടുക്കും. അത് ഭക്ഷിച്ച് കഴിയുകയാണ്."

ഗുരു പറഞ്ഞു, "നീ ഒരു നല്ല ശിഷ്യനല്ല. എന്തു കിട്ടിയാലും അത് ഗുരുവിനാണ് ആദ്യം നൽകേണ്ടത് എന്ന് പഠിപ്പിച്ചിട്ടില്ലേ." ഉപമന്യു തലകുലുക്കി സമ്മതിച്ചു, "അങ്ങനെയാവാം." ഗുരു ഉള്ളിൽ പുഞ്ചിരിച്ചു. മിടുക്കൻ. പിറ്റേന്നു മുതൽ ഒരു പൊതിക്കെട്ടിൽ, കിട്ടുന്ന ഭക്ഷണം ഗുരുവിനെ ഏല്പിച്ചുപോന്നു. നാളുകൾ കഴിഞ്ഞു ഉപമന്യുവിന് ക്ഷീണമൊന്നുമില്ല. ഗുരു ചോദിച്ചു, "ഇപ്പോഴും നിന്റെ ശരീരത്തിന് കോട്ടമൊന്നുമില്ലല്ലോ. നീ ഞാനറിയാതെ ഭിക്ഷയെടുത്ത് ഭക്ഷിക്കുന്നുണ്ടോ?"

ഉപമന്യു നിഷേധാർത്ഥത്തിൽ തലയാട്ടി. എന്നിട്ടു പറഞ്ഞു, "ഭിക്ഷയെടുക്കുന്നത് താങ്കൾക്കു നൽകും. വിശക്കുമ്പോൾ പശുക്കളുടെ പാലു കുടിക്കും."

ഗുരു കണ്ണുരുട്ടി, "നിന്നെ പശുക്കളെ നോക്കാൻ അയച്ചത് നീ വിശ്വസ്തനാണെന്നു കരുതിയാണ്. പക്ഷെ ഇപ്പോൾ നീ ചെയ്യുന്നത് മോഷണമാണ്. ഏതായാലും സത്യം പറഞ്ഞ സ്ഥിതിക്ക് നിനക്കു ശിക്ഷയില്ല. പക്ഷെ മേലിൽ പശുക്കളെ കറന്ന് പാലു കുടിക്കരുത്." ഗുരുവിനെ ദൈവത്തിനു തുല്യം കരുതിയ ഉപമന്യു സമ്മതിച്ചു. ഗുരു അപ്പോഴും മനസിൽ ഊറിച്ചിരിച്ചു. ഇനിയെന്തു ചെയ്യും, വെള്ളം മാത്രം കുടിച്ച് എത്ര നാൾ കഴിയും. ആരോടും ഒന്നും വാങ്ങിക്കഴിക്കാൻ പറ്റില്ല. വാങ്ങിയാൽ അത് ഗുരുവിനു കൊടുക്കണം. ദിവസവും ഭിക്ഷയെടുക്കും. വിശക്കുന്ന വയറുമായി തെറ്റു ചെയ്യാൻ പ്രേരിപ്പിക്കുന്ന മനസ്സിനോട് മല്ലിട്ട് അതിനെ തോൽപ്പിച്ച് വേണം കിട്ടുന്നത് ഗുരുവിനു കൊണ്ടുപോയികൊടുക്കാൻ.

മനസ്സു ചഞ്ചലമാണ്. കൈയിൽ ഭക്ഷണമുണ്ട്. വിശന്നുപൊരിയുമ്പോഴും ഉപമന്യു അത് തൊടാറില്ല. ഗുരുവിന്റെ ആജ്ഞയാണ്. ധിക്കരിക്കരുത്. ജീവിക്കണമല്ലോ. ആരും ഭക്ഷിക്കാത്ത പച്ചിലകൾ തേടിപ്പിടിച്ച് തിന്നു വിശപ്പടക്കും. ഭക്ഷണയോഗ്യമായ തെന്താണെങ്കിലും അത് ഗുരുവിനു നൽകണം. എന്തിന്? ഏതിന്? ഉപമന്യു ചോദിച്ചില്ല. അനുസരിച്ചു. അത്രമാത്രം.

ഒരിക്കൽ ഒരു ചെടി വലിച്ചൊടിച്ച് ഇലയുതിർക്കുന്നതിനിടെ ആ ചെടിയുടെ കറ(പാൽ) കണ്ണിൽ വീണ് അവന്റെ കാഴ്ച നഷ്ടപ്പെട്ടു. കരഞ്ഞു വിളിച്ചുകൊണ്ട് അവൻ പശുക്കളുടെ അടുത്തെത്തി. എങ്ങനെയെങ്കിലും പശുക്കളെ ആശ്രമത്തിലെത്തിക്കണം. സന്ധ്യയായി. പശുക്കൾ തൊഴുത്തിലെത്തി. ഉപമന്യുവിനെ കാണുന്നില്ല. ധൗമ്യമഹർഷിക്ക് ദുഃഖവും സംശയവും തോന്നി. ഒരു പക്ഷെ ഉപമന്യു ആശ്രമം വിട്ടു പോയിട്ടുണ്ടാകുമോ? ഹേയ്.. .. ഇല്ല.. ..തന്റെ പരീക്ഷകളെ ജയിക്കാനുള്ള മന:സ്ഥൈര്യമുള്ളവനാണവൻ. വിശന്ന് വല്ലയിടത്തും വീണിട്ടുണ്ടാവുമോ.

മഹർഷി മറ്റു ശിഷ്യന്മാരേയും കൂട്ടി അന്വേഷണം തുടങ്ങി. ആശ്രമത്തിന്റെ മുന്നിലെ പൊട്ടക്കിണറ്റിന്നടുത്ത് ചെന്നപ്പോൾ ആരോ കരയുന്ന ശബ്ദം കേട്ടു. വിളിച്ചപ്പോൾ കിണറ്റിന്നുള്ളിൽനിന്നും ഉപമന്യു വിളികേട്ടു. കണ്ണുകാണാതായപ്പോൾ പശുക്കളേയുംകൂട്ടി ആശ്രമത്തിലേക്കു പോന്നതാണ്. വഴി ശീലമുള്ള പശുക്കൾക്കു പിന്നാലെ പോന്ന് ഈ കിണറ്റിൽ വീണു. അപ്പോഴും ഗുരു അവനെ രക്ഷിക്കാൻ ശ്രമിച്ചില്ല. ശിഷ്യന്മാർക്ക് അല്പം ദേഷ്യം തോന്നി. ഒരു ചെറു ചിരിയോടെ തിരിഞ്ഞു നടക്കുമ്പോൾ ഗുരു പറഞ്ഞു, ''നീ അശ്വിനീദേവകളെ വിളിച്ചു പ്രാർത്ഥിക്കുക.''

ഉപമന്യു ദേവവൈദ്യന്മാരായ അശ്വിനീ ദേവകളെ വിളിച്ചു പ്രാർത്ഥന തുടങ്ങി. ദേവന്മാർ പ്രത്യക്ഷപ്പെട്ടു. അവർ അവന് ഭക്ഷിക്കാൻ ഒരു അപ്പം കൊടുത്തു. പക്ഷേ അവനതു തിന്നില്ല. എന്റെ ഗുരുവിനാണതു കൊടുക്കേണ്ടത്. അദ്ദേഹത്തിന്റെ ആജ്ഞയ്ക്കു വിപരീതമായി ഞാനൊന്നും ചെയ്യില്ല. അവന്റെ വാശിക്കു മുമ്പിൽ ദേവന്മാർ ശിരസു നമിച്ചു. അവന്റെ കണ്ണുകൾക്ക് കാഴ്ച കിട്ടി. സർവ്വൈശ്വര്യങ്ങളും വന്നു ഭവിക്കട്ടെ എന്നനുഗ്രഹിച്ച് കിണറ്റിനു പുറത്തു കൊണ്ടുവന്നു. ആശ്രമത്തിൽ അവനെ സ്വീകരിക്കാൻ ഗുരു കാത്തിരുന്നു. സമൃദ്ധമായ ഭക്ഷണം നൽകി അവനെ അനുഗ്രഹിച്ച് ഗുരു മറ്റു ശിഷ്യന്മാരോടായി പറഞ്ഞു.

''ഗുരുക്കന്മാരെ എങ്ങനെ അനുസരിക്കണം എന്നതിന്റെ ഉത്തമോദാഹരണമാണ് ഉപമന്യു. ഗുരുവചനം ശിരസാ വഹിക്കുന്ന ശിഷ്യന് സർവ്വൈശ്വര്യങ്ങളും ഉണ്ടാകും എന്നു തെളിയിക്കാനായിരുന്നു ഈ പരീക്ഷ. ഇതിൽ എന്റെ പ്രിയ ശിഷ്യൻ വിജയിച്ചു.''

നല്ല ഗുരു. നല്ല ശിഷ്യൻ അല്ലേ.. ..

# മൃഗശാല

സിപ്പി പള്ളിപ്പുറം

പല പല ചിത്രവിചിത്ര മൃഗങ്ങൾ
പലപല വർണ്ണപതംഗങ്ങൾ
കാഴ്ചക്കാരുടെ കണ്ണും കരളും
കവരുകയാണീ മൃഗശാല!

കൊമ്പൻമീശ വിറപ്പിക്കുന്നു
വമ്പന്മാരാം ചെമ്പുലികൾ
കാട്ടിലെ ഭാവം കൂട്ടിനകത്തും
കാട്ടിനടപ്പൂ മൃഗരാജൻ

പുള്ളിപ്പട്ടു പുതച്ചുകുണുങ്ങും
പുള്ളിക്കലമാൻ കുഞ്ഞുങ്ങൾ
കട്ടിക്കമ്പിളി ചുറ്റിയുലാത്തും
കൂറ്റൻ കരടിക്കുട്ടന്മാർ



എത്ര മനോഹര;മെത്രഭയാനക
മെത്രരസാത്മകമീ രംഗം
കണ്ടാലാരും ഞെട്ടിത്തിരിയും
കാണ്ടാമൃഗവും കടുവകളും
കഴുതപ്പുലിയും കരിമന്തികളും
കഴുതകളും നൽക്കുതിരകളും

ചെമ്പൻകരടികൾ ചെമ്മരിയാടുകൾ
സുന്ദരിമാരാം സീബ്രാകൾ

കാട്ടാറുകളെ കളിവീടാക്കിയ
'ഹിപ്പോ'യെന്നൊരു കെങ്കേമൻ

എത്ര മനോഹര;മെത്രഭയാനക
മെത്രരസാത്മകമീ രംഗം

കൂനുപിടിച്ചൊരുപാവത്താനായ്
ഒട്ടകമങ്ങനെനിൽക്കുന്നു

തേറ്റകളുള്ളൊരു പന്നിക്കൂറ്റൻ
കോപം പൂണ്ടു വിറയ്ക്കുന്നു

ഒത്തിരി നീണ്ട കഴുത്തും നീട്ടി
'ജിറാഫമ്മാ'വനുലാത്തുന്നു

കരിമലപോലൊരു കൊമ്പൻ വമ്പൻ
കൊമ്പുകുലുക്കി രസിക്കുന്നു



എത്ര മനോഹര;മെത്രഭയാനക
മെത്രരസാത്മകമീ രംഗം

മഴവിൽപ്പൂമ്പൊടി വാരിപ്പൂശിയ
ചേലേറുന്ന പതംഗങ്ങൾ

പത്തിവിരുത്തി തത്തിത്തത്തി-
ത്താളം തുള്ളും നാഗങ്ങൾ

പല പല ചിത്രവിചിത്ര മൃഗങ്ങൾ
പലപല വർണ്ണപതംഗങ്ങൾ

കാഴ്ചക്കാരുടെ കണ്ണും കരളും
കവരുകയാണീ മൃഗശാല!

## അഭ്യാസം

### I. അർത്ഥം കണ്ടെത്താമോ :

ചിത്രം, വിചിത്രം, വർണ്ണം, പതംഗം, കവരുക, രംഗം, വമ്പൻ, കലമാൻ, ഉലാത്തുക, കൂറ്റൻ, ഭയാനകം, രസാത്മകം, ചേലേറും, നാഗം, കാഴ്ചക്കാർ.

### II. പിരിച്ചെഴുതുക :

കരടിക്കുട്ടൻ = ______ + ______
ചേലേറുന്ന = ______ + ______
വാരിപ്പൂശിയ = ______ + ______
കണ്ടാലാരും = ______ + ______
കവരുകയായ് = ______ + ______

### III. ചേർത്തെഴുതുക :

| | | | | |
|---|---|---|---|---|
| ചുറ്റി | + | ഉലാത്തും | = | ______________ |
| പുള്ളി | + | പട്ട് | = | ______________ |
| തത്തി | + | തത്തി | = | ______________ |
| മഴവിൽ | + | പൂമ്പൊടി | = | ______________ |
| ഞെട്ടി | + | തിരിയും | = | ______________ |

### IV. പര്യായ പദം എഴുതുക :

വർണ്ണം, ______________, ______________.

പുലി, ______________, ______________.

കരടി, ______________, ______________.

കോപം ______________, ______________.

നാഗം ______________, ______________.

### V. നാനാർത്ഥം എഴുതുക :

ആറ് ______________, ______________

വർണ്ണം ______________, ______________

### VI. പൂരിപ്പിക്കുക :

1. നീണ്ട കഴുത്തുനീട്ടി______________ഉലാത്തുന്നു
2. മഴവിൽപ്പൂമ്പൊടി വാരിപ്പൂശിയത്______________ആണ്.
3. ______________ആണ് പത്തിവിരുത്തി താളം തുള്ളുന്നത്.
4. കൂനുപിടിച്ചൊരു പാവത്താനാണ്______________.
5. കാട്ടാറുകളെ കളിവീടാക്കിയ കെങ്കേമൻ______________ആണ്.

### VII. ഒന്നോ രണ്ടോ വരികളിൽ ഉത്തരമെഴുതുക :

1. കാഴ്ചക്കാരുടെ കണ്ണും കരളും കവരുന്നതെന്താണ്?
2. വമ്പന്മാരായ ചെമ്പുലികൾ എന്താണു ചെയ്യുന്നത്?
3. മൃഗരാജൻ കൂട്ടിനകത്ത് എന്താണു ചെയ്യുന്നത്?
4. കലമാൻകുഞ്ഞുങ്ങളും കരടിക്കുട്ടന്മാരും മൃഗശാലയിൽ എന്തെല്ലാം ചെയ്യുന്നു എന്നാണു പറഞ്ഞിരിക്കുന്നത്?
5. മൃഗശാലയിലെ രംഗം എപ്രകാരമാണ്?
6. കണ്ടാലാരേയും ഞെട്ടിക്കുന്ന മൃഗങ്ങളേതെല്ലാമാണ്?
7. 'പന്നിക്കൂറ്റനും','ജിറാഫമ്മാവനും',കൊമ്പനും മൃഗശാലയിൽ എന്തെല്ലാമാണ് ചെയ്യുന്നത് ?

## VIII. ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക :

1. മൃഗശാലയിൽ നിങ്ങൾ കാണുന്ന മൃഗങ്ങൾ ഏതെല്ലാം?
2. മൃഗങ്ങളല്ലാതെ മറ്റെന്തെല്ലാം ജീവികൾ അവിടെ ഉണ്ടായിരുന്നു?

## IX. പ്രവർത്തനം :

പാഠഭാഗത്തെ ആസ്പദമാക്കി താഴെ തന്ന പട്ടികപൂരിപ്പിക്കുക

| മൃഗം | ഭക്ഷണം | വെള്ളം കുടിക്കുന്ന രീതി | പല്ല്, നഖം, എന്നിവയുടെ പ്രത്യേകത |
|---|---|---|---|
| പൂച്ച | മാംസഭുക്ക് | നക്കിക്കുടിക്കുന്നു | കോമ്പല്ല്<br>കൂർത്ത നഖങ്ങൾ |

## X. ഈ മൃഗശാലയിൽകണ്ട മൃഗങ്ങളെ സസ്യഭുക്ക്,മാംസഭുക്ക്,മിശ്രഭുക്ക് എന്നി ങ്ങനെ പട്ടികയാക്കുക :

* മൃഗശാലയിൽ നിങ്ങൾ കണ്ട ജീവികളുടെ ചിത്രങ്ങൾ ശേഖരിക്കുക.
* നിങ്ങളുടെ ഭാവനയിൽ ഉള്ള ഒരു മൃഗശാലയുടെ മാതൃക ഉണ്ടാക്കാൻ ശ്രമിക്കുക.
* കൂട്ടിലടക്കപ്പെട്ട ഏതെങ്കിലും ഒരു ജീവിയുടെ മനോഭാവം നിങ്ങളുടെ ഭാവനയിൽ എഴുതുക.



# ക്ലിന്റിന് സ്നേഹപൂർവം

എഡ്മണ്ട് തോമസ് ക്ലിന്റ്. പ്രസിദ്ധനായ ചിത്രകാരൻ.മഹാനായ കലാകാരൻ. ഏഴുവയസ്സെത്തുംമുമ്പേ ഇരുപതിനായിരത്തില്പരം ചിത്രങ്ങൾ സമ്മാനിച്ചുപോയ അദ്ഭുതബാലൻ. മലയാളത്തിന്റെ അഭിമാനമായ ക്ലിന്റ്.



കമിഴ്ന്നുകിടന്ന് ഇഴഞ്ഞുനടക്കുന്ന പ്രായത്തിൽ കയ്യിൽകിട്ടിയ ചുടു കല്ലിന്റെ കഷ്ണം കൊണ്ട് അവൻ തറയിൽ കുത്തിവരയ്ക്കാൻ തുടങ്ങി. ഇരിക്കാൻ തുടങ്ങിയപ്പോൾ അച്ഛൻ കൊടുത്ത ചോക്കുകൊണ്ട് ആ കുട്ടി ഭിത്തിയിൽ വ്യക്തമായ രൂപങ്ങൾ വരച്ചു.ഏറെക്കാലം കൊണ്ടുനേടിയ പരിചയമുള്ള ഒരാളെപ്പോലെ അവൻ വളരെ വേഗത്തിൽ വരച്ചുവരച്ചു നീങ്ങി. വീട്ടിൽ കൈ എത്തുന്നിടത്തെല്ലാം ക്ലിന്റിന്റെ ചിത്രങ്ങളായി.

കുറെക്കൂടി വളർന്നപ്പോൾ ചുടുകല്ലിനും ചോക്കിനും തറയ്ക്കും ചുവരിനും പകരം അവന് വാക്സ്ക്രയോൺസും ഓയിൽ പേസ്റ്റൽസും പെൻസിലും വാട്ടർകളറും ബ്രഷും കടലാസും കിട്ടി. വരകളുടെയും വർണ്ണങ്ങളുടെയും വിശാലമായ ആകാശത്തിൽ അവൻ ഇഷ്ടം പോലെ പാറിപ്പറക്കാൻ തുടങ്ങി.

1976 മേയ് 19–ാംതീയതി ഇടപ്പള്ളിയിലാണ് ക്ലിന്റ് ജനിച്ചത്. അച്ഛൻ എം.റ്റി.ജോസഫ്. അമ്മയുടെ പേര് ചിന്നമ്മ. കണ്ണിൽ കാണുന്നതെന്തും വരയ്ക്കുന്ന പ്രകൃതക്കാരനായി ക്ലിന്റ് വളർന്നുവന്നു.അറിയാറായപ്പോൾ മുതൽ ഉദിച്ചുയരുന്ന സൂര്യനെനോക്കി ഇരിക്കുക അവൻ പതിവാക്കി. പ്രകൃതി ഭംഗികൾ അവൻ കടലാസിൽ പകർത്തി.

വരയ്ക്കുവാനുള്ള വിഷയങ്ങൾക്കു വേണ്ടി ക്ലിന്റ് അച്ഛനെയും അമ്മയെയും ശല്യപ്പെടുത്തും. അവർ അവരുടെ അനുഭവങ്ങളും അവർക്കറിയാവുന്ന കഥകളും കുട്ടിക്കു പറഞ്ഞു കൊടുത്തു. കഥ തീരുന്നതിനു മുമ്പു തന്നെ അവൻ അതു വരച്ചു തീർക്കും. രാത്രി എത്ര ഇരുട്ടിയാലും കഥകൾ കേട്ടു മതിവരാതെ അവൻ ചോദിക്കും: ഇനി...ഇനി... അവർ അവനെ ഉറക്കാൻ ശ്രമിക്കും. അപ്പോൾ പിണക്കമായി.

അമ്മ പുരാണകഥകൾ വായിച്ചു കേൾപ്പിക്കാൻ തുടങ്ങിയതോടെ ആ ഇളം മനസ്സിന് പ്രത്യേകമായ ഉന്മേഷം തോന്നി. ഗണപതിയെയും ഭീമനെയും അർജ്ജുനനെയും അഭിമന്യുവിനെയും അവൻ ഭാവനയിൽ കണ്ടു. അവയെല്ലാം കടലാസിൽ ചിത്രങ്ങളായി. മഹാഭാരതയുദ്ധം പോലും ആ കുരുന്നു പ്രതിഭയിൽ തെളിഞ്ഞു. വന്യജീവികളും ഉത്സവമേളങ്ങളും അവന്റെ രചനയ്ക്കു വിഷയമായി.

രണ്ടു വയസ്സായപ്പോഴേക്കും മലയാളം വായിച്ചു മനസ്സിലാക്കാൻ ക്ലിന്റിനു സാധിച്ചു. നാലാം വയസ്സെത്തിയപ്പോൾ ഇംഗ്ലീഷു പഠിച്ചു. കുട്ടികൾക്കുള്ള കഥകൾ കവിതകൾ എന്നുവേണ്ട കയ്യിൽ കിട്ടിയതൊക്കെ വായിക്കുകയും അപ്പോഴൊക്കെ മനസ്സിൽ തെളിയുന്ന ചിത്രങ്ങൾ കടലാസിൽ വരയ്ക്കുകയും ചെയ്തു. ശിബി ചക്രവർത്തിയെയും പറക്കും കുതിരയേറി വരുന്ന രാജാവിനെയും ധ്യാനിച്ചിരിക്കുന്ന ശിവനെയും എലിയുടെപുറത്തു സവാരി ചെയ്യുന്ന ഗണപതിയെയും അവൻ വരച്ചു.

മൂന്നാമത്തെ വയസ്സിൽ ക്ലിന്റിന് വൃക്കരോഗം ബാധിച്ചു. ദീർഘനാളത്തെ ചികിത്സകൊണ്ട് രോഗം മാറി. അസുഖം കാരണം അഞ്ചുവയസ്സായപ്പോൾ മാത്രമാണ് കുട്ടിക്ക് സ്കൂളിൽ പോകാൻ സാധിച്ചത്. നേഴ്സറി ക്ലാസിലെ പാഠങ്ങൾ പഠിക്കാൻ അവന് ഒട്ടും പ്രയാസം തോന്നിയില്ല. അധ്യാപകർക്കും സഹപാഠികൾക്കുമെല്ലാം ക്ലിന്റിന്റെ ചിത്രങ്ങൾ വേണം. വീട്ടിലെ അതിഥികൾക്കുമുണ്ട് ബാലന്റെ സമ്മാനം. അവൻ അപ്പോൾ വരയ്ക്കുന്ന ചൂടുള്ള ചിത്രങ്ങൾ, വലതുകൈകൊണ്ടും ഇടതുകൈകൊണ്ടും വരക്കുന്ന ചിത്രങ്ങൾ.



വായന, ചിത്രരചന, ഭക്ഷണം, ഉറക്കം, പഠനം, കളികൾ ഇങ്ങനെ എല്ലാ കാര്യങ്ങളും മുതിർന്നവരെക്കാൾ അടുക്കും ചിട്ടയോടുംകൂടിയാണ് ക്ലിന്റ് ചെയ്തു പോന്നിരുന്നത്. പ്രത്യേകിച്ചാരുമൊന്നും പറഞ്ഞുകൊടുക്കേണ്ടതില്ല. എല്ലാം സ്വയം തോന്നി അങ്ങു ചെയ്യുകയാണ്. ചിത്രരചനയ്ക്കാണ് ഏറ്റവും കൂടുതൽ ൽമയം ചെലവാക്കുന്നത്. ഉറക്കത്തിന് നന്നേ കുറച്ചുസമയം മതി. ഉറങ്ങിപ്പോയാൽ ചിത്രം വരയ്ക്കാനുള്ള സമയം നഷ്ടമായാലോ?

സസ്യാഹാരത്തെക്കാൾ മാംസാഹാരമാണ് ക്ലിന്റിനു പ്രിയം. ആഹാരം കഴിഞ്ഞാൽ അല്പസമയം, അകന്നു പോകുന്ന പക്ഷികളെ ബൈനോക്കുലറിലൂടെ നോക്കിയിരിക്കുക രസം തന്നെ.

പങ്കെടുത്ത പതിമൂന്നു ചിത്രരചനാമത്സരങ്ങളിലും ക്ലിന്റ് സമ്മാനാർഹനായി. 1983 ഫെബ്രുവരിയിൽ യൂണിവേഴ്സൽ ആർട്സ് കോഴിക്കോട്ടു വച്ചു നടത്തിയ അഖില കേരള മത്സരത്തിൽ പതിനെട്ടു വയസ്സിൽ താഴെ പ്രായമുള്ള പതിനായിരത്തോളം ചിത്രകാരന്മാരെ പിൻതള്ളി ക്ലിന്റ് ഒന്നാം സമ്മാനം നേടി. പൂരം എന്ന ചിത്രമാണ് അവൻ വരച്ചത്. ബെസ്റ്റ് ചൈൽഡ് ആർട്ടിസ്റ്റിനുള്ള മാതൃഭൂമിയുടെ സ്വർണ്ണ മെഡലും തിയോസഫിക്കൽ സൊസൈറ്റിയുടെ ഷീൽഡും ആ മത്സരത്തിൽ ക്ലിന്റിനു ലഭിച്ചു.

1983 ഏപ്രിൽ 14–ാം തീയതി ഉച്ച കഴിഞ്ഞ് മൂന്നു മണിയോടെ അമ്മയോടു കഥകൾ പറഞ്ഞു രസിച്ചിരിക്കെ ക്ലിന്റിന് പെട്ടെന്ന് ഒരു വല്ലായ്മ തോന്നി. അവൻ അമ്മയോടു പറഞ്ഞു “അമ്മേ, ഇടയ്ക്കിടെ എന്നെ വിളിക്കല്ലേ, ഞാൻ ചെറുതായൊന്നു മയങ്ങട്ടെ.” ക്ലിന്റിന് ബോധക്ഷയം ഉണ്ടായി. ഉടൻതന്നെ ആശുപത്രിയിൽ എത്തിച്ചു.

ഒരു ജന്മംകൊണ്ട് ചെയ്യാവുന്ന ജോലികളെല്ലാം ഏഴുവയസ്സെത്തും മുമ്പേ ചെയ്തു തീർത്തിരുന്ന ക്ലിന്റിനു തിരിച്ചു പോകാൻ സമയം അടുത്തു കഴിഞ്ഞിരുന്നു. 15–ാം തീയതി രാവിലെ 10 മണിക്ക് മഹാനായ ആ ബാലചിത്രകാരൻ സ്വർണ്ണച്ചിറകു വീശി സ്വർഗ്ഗത്തിലേക്കു പറന്നുപോയി.

ക്ലിന്റിന്റെ പേരിൽ വർഷം തോറും വയനാട്ടിലും കൊച്ചിയിലും ബാലചിത്രരചനാ മത്സരങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. പ്രീയപ്പെട്ട ക്ലിന്റ്, നിന്നെ ഞങ്ങൾ സ്നേഹിക്കുന്നു. ഞങ്ങൾ സ്നേഹപൂർവം പറയുന്നു, ഇല്ല കൂട്ടുകാരാ, നിനക്കൊരിക്കലും മരണമില്ല.

## അഭ്യാസം

### I. അർത്ഥം ഗ്രഹിക്കാം :

പ്രസിദ്ധൻ, പ്രകൃതം, ഭാവന, പ്രതിഭ, വന്യജീവി, സഹപാഠി, അതിഥി, പ്രിയം, അഖിലം, വല്ലായ്മ, ബോധക്ഷയം.

### II. പാഠഭാഗത്തു നിന്ന് വിപരീതപദങ്ങൾ കണ്ടെത്തുക :

| | | |
|---|---|---|
| അപമാനം | x | ____________ |
| അവ്യക്തം | x | ____________ |
| പകൽ | x | ____________ |
| ഇണക്കം | x | ____________ |
| സുഖം | x | ____________ |
| ഹ്രസ്വം | x | ____________ |
| തണുപ്പ് | x | ____________ |
| വരവ് | x | ____________ |
| അപ്രിയം | x | ____________ |
| അപ്രകൃതം | x | ____________ |

### III. വാക്യത്തിൽ പ്രയോഗിക്കുക :

അടുക്കും ചിട്ടയും, സമ്മാനാർഹൻ, സംഘടിപ്പിക്കുക, സ്നേഹപൂർവ്വം

### IV. തെറ്റു തിരുത്താം :

അബിമാനം, അദിതി, സങ്കടിപ്പിക്കുക, ഭോധക്ഷയം.

## V. ചേർത്തെഴുതാം :

| | | | | |
|---|---|---|---|---|
| മഹാൻ | + | ആയ | = | ______________ |
| പിണക്കം | + | ആയി | = | ______________ |
| പരിചയം | + | ഉള്ള | = | ______________ |
| ഉദിച്ച് | + | ഉയരുന്ന | = | ______________ |
| നഷ്ടം | + | ആയാലോ | = | ______________ |
| പാറി | + | പറക്കാൻ | = | ______________ |

## VI. പിരിച്ചെഴുതാം :

| | | | | |
|---|---|---|---|---|
| വിഷയമായി | = | ______________ | + | ______________ |
| ധ്യാനിച്ചിരിയ്ക്കുന്ന | = | ______________ | + | ______________ |
| തോന്നിയില്ല | = | ______________ | + | ______________ |
| ഉറങ്ങിപ്പോയാൽ | = | ______________ | + | ______________ |
| നിനക്കൊരിയ്ക്കലും | = | ______________ | + | ______________ |

## VII. ഒന്നോ രണ്ടോ വരികളിൽ ഉത്തരമെഴുതുക :

1. ക്ലിന്റ് മലയാളത്തിന്റെ അഭിമാനമായതെങ്ങനെ?
2. ക്ലിന്റ് ജനിച്ചത് എന്ന്? എവിടെ? അച്ഛനമ്മമാർ ആരെല്ലാം?
3. ക്ലിന്റിന്റെ ചിത്രരചനയുടെ തുടക്കം എങ്ങിനെയായിരുന്നു? പിൽക്കാലത്ത് ക്ലിന്റ് ചിത്രരചയ്ക്ക് എന്തെല്ലാം ഉപയോഗിച്ചു?
4. ക്ലിന്റിന് സ്കൂളിൽ പോകാൻ കാലതാമസം നേരിട്ടതെന്തുകൊണ്ട്?
5. ക്ലിന്റിനെ കേരളം ഓർമ്മിക്കുന്നതെങ്ങനെ?

## VIII. അഞ്ചുവരിയിൽ കവിയാതെ ഉത്തരമെഴുതുക :

1. ക്ലിന്റിന്റെ ചെറുപ്പകാലത്തെ ചിത്രരചനാരീതി വിവരിക്കുക.
2. ചിത്രരചനയ്ക്ക് ക്ലിന്റിന്റെ അച്ഛനമ്മമാർ സഹായിച്ചതെങ്ങനെ?
3. ക്ലിന്റ് പങ്കെടുത്ത ചിത്രരചനാമത്സരങ്ങളെ ക്കുറിച്ചെഴുതുക?
4. ക്ലിന്റ് ചിത്രരചനയ്ക്ക് തെരഞ്ഞെടുത്ത വിഷയങ്ങൾ എന്തെല്ലാം?

## IX. ഭാഷാപ്രയോഗം :

ക്ലിന്റിനെ വായിച്ചുവല്ലോ. ക്ലിന്റിനെ ഇഷ്ടപ്പെട്ടുവോ? ക്ലിന്റിനോട് നിങ്ങൾക്കുള്ളവികാരമെന്താണ്? അത്ഭുതം? സ്നേഹം? അകാലത്തിൽ പൊലിഞ്ഞുപോയതിനാൽ ദുഃഖം.. ? ക്ലിന്റിനോട് നിങ്ങൾക്ക് എന്തെല്ലാം പറയാനുണ്ട് എന്നതിന് ഒരു കത്തു തയ്യാറാക്കൂ.

ക്ലിന്റിന്റെ വ്യക്തിപരവിവരങ്ങൾ (Bio-Data ) തയ്യാറാക്കാം

1. പേര് :
2. അച്ഛന്റെ പേര് :
3. അമ്മയുടെ പേര് :
4. ജനനത്തീയതി :
5. ജനിച്ച സ്ഥലം :
6. വിദ്യാഭ്യാസം :
7. പ്രത്യേക കഴിവുകൾ :
8. ലഭിച്ച അംഗീകാരങ്ങൾ :

ഇനി നിങ്ങളുടെ വ്യക്തിപര വിവരം തയ്യാറാക്കൂ.

ക്ലിന്റിനെപ്പോലെ പ്രതിഭയുള്ള കൂട്ടുകാർ നിങ്ങളുടെ ഇടയിലും ഉണ്ടാവാം.. അവരുടെ പേരെഴുതി , തങ്ങളുടെ കഴിവുകൾ (ചിത്രകല, പാട്ട്, പ്രസംഗം, അഭിനയം, കഥ, കവിത) മെച്ചപ്പെടുത്താൻ എന്തെന്തു പ്രവർത്തനങ്ങൾ നടത്തുന്നു എന്നന്വേഷിച്ച് അന്വേഷണക്കുറിപ്പ് തയ്യാറാക്കുക. അന്വേഷണക്കുറിപ്പിൽ എന്തെല്ലാം ഉൾപ്പെടുത്താം. സുഹൃത്തിന്റെ പേര്, കുടുംബാംഗങ്ങളുടെ വിവരം , താമസിക്കുന്ന സ്ഥലം, കുടുംബ പശ്ചാത്തലം, താത്പര്യമുള്ള മേഖല, കഴിവുകൾ വളർത്താൻ നടത്തിയ പ്രവർത്തനങ്ങൾ, ആരെല്ലാം സഹായിക്കുന്നു, പ്രതിബന്ധങ്ങൾ, പ്രയാസങ്ങൾ...

**അടിക്കുറിപ്പ് തയ്യാറാക്കുക :**

* ക്ലിന്റിന്റെ ഫോട്ടോ കണ്ടുവല്ലോ. 7 വയസ്സിനുള്ളിൽ 20000-ലധികം ചിത്രങ്ങൾ വരച്ച മഹാ പ്രതിഭയുടെ ഫോട്ടോയ്ക്ക് ഒരു അടിക്കുറിപ്പ് തയ്യാറാക്കാം.

**വാർത്താപത്രിക ഉണ്ടാക്കാം :**

* പ്രശസ്തരും പ്രഗത്ഭരുമായ വ്യക്തികളുടെ വാർത്തകളും ചിത്രങ്ങളും പത്രങ്ങളിൽ വരാറുണ്ടല്ലോ. അത്തരം വാർത്തകളും ചിത്രങ്ങളുമടങ്ങിയ ഒരു വാർത്താ പത്രിക തയ്യാറാക്കാം.

**ആൽബം നിർമ്മിക്കാം :**

* ലോകപ്രശസ്ത ചിത്രകാരന്മാരുടെ കിട്ടാവുന്നത്ര ചിത്രങ്ങൾ ശേഖരിച്ച് ഒരു ആൽബം നിർമ്മിച്ചാലോ. ഒരു വശത്ത് ചിത്രവും മറുവശത്ത് ചിത്രകാരന്മാരെപ്പറ്റിയുള്ള വിവരങ്ങളുമാവാം.
  'എന്റെ ചിത്രപുസ്തകം'

* ചിത്രം വരയ്ക്കാനും നിറം കൊടുക്കാനും നിങ്ങൾക്കും അറിയാമല്ലോ. ഇഷ്ടമുള്ള വിഷയങ്ങളെ അടിസ്ഥാനമാക്കി ചിത്രം വരച്ചും നിറം കൊടുത്തും 'എന്റെ ചിത്രപുസ്തകം'തയ്യാറാക്കിക്കൂടേ...


കഥ

# സ്വർഗ്ഗദർശനം

ലക്ഷ്മീനാരായണൻ പാവമായിരുന്നു. എന്നും രാത്രിയിൽ ഉറങ്ങുന്നതിനു മുമ്പ് മുത്തശ്ശിയിൽനിന്നും കഥകൾ കേൾക്കുക അവന്റെ പതിവായിരുന്നു. മുത്തശ്ശി അവന് നാഗലോകം, പാതാളം, ഗന്ധർവലോകം, ചന്ദ്രലോകം, സൂര്യലോകം എന്നിവയെക്കുറിക്കുന്ന കഥകൾ കേൾപ്പിച്ചിരുന്നു.

ഒരിക്കൽ മുത്തശ്ശി സ്വർഗ്ഗലോകത്തെ കഥകൾ പറഞ്ഞുകേൾപ്പിച്ചു. സ്വർഗ്ഗലോക വർണ്ണന കേട്ടപ്പോൾ അവന് സ്വർഗ്ഗം കാണണമെന്ന ആഗ്രഹമുണ്ടായി.

മുത്തശ്ശി പറഞ്ഞു'നമുക്കു സ്വർഗ്ഗം കാണാൻ പറ്റില്ല.'അവന് സങ്കടമായി, കരഞ്ഞു കരഞ്ഞവൻ ഉറങ്ങി. ഉറക്കത്തിൽ അവൻ ഒരു സ്വപ്നം കണ്ടു. തിളങ്ങുന്ന വസ്ത്രങ്ങൾ ധരിച്ച ഒരു ദേവൻ അവന്റെ മുമ്പിൽ വന്നു നിന്ന് ഇങ്ങനെ പറഞ്ഞു.'കുട്ടി, നിനക്ക് സ്വർഗ്ഗം കാണാൻ ആഗ്രഹമുണ്ട് എന്നെനിക്കു മനസ്സിലായി. ഞാൻ സ്വർഗ്ഗലോകത്തെ ഒരു ദേവനാണ്. സ്വർഗ്ഗം കാണാൻ കുറച്ചു പണച്ചിലവുണ്ട്.'



"ഞാൻ മുത്തശ്ശിയോട് ചോദിച്ചു പണം വാങ്ങിത്തരാം". അവൻ പറഞ്ഞു "മുത്തശ്ശി നല്ല മുത്തശ്ശിയാണ് ഞാൻ ചോദിച്ചാൽ തരാതിരിക്കില്ല".

"പക്ഷേ, സ്വർഗ്ഗത്തിൽ ഭൂമിയിലെ പണം കൊണ്ട് കാര്യമില്ല. അവിടെ നന്മ തിന്മകളുടെയും പാപപുണ്യങ്ങളുടെയും പണമാണാവശ്യം. അത് ഈ ഭൂമിയിൽ നിന്നു തന്നെ ഉണ്ടാക്കുകയും വേണം. ഞാൻ നിന്നെ സഹായിക്കാം. നിനക്കു ഞാനൊരു കുടുക്ക തരാം. നല്ല കാര്യങ്ങൾ ചെയ്താൽ ഈ കുടുക്കയിൽ രൂപ തനിയെ വന്നു ചേരും. പക്ഷേ, ചീത്ത കാര്യങ്ങൾ ചെയ്താൽ കുടുക്കയിലെ രൂപ നഷ്ടപ്പെടും. അങ്ങനെ എന്ന് കുടുക്ക നിറയുന്നുവോ അന്നു നിനക്കു സ്വർഗ്ഗം കാണാം."

ലക്ഷ്മീനാരായണൻ ഉണർന്നു.തലഭാഗത്ത് ഒരു കുടുക്ക ഇരിക്കുന്നതവൻ കണ്ടു. അതിൽ ഒരു രൂപയുണ്ടായിരുന്നു. അതുകണ്ടവൻ സന്തോഷിച്ചു.

അന്നു മുത്തശ്ശി അവന് 25 പൈസ കൊടുത്തു. ആ പൈസയുമായി അവൻ വീട്ടിൽനിന്നിറങ്ങി.

വഴിക്ക് ഒരു രോഗിയായ പിച്ചക്കാരനെ കണ്ടു. കാണാത്തതുപോലെ കടന്നു പോകാൻ ശ്രമിക്കുന്നതിനിടയിൽ ക്ലാസ് ടീച്ചർ അടുത്തു വരുന്നതവൻ കണ്ടു. ഉടനെ പിച്ചക്കാരന്റെ അടുത്തു ചെന്ന് അവൻ ആ പൈസ അയാൾക്കു കൊടുത്തു. അവന്റെ നല്ല പ്രവൃത്തി  കണ്ട ടീച്ചർ അവനെ തോളത്തു തട്ടി പ്രശംസിച്ചു.

വീട്ടിലെത്തി കുടുക്ക നോക്കിയപ്പോൾ അതു കാലിയായിരുന്നു.. അവന് ദു:ഖം തോന്നി. കരഞ്ഞുകരഞ്ഞവൻ ഉറങ്ങി. ഉറക്കത്തിൽ  ദേവൻ വീണ്ടും പ്രത്യക്ഷപ്പെട്ടു. ദേവൻ പറഞ്ഞു:  "അധ്യാപകന്റെ പ്രശംസ പിടിച്ചു പറ്റാൻ വേണ്ടിയാണ് നീ പൈസ പിച്ചക്കാരന് കൊടുത്തത്. ടീച്ചർ വന്നില്ലായിരുന്നെങ്കിൽ നീ പിച്ചക്കാരന് ഒന്നും കൊടുക്കാതെ കടന്നു കളയുമായിരുന്നു. നന്മ ചെയ്യണമെന്ന ആഗ്രഹം നിനക്കില്ലായിരുന്നു. പ്രശംസ കിട്ടാൻ വേണ്ടി ചെയ്യുന്ന കാര്യം പുണ്യമല്ല."

പിറ്റേ ദിവസം മുത്തശ്ശി അവന് ഒരു രൂപ കൊടുത്തു. കടയിൽ നിന്നും ചെറുനാരങ്ങ വാങ്ങി വരുന്ന വഴി, അസുഖമായി കിടക്കുന്ന അവന്റെ കൂട്ടുകാരനെ കാണാൻ കയറി. കൂട്ടുകാരനെ പരിശോധിച്ച വൈദ്യർ ഒരു ഗുളിക കൊടുത്തുകൊണ്ട് പറഞ്ഞു:

"ഈ ഗുളിക നാരങ്ങാനീരിൽ അരച്ചു കൊടുക്കണം. സാരമില്ല, വൈകുന്നേരമാകുമ്പോഴേക്കും അസുഖം മാറും." ഗുളിക കൊടുത്ത ശേഷം വൈദ്യർ പോയി.

കൂട്ടുകാരനും അമ്മയും മാത്രമേ വീട്ടിലുള്ളൂ. അവർ പാവപ്പെട്ടവരായിരുന്നു. നാരങ്ങ വാങ്ങുവാനുള്ള പൈസ അവരുടെ കയ്യിലില്ല. ഇതറിഞ്ഞു നമ്മുടെ ബാലൻ നാരങ്ങ അവരുടെ നേരെ നീട്ടിക്കൊണ്ടു പറഞ്ഞു:" ഇതാ നാരങ്ങ, ഇതു പിഴിഞ്ഞ് മരുന്നു കൊടുക്കൂ." അമ്മ അതു വാങ്ങാൻ മടിച്ചു. പക്ഷേ, നിറഞ്ഞ സന്തോഷത്തോടെ കൊടുത്ത നാരങ്ങ അവർക്കു നിരസിക്കാൻ കഴിഞ്ഞില്ല. വീട്ടിൽ തിരിച്ചെത്തി കുടുക്കയിൽ രൂപ കിടക്കുന്നതു കണ്ടവൻ സന്തോഷിച്ചു.

അന്നവൻ കളിക്കുകയായിരുന്നു. അനിയത്തി വന്നു കളിപ്പാട്ടമെടുത്തു.  അവൻ തടഞ്ഞു.  അവൾ കൂട്ടാക്കിയില്ല. അവൻ അവളെ തല്ലി. അവൾ കരയാൻ തുടങ്ങി. പിന്നീടവൻ കുടുക്ക നോക്കിയപ്പോൾ അതിൽ രൂപയില്ലായുരുന്നു. തെറ്റു മനസ്സിലാക്കി അവൻ പശ്ചാത്തപിച്ചു.  മേലിൽ ഒരു തെറ്റും ചെയ്യില്ലെന്നവൻ തീരുമാനിച്ചു.

നിത്യേന ചെയ്യുന്ന ചെറിയ ചെറിയ പ്രവൃത്തികൾ പോലും കാലക്രമത്തിൽ ഒരുവന്റെ സ്വഭാവമായി മാറും. തിന്മ ചെയ്യുന്നവൻ മോശക്കാരനാകും. നന്മചെയ്യുന്നവൻ നല്ലവനാകും. ചെറിയ ചെറിയ തെറ്റുകളിൽ നിന്നും നമ്മുടെ ബാലൻ കുടുക്കയുടെ സഹായത്തോടെ നല്ലതു മാത്രം ചെയ്യാൻ പഠിച്ചു. സാവധാനത്തിൽ നന്മ ചെയ്യുക അവന്റെ സ്വഭാവമായിത്തീർന്നു.

അങ്ങനെ നന്മകൾ മാത്രം ചെയ്ത് അവന്റെ കുടുക്ക നിറഞ്ഞു. കുടുക്കയുമായി സ്വർഗ്ഗം കാണാനുള്ള ആഗ്രഹത്തോടെ അവൻ നടന്നു. നടന്നുനടന്നവൻ തോട്ടത്തിലെത്തി. തോട്ടത്തിൽ വൃക്ഷച്ചുവട്ടിലിരിക്കുന്ന ഒരു സന്യാസിയെ അവൻ കണ്ടു. സന്യാസി കരയുന്നുണ്ടായിരുന്നു. ഓടി അടുത്തെത്തി, കാരണമാരാഞ്ഞ അവനോട് സന്യാസി പറഞ്ഞു: "നിന്റെ കയ്യിലുള്ളതുപോലത്തെ ഒരു കുടുക്ക എന്റെ കയ്യിലുണ്ടായിരുന്നു. സ്വർഗ്ഗം കാണാൻ വലിയ കൊതിയായിരുന്നെനിക്ക്. പക്ഷേ, ഗംഗയിൽ സ്നാനം ചെയ്യുന്ന സമയത്ത് ആ കുടുക്ക പുഴയിൽ നഷ്ടപ്പെട്ടു." അദ്ദേഹം വീണ്ടും കരയാൻ തുടങ്ങി. അവൻ ആശ്വസിപ്പിച്ചു കൊണ്ടു പറഞ്ഞു: "സ്വാമി കരയേണ്ട, എന്റെ കുടുക്ക നിറഞ്ഞതാണ്, ഇതെടുത്തോളൂ." അവൻ കുടുക്ക അദ്ദേഹത്തിന്റെ നേരെ നീട്ടി.

"നീ വളരെ പ്രയാസപ്പെട്ടു നിറച്ചതല്ലേ? ഇതു തന്നാൽ നിനക്കു വിഷമമുണ്ടാകില്ലേ?"

"ഇല്ല,എനിക്ക് യാതൊരു വിഷമവുമില്ല. ഞാൻ നിറഞ്ഞ സന്തോഷത്തോടെയാണിതു തരുന്നത്. ഞാൻ ചെറിയ കുട്ടിയല്ലേ, ഇനിയും വേണമെങ്കിൽ കുടുക്ക നിറയ്ക്കാൻ എനിക്കു കഴിയും, സ്വാമീടെ കാര്യം അങ്ങനെയല്ല. വയസ്സായില്ലേ, ഇനി കുടുക്ക നിറയ്ക്കാൻ അങ്ങേക്കു കഴിയില്ല. സാരമില്ല, എനിക്കു വിഷമമില്ല."

അവൻ കുടുക്ക സ്വാമിയുടെ കയ്യിൽ കൊടുത്തു. സ്വാമി അതു വാങ്ങി, വിറയ്ക്കുന്ന കൈകളാൽ അദ്ദേഹം അവന്റെ ശിരസ്സിൽ തലോടി. അവന്റെ കണ്ണുകൾ അടഞ്ഞു. അവൻ സ്വർഗ്ഗം കാണാൻ തുടങ്ങി. മുത്തശ്ശി വർണ്ണിച്ചു കേൾപ്പിച്ച അതേ സ്വർഗ്ഗം. പക്ഷെ സാക്ഷാൽ സ്വർഗ്ഗം അതിലും കേമമായിരുന്നു.

അവൻ കണ്ണുകൾ തുറന്നു. സ്വാമിയുടെ സ്ഥാനത്ത് സ്വപ്നത്തിൽ കണ്ട അതേ ദേവൻ നിൽക്കുന്നു. അവന് വിശ്വസിക്കാനായില്ല. ദേവൻ പറഞ്ഞു: " മോനെ, നന്മ ചെയ്യുന്നവന്റെ വീടാണ് സ്വർഗ്ഗം. ജീവിതത്തിൽ ഇതേ പോലെ എല്ലാവരും നന്മ ചെയ്തുകൊണ്ടിരുന്നാൽ ഈ ലോകം തന്നെ മറ്റൊരു സ്വർഗ്ഗമായിത്തീരും."

ദേവൻ അവനെ അനുഗ്രഹിച്ച ശേഷം മടങ്ങിപ്പോയി.



# നന്ദമോക്ഷം

ചെറുശ്ശേരി

നോറ്റുകിടന്നൊരു നന്ദൻതാൻ മെല്ലെമെ–
ല്ലാറ്റിലേ മുങ്ങുവാൻ പോയനേരം
കാലം പുലർന്നു തുടങ്ങുന്നതിൻമുമ്പേ
ചാലപ്പോയ് ചെന്നതു കണ്ടുകൊണ്ട്
പാശിതൻ ദൂതനായുള്ളൊരു ദാനവൻ
പാരാതെ ബന്ധിച്ചു കൊണ്ടുപോയാൻ.
നന്ദനെക്കാണാഞ്ഞു നിന്നൊരു ഗോപന്മാർ
നന്ദനനാകിയ കണ്ണനോട്
ചെന്നങ്ങു ചൊല്ലിനാർ 'മുങ്ങിനനേരത്തു
നന്ദനെക്കണ്ടില്ല' യെന്നിങ്ങനെ.
അച്യുതന്താനും തന്നച്ഛനെക്കാണ്മാനാ–
യിച്ഛപൂണ്ടന്നേരം കാളിന്ദിയിൽ
വേഗത്തിൽ ചെന്നങ്ങു തേടിത്തുടങ്ങിനാൻ
വേദത്തെപ്പണ്ടു താനെന്നപോലെ
വാരിയിലെങ്ങുമേ കാണാഞ്ഞനേരത്തു
വാരിധിപാലകനുള്ളിടത്തും
നേരേപോയ് ചെന്നുതുടങ്ങിനാൻ മെല്ലവേ
കാരുണ്യവാരിധിയായവൻതാൻ
വാരിജലോചനൻ വന്നതു കണ്ടപ്പോൾ
വാരിധിപാലകൻ പാരാതെതാൻ
മുമ്പിലെ നൽകിനാൻ നന്ദനെത്തന്നെയും
കുമ്പിട്ടുകൂപ്പിനിന്നമ്പിൽ ചൊന്നാൻ:
"നിന്നുടെ ചേവടി ചാരത്തുകാണ്മാനായ്
നന്ദനെഞാനിങ്ങു കൊണ്ടുപോന്നു
അച്ഛനെക്കൊണ്ടുപോന്നത്തൽപിണച്ചായെ–
ന്നിച്ഛപിഴയ്ക്കൊല്ലാ തമ്പുരാനെ!"

## അഭ്യാസം

### I. അർത്ഥം കണ്ടെത്താമോ ?

നോറ്റ്, നന്ദൻ, ചാലെ, പാശി, ദാനവൻ, പാരാതെ, മെല്ലെ, ചൊല്ലുക, ബന്ധിക്കുക, ഗോപന്മാർ, നന്ദനൻ, അച്യുതൻ, ഇച്ഛ, തേടി, വാരി, വാരിധി, പാലകൻ, കാരുണ്യം, വാരിജം, ലോചനം, വാരിജലോചനൻ, അൻപ്, ചേവടി, ചാരത്ത്, അത്തൽ.

## II. പിരിച്ചെഴുതുക :

| | | | | |
|---|---|---|---|---|
| നന്ദനനാകിയ | = | ________ | + | ________ |
| ചെന്നങ്ങ് | = | ________ | + | ________ |
| വാരിയിലെങ്ങുമേ | = | ________ | + | ________ |
| വാരിധിയായ | = | ________ | + | ________ |

## III. ചേർത്തെഴുതുക :

| | | | | |
|---|---|---|---|---|
| നന്ദനെ | + | കാണാഞ്ഞു | = | ________ |
| തേടി | + | തുടങ്ങി | = | ________ |
| വേദത്തെ | + | പണ്ട് | = | ________ |
| നന്ദനെ | + | കണ്ടില്ല. | = | ________ |

## IV. പര്യായപദമെഴുതുക :

| | | |
|---|---|---|
| നന്ദനൻ | ________, | ________. |
| ആറ് | ________, | ________. |
| വാരി | ________, | ________. |
| വാരിജം | ________, | ________. |
| അച്ഛൻ | ________, | ________. |
| ശ്രീകൃഷ്ണൻ. | ________, | ________. |

## V. ഒന്നോ രണ്ടോ വരിയിൽ ഉത്തരമെഴുതുക :

1. ഈ കവിത എഴുതിയ കവിയുടെ പേരെന്ത്?
2. നന്ദന് എന്താണ് സംഭവിച്ചത്?
3. കണ്ണൻ അച്ഛനെ എവിടെയെല്ലാമാണ് അന്വേഷിച്ചത്?
4. ആരാണ് കണ്ണന്റെ അച്ഛനെ തിരികെ കൊടുത്തത്?
5. നന്ദനെ പിടിച്ചുകൊണ്ടു പോയത് എന്തിനാണ്?

## VI. മനഃപാഠമാക്കേണ്ട വരികൾ :

"നന്ദനെക്കാണാഞ്ഞു.. .. .. .. .. .. തമ്പുരാനെ!"

## പ്രവർത്തനം :

'കൃഷ്ണഗാഥ' താരാട്ടുപാട്ടിന്റെ മട്ടിലുള്ളതാണെന്ന് നിങ്ങൾക്കറിയാമല്ലോ. സമാനമായ താരാട്ടുപാട്ടുകൾ കണ്ടു പിടിച്ച് അന്യോന്യം ചൊല്ലിക്കേൾപ്പിക്കുക.

നന്ദമോക്ഷം പോലുള്ള മറ്റു പുരാണകഥകൾ അദ്ധ്യാപകന്റെയോ, മറ്റു മുതിർന്നവരുടേയോ സഹായത്തോടെ മനസ്സിലാക്കുക.

# മഹാകവി കമ്പർ

പ്രാചീന തമിഴ്സാഹിത്യത്തിൽ അതുല്യനായി വിളങ്ങുന്ന മഹാകവിയാണ് കമ്പർ. അദ്ദേഹം എഴുതിയ രാമായണകാവ്യം 'കമ്പരാമായണം' എന്ന പേരിലാണ് അറിയപ്പെടുന്നത്. കമ്പരുടെ ജീവിതകാലത്തെപ്പറ്റിയോ ജീവചരിത്രത്തെപ്പറ്റിയോ കൃത്യമായ വിവരങ്ങൾ ഒന്നുംതന്നെ ലഭ്യമല്ല. ചില ഐതിഹ്യങ്ങളും അഭ്യൂഹങ്ങളും മാത്രമാണ് ഇക്കാര്യത്തിൽ നമുക്കിന്നു കിട്ടുന്നത്, അതിന്റെ അടിസ്ഥാനത്തിൽ പന്ത്രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നു എന്നും മൂന്നാം കുലോത്തുംഗ ചോളന്റെയും ഒട്ടക്കൂത്തൻ എന്ന മറ്റൊരു മഹാകവിയുടെയും സമകാലികനായിരുന്നു എന്നുമാണ് കരുതപ്പെടുന്നത്.

ഈ കവിയ്ക്ക് കമ്പർ എന്ന പേര് ഉണ്ടായതിനെപ്പറ്റി പലരും പല അഭിപ്രായക്കാരാണ്. അവ ഇപ്രകാരമാണ്; 'കമ്പ്' എന്ന ധാന്യം വിളയുന്ന വയലിന് കാവൽ നിന്നതിനാലാണ് ആ പേർ കിട്ടിയത് എന്ന് ചിലർ, 'കമ്പനാട്ടി'ൽ പിറന്നവനാണ് കമ്പൻ എന്ന് ചിലർ; കാളീക്ഷേത്രത്തിലെ കമ്പത്തിന്(കൊടിമരം) ചുവട്ടിൽ കിടന്നിരുന്നപ്പോൾ ദേവിയുടെ അനുഗ്രഹത്താൽ ജ്ഞാനം ഉണ്ടാവുകയാൽ കമ്പൻ എന്ന് പേര് കിട്ടിയതായും അതല്ല കാഞ്ചീപുരത്തെ 'ഏകമ്പ' ദേവനെഅനുസ്മരിക്കുന്നതിനായി ഇട്ട പേരാണ് എന്നും പറയുന്നവരുണ്ട്. നമ്മുടെ നാട്ടിലും ദേവന്മാരുടെ പേരുകൾ കുട്ടികൾക്ക് ഇട്ടു വിളിക്കുന്ന പതിവ് ഇന്നുമുണ്ടല്ലോ. ആകയാൽ ശിവപര്യായമായ കമ്പൻ എന്നതുതന്നെയാണ് കവിയുടെ യഥാർത്ഥ നാമധേയം എന്ന കാര്യത്തിൽ സംശയിക്കേണ്ടതില്ല.



കമ്പൻ ജനിച്ച വർഷത്തെപ്പറ്റിയോ അദ്ദേഹത്തിന്റെ മാതാപിതാക്കന്മാരെപ്പറ്റിയോ വിശ്വസനീയമായ വിവരങ്ങൾ ഒന്നും കിട്ടിയിട്ടില്ല. അദ്ദേഹം കാവിരി നാട് എന്നറിയപ്പെടുന്ന ചോഴനാട്ടിലെ മായാവരത്തിനടുത്തുള്ള തിരുവഴുന്തൂരിലാണത്രെ പിറന്നത്. ഉച്ചവകുലം(ഉത്സവകുലം) എന്നറിയപ്പെടുന്ന ജാതിയിലായിരുന്നു ജനനം. കാളീക്ഷേത്രത്തിൽ പൂജചെയ്യുന്നവരാണ് ഉച്ചവന്മാർ. ഇന്നും കാളീക്ഷേത്രത്തിൽ പൂജ ചെയ്യുന്ന ഉച്ചവന്മാരെ 'കമ്പർ' എന്നു വിളിക്കാറുണ്ട്. വെണ്ണൈനല്ലൂരിലെ ചടയപ്പനെആശ്രയിച്ചാണ് കമ്പൻ വളർന്നത്. കമ്പരാമായണത്തിൽ ഓരോ ആയിരം പദ്യങ്ങൾ കഴിയുമ്പോഴും കമ്പർ തന്റെ രക്ഷിതാവിനെ സ്തുതിക്കുന്നുണ്ട്. മഹാ ധർമ്മിഷ്ഠനായ ചടയപ്പനെ




വാഴ്ത്തുവാൻ എത്ര പദങ്ങൾ പ്രയോഗിച്ചാലും കമ്പർക്ക് മതിയാവുകയില്ല. ചോളരാജാക്കന്മാരുടെ കാലത്താണ് അദ്ദേഹം ജീവിച്ചിരുന്നതെങ്കിലും കമ്പരാമായണത്തിൽ അവരെപ്പറ്റി പരാമർശങ്ങൾ ഒരിടത്തും കാണുന്നില്ല.

ഒരു തികഞ്ഞ പണ്ഡിതനായ കമ്പർക്ക് തിരുക്കുറൾ, എട്ടുത്തൊകൈ, ചിലപ്പതികാരം തുടങ്ങിയ കൃതികളിൽ തികഞ്ഞ അറിവുണ്ടായിരുന്നു. അവയിലുള്ള ആശയങ്ങൾ അതേപടിയോ മറ്റുരൂപത്തിലോ കമ്പരാമായണത്തിലും കാണുവാൻ കഴിയും. 'ഏരെഴുപത് തിരുക്കൈ വഴക്കം', ഗംഗോപരന്താദി, സരസ്വതി അന്താദി എന്നീ കൃതികളും കമ്പർ രചിച്ചതായാണ് കരുതപ്പെടുന്നത്. വാല്മീകിരാമായണത്തെ അടിസ്ഥാനമാക്കിയാണ് കമ്പർ രാമായണം രചിച്ചിട്ടുള്ളത്. എന്നാൽ രാമായണ കഥയെ അതുപോലെ വിവർത്തനം ചെയ്യുകയല്ല കമ്പർ ചെയ്തത്. മൂലകഥയൊഴിച്ചാൽ കമ്പരാമായണം ഒരു സ്വതന്ത്രകൃതിയാണ്. അതിലെ നായകനായ രാമൻ കമ്പനെ സംബന്ധിച്ചിടത്തോളം ഈശ്വരന്റെ അവതാരമാണ്. സദാചാരം, ധർമ്മബോധം തുടങ്ങിയ സദ്ഗുണങ്ങൾ കാവ്യ പാരായണം കൊണ്ടുണ്ടാകുന്ന ഫലങ്ങളാകണമെന്ന് കവിക്ക് ലക്ഷ്യമുണ്ടായിരുന്നു.

കമ്പരാമായണം മുഴുവനും രസകരമാണെങ്കിലും അതിലെ യുദ്ധകാണ്ഡം അതിമനോഹരമായാണ് കരുതപ്പെടുന്നത്. അതിലെ ഹിരണ്യപടലം കമ്പരുടെ കാവ്യരചനാപാടവത്തിന് ഉത്തമ ഉദാഹരണമാണ്. രാമായണത്തിൽ രാമരാജ്യത്തിന്റെ മാഹാത്മ്യം വിളിച്ചോതുന്ന കവി, അവിടെ ആവശ്യംപോലെ മഴ, എന്നും ഒഴുകുന്ന നദികൾ, കാർഷികാഭിവൃദ്ധി, രോഗമില്ലായ്മ എന്നീ സുഖ ഐശ്വര്യങ്ങൾ പുരുഷന്മാരുടെ സത്കർമ്മങ്ങൾകൊണ്ടും സ്ത്രീകളുടെ നന്മകൊണ്ടും മാത്രം ഉണ്ടായിട്ടുള്ളതാണെന്ന് വിശ്വസിക്കുന്നു.



മാതൃകാരാജ്യമായ അയോദ്ധ്യയിൽ ധനികദരിദ്ര ഭേദമില്ല. വെളിച്ചത്തിന്റെയും സ്നേഹത്തിന്റെയും നാടാണത്. രാജാവ് ജനങ്ങളുടെ നന്മയ്ക്കായി നിലകൊള്ളുന്നു. അവതാരപുരുഷനായ രാമൻ വിശിഷ്ടമായ ധർമ്മം പ്രചരിപ്പിക്കുവാനും മനുഷ്യർ തമ്മിൽ സ്നേഹവും സൗഹാർദ്ദവും വളർത്തുവാനുമായി കാനനവാസത്തിനു പുറപ്പെട്ടതായി കരുതുന്നു. ഗുഹൻ, സുഗ്രീവൻ, ഹനുമാൻ, വിഭീഷണൻ തുടങ്ങിയവരെ അദ്ദേഹം തന്റെ കുടുംബത്തിലെതന്നെ സഹോദരന്മാരായി കണ

ക്കാക്കുന്നു. അങ്ങനെ സ്നേഹത്തിന്റെയും, സാഹോദര്യത്തിന്റെയുമായ ഒരു സാമ്രാജ്യം അദ്ദേഹം ദക്ഷിണസമുദ്രംവരെ വ്യാപിപ്പിക്കുന്നു.

പാലക്കാട് ജില്ലയിലെ ഭദ്രകാളീക്ഷേത്രത്തിൽ വേലപൂരക്കാലങ്ങളിൽ നടത്താറുള്ള തോൽപ്പാവക്കൂത്തിന് കമ്പരാമായണത്തിലെ പദ്യങ്ങളാണ് ഇന്നും ഉപയോഗിക്കാറുള്ളത്. തമിഴ്നാട്ടിലെ രാമനാഥപുരം ജില്ലയിലെ നാട്ടരചൻ കോട്ടയിൽ വെച്ചാണ് കമ്പർ മരിച്ചതെന്നു പറയപ്പെടുന്നു. പങ്കുനിമാസം അത്തം നക്ഷത്രത്തിൽ ഇന്നും 'കമ്പൻതിരുവിഴാ' (കമ്പർ ഉത്സവം) ആ മഹാകവിയുടെ ഓർമ്മയ്ക്കായി കൊണ്ടാടപ്പെടുന്നു.

## അഭ്യാസം

### I. അർത്ഥം കണ്ടുപിടിക്കാമോ?

പ്രാചീനം, അതുല്യം, ഐതിഹ്യം, അഭ്യൂഹം, സമകാലികം, നൂറ്റാണ്ട്, അനുസ്മരിക്കുക, നാമധേയം, വിശ്വസനീയം, വാഴ്ത്തുക, പരാമർശം, രചിക്കുക, വിവർത്തനം, സദാചാരം, മൂലകഥ, പാടവം, ധനികൻ, വിശിഷ്ടം, പടലം.

### II. വിപരീതപദം കണ്ടെത്തൂ:

| | | |
|---|---|---|
| തുല്യം | x | ______________ |
| അലഭ്യം | x | ______________ |
| അസംശയം | x | ______________ |
| അവിശ്വസനീയം | x | ______________ |
| അർവാചീനം | x | ______________ |
| അധമം | x | ______________ |
| ദരിദ്രൻ | x | ______________ |
| അധർമ്മം | x | ______________ |
| അലക്ഷ്യം | x | ______________ |
| അരസം | x | ______________ |

### III. ചെറുവാക്യങ്ങൾ രചിക്കുക :

അതുല്യം, അനുസ്മരിക്കുക, അടിസ്ഥാനമാക്കി, വിശ്വസനീയം, നിലകൊള്ളുക.

### IV. ചേരുംപടി ചേർക്കുക :

| | | |
|---|---|---|
| ഭദ്രകാളീക്ഷേത്രം | – | നാട്ടരചർകോട്ട |
| ചോഴനാട് | – | ഓലപ്പാവക്കൂത്ത് |
| കമ്പർതിരുവിഴാ | – | കാവിരിനാട് |
| ഉച്ചവന്മാർ | – | പങ്കുനി അത്തം |
| കമ്പർ | – | കാളീക്ഷേത്രം |

## V. അക്ഷരങ്ങൾ എഴുതി പൂരിപ്പിക്കുക :

| | | |
|---|---|---|
| സമശീർ -- ൻ | – | (ശ / ഷ) |
| നാമ -- യം | – | (ദേ /ധേ) |
| പ --- തൻ | – | (ണ്ഡി / ണ്ടി) |
| ധർമ്മി --- ൻ | – | (ഷ്ഠ/ ഷ്ട) |
| വാ --- മീകി | – | (ത് /ല്) |

## VI. പൂരിപ്പിക്കുക :

1. കമ്പർ എഴുതിയ രാമായണകാവ്യം ___________എന്ന പേരിലാണ് അറിയപ്പെടുന്നത്.
2. കാളീക്ഷേത്രത്തിൽ പൂജചെയ്യുന്ന ഉച്ചവന്മാരെ _____________എന്നു വിളിക്കുന്നു.
3. കമ്പർ രക്ഷിതാവായി ________________ നെയാണ് സ്തുതിച്ചിട്ടുള്ളത്.
4. ____________ നെ അടിസ്ഥാനപ്പെടുത്തിയാണ് കമ്പർ രാമായണം രചിച്ചിട്ടുള്ളത്.
5. കമ്പരാമായണത്തിലെ________________ പടലം അദ്ദേഹത്തിന്റെ കാവ്യരചനാപാടവത്തിന് ഉദാഹരണമാണ്.

## VII. ഒന്നോ രണ്ടോ വരികളിൽ ഉത്തരമെഴുതുക :

1. കമ്പരുടെ ജീവിതകാലത്തെപ്പറ്റി നമുക്കു കിട്ടിയിട്ടുള്ള വിവരങ്ങളെന്തെല്ലാം?
2. ചടയപ്പനോടുള്ള ആദരവ് കമ്പർ എങ്ങനെയാണ് പ്രകടിപ്പിച്ചിരിക്കുന്നത്?
3. കമ്പരുടെ മറ്റു കൃതികളേതെല്ലാം?
4. രാമരാജ്യത്തിന്റെ സമൃദ്ധിയ്ക്ക് കവി കണ്ടെത്തുന്ന കാരണങ്ങളെന്തെല്ലാം?
5. എവിടെവച്ചാണ് കമ്പർ മരിച്ചത്?

## VIII. ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക :

1. കമ്പർ എന്ന പേർ എങ്ങനെയാണ് ഉണ്ടായത്?
2. കമ്പരുടെ ജന്മസ്ഥലത്തെപ്പറ്റി എഴുതുക?
3. കമ്പർക്ക് തമിഴ്സാഹിത്യത്തിലുണ്ടായിരുന്ന പാണ്ഡിത്യം എങ്ങനെമനസ്സിലാക്കാം?
4. വാല്മീകിരാമായണത്തിൽനിന്ന് കമ്പരാമായണത്തിനുള്ള വ്യത്യാസങ്ങൾ എന്തെല്ലാം?
5. രാമരാജ്യത്തിന്റെ പ്രത്യേകതകളായി പറഞ്ഞിരിക്കുന്നതെന്തെല്ലാം?

## പ്രവർത്തനം :

വിവിധ ഭാഷകളിൽ വന്ന രാമായണങ്ങളേയും അവയുടെ കർത്താക്കളേയും പരിചയപ്പെടാൻ ശ്രമിക്കുക.

രാമായണകഥ മുതിർന്നവരോട് ചോദിച്ച് വിശദമായി മനസ്സിലാക്കുക.

അദ്ധ്യാപക രക്ഷാകർത്തൃസമിതിയുടെ സഹായത്തോടെ 'തോൽപ്പാവക്കൂത്ത്' വിദ്യാലയത്തിൽ അവതരിപ്പിക്കാനുള്ള അവസരം ഒരുക്കുക.

കമ്പരുടെ ജന്മനാട്ടിലേക്ക് ഒരു വിനോദയാത്ര സംഘടിപ്പിക്കുക.

തന്നിട്ടുള്ള പദങ്ങൾ കാലാനുസൃതം എഴുതുക:

| കഴിഞ്ഞകാലം | നടക്കുന്ന കാലം | വരാനുള്ള കാലം |
|---|---|---|
| | എഴുതുന്നു | |
| പറഞ്ഞു | | |
| | | വളരും |
| | കഴിയുന്നു | |
| കേട്ടു | | |
| | | വിളിക്കും |
| | സ്തുതിക്കുന്നു | |
| കണ്ടു | | |
| | | പ്രചരിപ്പിക്കും |
| | കരുതുന്നു | |

**നാടകം**

# ആരെ രാജാവാക്കണം?

(കുറുക്കൻ ഏങ്ങലടിച്ചു നിലവിളിച്ചുകൊണ്ട് വരുന്നു. പുലിയുടെ അലർച്ച.)

പുലി : ആരെടാ അവിടെ?

(കുറുക്കൻ പാറയ്ക്കു പിന്നിൽ ഒളിക്കുന്നു. പുലി പ്രവേശിച്ച് ചുറ്റും നോക്കിയിട്ട്)

പുലി : ആരടാ ഇവിടെ നിലവിളിച്ചത്? (കുറുക്കനെ കണ്ടിട്ട്) വാടാ ഇവിടെ. എന്തിനാടാ കരയുന്നത്?

(കുറുക്കൻ പേടിച്ചു വരുന്നു, കരയുന്നു.)

കുറുക്കൻ : നമ്മുടെ സിംഹരാജാവ് നാടുനീങ്ങിയതിന്റെ സങ്കടം തീരാഞ്ഞിട്ടാണേ കരഞ്ഞത്.

പുലി : സിംഹം ചത്തിട്ട് ദിവസം എത്രയായെടാ?

കുറുക്കൻ : അയ്യോ, മഹാരാജാവല്ലേ മരിച്ചത്. സങ്കടം പെട്ടെന്നെങ്ങാനും തീരാൻ പറ്റുമോ.. .. ഒരാഴ്ചയെങ്കിലും.. ..

പുലി : എടാ, സിംഹം മരിച്ചതിൽ ഒന്നുകൊണ്ടും ഭയപ്പെടേണ്ടാ. ധീരതയിൽ സിംഹത്തേക്കാൾ ഒട്ടും മോശമല്ല ഞാൻ. ഞാനും രാജകുടുംബത്തിൽ പിറന്നവനാ. ഈ ഞാനുണ്ട് നിങ്ങൾക്ക്.

(കരടി ചാടിവരുന്നു).

കരടി : ഹ..ഹ..ഹ.. നീ മാത്രമല്ല. ഞാനുമുണ്ട്. എനിക്ക് ധൈര്യം മാത്രമല്ല, ഉന്നതങ്ങളിൽ പിടിപാടുമുണ്ട്. എവിടേയും കയറിച്ചെല്ലാനും ഏതഭ്യാസവും കാണിക്കുവാനും എനിക്കു കഴിയും. ആയതിനാൽ അടുത്ത രാജാവിന്റെ സ്ഥാനത്തേയ്ക്ക് എന്നേക്കാൾ അർഹതയുള്ളവൻ വേറെയുണ്ടോ?

കുറുക്കൻ : ഉണ്ടോ എന്നു ചോദിച്ചാൽ.. .. ഇല്ല!

പുലി : ഇല്ലേ.. ..?

കുറക്കൻ : ഇല്ലേ എന്നു ചോദിച്ചാൽ .. ഉണ്ട്!

കരടി : ഉണ്ടോ? ..(കരടിയും പുലിയും കുറുക്കനെ ആക്രമിക്കുന്നു. കുറുക്കൻ ചത്തതുപോലെ കിടക്കുന്നു. . പിന്നിൽ കുളമ്പടി ശബ്ദം.)

കുറുക്കൻ : (തക്കത്തിൽ എഴുന്നേറ്റിട്ട്) ചേട്ടന്മാരേ.. ഒരു ശബ്ദം! (ഒളിക്കുന്നു).

പുലി : കുളമ്പടിയാണല്ലോ.


കരടി : കുതിരയും മറ്റുമായിരിക്കും.

കുറുക്കൻ : പേടിക്കണ്ട ചേട്ടന്മാരേ.. ഞാനിവിടുണ്ട്. വരുന്നതാരായാലും കുറച്ചൊന്നൊഴിഞ്ഞു നിൽക്കുന്നതാ ബുദ്ധി. ധൈര്യമായി ഇങ്ങുപോരേ.

(പുലിയും കരടിയും മറയുന്നു.)

(കുതിര, ആന, മാൻ, കഴുത, മുയൽ, എന്നിവർ വരുന്നു.)

കഴുത : പുല്ലു തിന്നുന്നവനെ വെല്ലാൻ ഒരു മല്ലനുമില്ല. ഉണ്ടോ?



ആന : (മുയലിനെ തലോടിക്കൊണ്ട്) ഏതായാലും നമ്മുടെ ഉണ്ണിമുയൽ മിടുക്കൻ തന്നെ. ആ കൂറ്റൻ സിംഹത്തെ ഇത്തിരിപ്പോന്ന ഇവനല്ലേ കിണറ്റിൽ ചാടിച്ചു കൊന്നത്! സൂത്രശാലീ.. ..!

മാൻ : ചെറുതായാലെന്താ. തടിയിലല്ലല്ലോ കാര്യം. തലയിലല്ലേ.. ..!

കുതിര : അതെയതെ. ഏതായാലും നമുക്കിനി പുതിയൊരു രാജാവു വേണമല്ലോ.

മാൻ : പക്ഷെ തർക്കമവിടെയല്ല, രാജാവിനു വേണ്ട മുഖ്യ ഗുണമെന്താണെന്നതാണ്.

കുതിര : ശക്തി! കുതിരശക്തി എന്നു കേട്ടിട്ടില്ലേ..?

ആന : കാട്ടിലെ ഏറ്റവും കരുത്തനായ പൗരൻ ഞാനാണ്. എനിക്ക് ശക്തിയുണ്ട്, ബുദ്ധിയുണ്ട്, ചന്തവുമുണ്ട്.

കഴുത : അതേയതെ, ആനച്ചന്തമെന്നല്ലേ പറയാറ്? കറുപ്പിന് ഏഴഴക്!

കുതിര : മനുഷ്യരാജാക്കന്മാരുടെ നിലനിൽപ്പുപോലും ഞങ്ങളിലാണ്. അവരുടെ യുദ്ധതന്ത്രം എനിക്കറിയാം.

മാൻ : യുദ്ധമോ? ശാന്തം പാപം ! യുദ്ധംകൊണ്ട് ആരുമാരും ജയിക്കുന്നില്ല. ഈ കാലഘട്ടം സമാധാനത്തിന്റേതാണ്.

കുതിര : സമാധാനം! തിന്നാൻ വരുന്ന പുലിയുടെ മുന്നിലാണോ സമാധാനം പറഞ്ഞു നിൽക്കുന്നത്? പോടാ ദൂരെ. ഞാൻ തന്നെയാ രാജാവാകാൻ യോഗ്യൻ.

ആന : (ചിന്നം വിളി) ഹും! എന്നെ വെല്ലാൻ നീയോ? (കുതിര ചിനയ്ക്കുന്നു. ഏറ്റുമുട്ടാനൊരുങ്ങുന്നു. കഴുതയ്ക്ക് ഇടി കിട്ടുന്നു.)

മുയൽ : ഛെ..ഛെ.. എന്തായിത്? ഹൊ! നമ്മുടെ കഴുതച്ചേട്ടൻ വീണല്ലോ. നിർത്ത്. നമുക്കിടയിലും ശണ്ഠയോ? നമ്മളെല്ലാം സസ്യഭുക്കുകളല്ലേ? നമ്മുടെ ശത്രുക്കളാരാ? മാംസം തീനികളല്ലേ..? അവരുടെ അതിക്രമങ്ങളെ നേരിടാൻ നമ്മളൊറ്റക്കെട്ടായി നിൽക്കണം. കരുത്തനായ ഒരു നേതാവു വേണം. അതിനിപ്പോൾ കറുമ്പൻചേട്ടൻ തന്നെ മതി. ചേട്ടന്റെ പിന്നിൽ നമുക്കൊന്നിച്ചണിനിരക്കാം. സമ്മതമല്ലേ എല്ലാവർക്കും.?

പുലി : (ചാടിവീണിട്ട്) സമ്മതമല്ലെടാ പുല്ലുതീനികളെ. ഓരോന്നിനെയായി ഞാൻ കാണിച്ചുതരാം. (കുറുക്കനും കരടിയും പുലിയോടൊപ്പം ചേരുന്നു.) ആന ചിന്നം വിളിച്ചു കുത്താനൊരുങ്ങി നിൽക്കുന്നു.

കഴുത : ഓ, പിന്നെ, പിന്നെ, വിരട്ടാതെ, കാലം മാറി. ഞങ്ങൾ സസ്യഭുക്കുകൾ ഇപ്പോൾ ഒറ്റക്കെട്ടാ. ഞങ്ങളുടെ നേതാവ് ആരാണെന്നോ? ഈ കൊമ്പൻചേട്ടനാ. ധൈര്യമുണ്ടെങ്കിൽ വന്നാൽ മതി.

ആന : (ചിന്നം വിളിച്ച്) പുല്ലുതീനികളെന്ന് മേലിൽ പരിഹസിക്കരുത്. ഞങ്ങളില്ലെങ്കിൽ നിങ്ങളുമില്ല. ഈ ലോകത്തിന്റെ നിലനിൽപ്പു തന്നെ സസ്യഭുക്കുകളിലാ. ഇനി നേതൃത്വം ഞങ്ങൾക്കാണ്.

കുറുക്കൻ : ഓഹോ! അത്രയ്ക്കായോടാ അഹങ്കാരികളേ? (പുലിയോട്) ചെല്ല് പുലിച്ചേട്ടാ ചെല്ല്. ഒറ്റക്കടിക്ക് ഒരുത്തന്റെ കഴുത്ത് വായിലിരിക്കണം.

കരടി : തനിക്ക് ധൈര്യമില്ലെങ്കിൽ പറ. ഞാനായിക്കൊള്ളാം.

ആന : എന്നാലതൊന്ന് കണ്ടിട്ടുതന്നെ കാര്യം. (ചിന്നം വിളിക്കുന്നു. പശ്ചാത്ത

ലത്തിൽ മർമ്മര ശബ്ദം. ഇലകൾ പ്രത്യക്ഷപ്പെടുന്നു.)

ഇല : ശ്..ശ്.. നിർത്തുവിൻ. ഞങ്ങളാണ് ലോകത്തിന്റെ അന്നദാതാക്കൾ. ഞങ്ങളില്ലെങ്കിൽ നിങ്ങൾ സസ്യഭുക്കുകളില്ല. മാംസഭുക്കുകളുമില്ല. ഞങ്ങൾ എവിടെയുമുണ്ട്. കടലിലും, കരയിലുമെല്ലാം. നിങ്ങൾക്ക് ആഹാരം മാത്രമല്ല പാർപ്പിടവും, വസ്ത്രവും ജീവിതംതന്നെയും നൽകുന്ന ഞങ്ങളല്ലേ ഭൂമിയിലെ രാജാക്കന്മാർ?

കുറുക്കൻ : ഛേ..! കുറേ പച്ചിലകൾ വന്നു ചെലയ്ക്കുന്നതു കേട്ടില്ലേ.. .. കൂയ്,, ,,

മാംസഭു : (ഒന്നിച്ച്) നിങ്ങളെങ്ങനെയാണ് മാംസഭുക്കുകളായ ഞങ്ങളെ പോറ്റുന്നത്?

സസ്യഭു : പ്രകാശ സംശ്ലേഷണത്തിലൂടെ ഞങ്ങൾ പാകം ചെയ്യുന്ന ഭക്ഷണംകഴിച്ചിട്ടാണ് ഈ സസ്യഭുക്കുകൾ തടിച്ചുകൊഴുക്കുന്നത്. അവരുടെ മാംസം കിട്ടിയില്ലെങ്കിൽ നിങ്ങൾ എന്തു ഭക്ഷിക്കും? (പശ്ചാത്തലത്തിൽ പ്രത്യേക സംഗീതം– സൂര്യൻ ഉദിച്ചു വരുന്നു.)

സൂര്യൻ : ഹഹഹ.. പ്രകാശസംശ്ലേഷണമോ..? എന്റെ പ്രകാശമില്ലെങ്കിൽ പിന്നെന്ത് പ്രകാശസംശ്ലേഷണം? ഞാനില്ലെങ്കിൽ സസ്യങ്ങളായ നിങ്ങൾക്കും ഭക്ഷ ണമില്ല. . നിലനിൽപ്പില്ല. (എല്ലാവരും അന്യോന്യം പതുക്കെ 'സൂര്യൻ,സൂര്യൻ' എന്നു പറയുന്നു.)

കുട്ടികളേ.. എന്റെ കനിവിലാണ് നിങ്ങളുടെയല്ലാം പുലർച്ച. നിങ്ങളുടെ വെളിച്ചവും ചൂടും ശക്തിയും എല്ലാസമ്പത്തും, എന്തിന് നിലാവു പോലും എന്റെ സംഭാവനകളാണ്. ഇവിടെ രാജാവുമില്ല.. പ്രജയുമില്ല. എല്ലാവരും എന്റെ ഊർജ്ജത്തിന്റെ ഉപഭോക്താക്കൾ മാത്രം. അതു കൊണ്ട് നിങ്ങൾ പരസ്പരം മത്സരിക്കാതെ അവരവർക്കാവശ്യമുള്ളത് കൊണ്ടും കൊടുത്തും കഴിഞ്ഞാൽ പോരേ മക്കളേ.. ..

എല്ലാവരും : മതി !മതി ! മതി !

– സംഗീതം–

സസ്യങ്ങൾ, സസ്യഭുക്കുകൾ, മാംസഭുക്കുകൾ, എന്ന ക്രമത്തിൽ അപ്രത്യക്ഷമാകുന്നു. വന്നപ്പോഴത്തെ പ്രത്യേക സംഗീതത്തോടെ സൂര്യനും മറയുന്നു.

പ്രൊഫ:എസ്.ശിവദാസ്

# അമ്പിളി

തുമ്പപ്പൂവിലും തൂമയെഴും നിലാ-
വൻപിൽത്തൂവിക്കൊണ്ടാകാശവീഥിയിൽ
അമ്പിളി പൊങ്ങിനില്ക്കുന്നിതാ മര-
ക്കൊമ്പിന്മേൽനിന്നു കോലോളം ദൂരത്തിൽ

വെള്ളമേഘശകലങ്ങളാം നുര-
തള്ളിച്ചുകൊണ്ടു ദേവകൾ വിണ്ണാകും
വെള്ളത്തിൽ വിളയാടിത്തുഴഞ്ഞുപോം
വെള്ളിയോടമിതെന്നു തോന്നീടുന്നു!

വിണ്മേൽനിന്നു മന്ദസ്മിതം തൂവുമെൻ
വെണ്മതിക്കുമ്പേ, നിന്നെയീയന്തിയിൽ
അമ്മതന്നങ്കമേറിയെൻ സോദര-
'നമ്മാവാ'യെന്നലിഞ്ഞു വിളിക്കുന്നു!

ദേഹശോഭപോലുള്ളത്തിൽക്കൂറുമീ-
മോഹനാകൃതിക്കുണ്ടിതെൻ പിന്നാലെ

സ്നേഹമോടും വിളിക്കുംവഴി പോരു-
ന്നാഹാ! കൊച്ചുവെള്ളാട്ടിൻ കിടാവുപോൽ.
വട്ടം നന്നല്ലിതീവണ്ണമോടിയാൽ
മുട്ടുമേ ചെന്നക്കുന്നിന്മുകളിൽ നീ;
ഒട്ടുനില്ക്കങ്ങു, വന്നൊന്നു നിന്മേനി
തൊട്ടിടാനും കൊതിയെനിക്കോമനേ.
എന്നു കൈപൊക്കിയോടിനാനുന്മുഖൻ
കുന്നേറാനൊരു സാഹസി ബാലകൻ,
ചെന്നു പിന്നിൽ ഗൃഹപാഠകാലമാ-
യെന്നു ജ്യേഷ്ഠൻ തടഞ്ഞു ഞെട്ടുംവരെ.

– കുമാരനാശാൻ

# അഭ്യാസം

## I. അർത്ഥം കണ്ടെത്താമോ :

തൂമ, അൻപ്, വീഥി, മേഘശകലം, നുര, വിണ്ണ്, ഓടം, മന്ദസ്മിതം, വെണ്മതി, അന്തി, അങ്കം, ശോഭ, മോഹനം, ആകൃതി, കിടാവ്, മേനി, ഇവണ്ണം, ഒട്ട്, ഉന്മുഖൻ, സാഹസി, ബാലകൻ, വിളയാടുക, ഗൃഹം.

## II. പിരിച്ചെഴുതുക :

| | | | |
|---|---|---|---|
| ആടിത്തുഴഞ്ഞു | = | ____________ | + ____________ |
| വെള്ളിയോടം | = | ____________ | + ____________ |
| വെണ്മതിക്കൂമ്പ് | = | ____________ | + ____________ |
| വീഥിയിൽ | = | ____________ | + ____________ |

## III. ചേർത്തെഴുതുക :

| | | | | |
|---|---|---|---|---|
| തൂമ | + | എഴും | = | ____________ |
| മര | + | കൊമ്പ് | = | ____________ |
| അങ്കം | + | ഏറി | = | ____________ |
| ആയി | + | എന്ന് | = | ____________ |

## IV. സമാനപദം എഴുതുക: (പര്യായപദങ്ങൾ)

| | | |
|---|---|---|
| ആകാശം | ____________, | ____________. |
| അമ്പിളി | ____________, | ____________. |
| മേഘം | ____________, | ____________. |
| ഓടം | ____________, | ____________. |
| വെള്ളം | ____________, | ____________. |
| ദേഹം | ____________, | ____________. |

## V. നാനാർത്ഥം എഴുതുക :

| | | |
|---|---|---|
| സ്നേഹം, | ____________, | ____________. |
| വട്ടം, | ____________, | ____________. |

## VI. പൂരിപ്പിക്കുക :

1. ________ ലും തൂമയെഴുന്നതാണ് നിലാവ്.
2. വെണ്മതിക്കൂമ്പേ എന്ന് ________ നെയാണ് പറഞ്ഞിരിക്കുന്നത്.
3. അമ്പിളി ________ നെപ്പോലെയാണ് കൂടെ വന്നത്.
4. ദേവകളുടെ ________ ആയിട്ടാണ് നിലാവിനെ പറഞ്ഞിരിക്കുന്നത്.
5. അമ്മയുടെ മടിയിലിരിക്കുന്ന കുട്ടി ________ എന്നാണ് അമ്പിളി വിളിക്കുന്നത്.

## VII. ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക :

1. ഈ കവിത എഴുതിയതാരാണ്?
2. അമ്പിളി എവിടെയാണ് നില്ക്കുന്നത്?
3. അമ്പിളിയെ എന്തെല്ലാമായിട്ടാണ് സങ്കല്പിച്ചിരിക്കുന്നത്?
4. 'വട്ടം നന്നല്ലതിവണ്ണമോടിയാൽ' എന്തു സംഭവിക്കും എന്നാണ് പറയുന്നത്?
5. എന്തിനാണ് അമ്പിളിയോട് നില്ക്കാൻ ആവശ്യപ്പെടുന്നത്?
6. ബാലകൻ കാട്ടിയ സാഹസമെന്ത്?

## VIII. മന:പാഠമാക്കുക :

"തുമ്പപ്പൂവിലും.. .. .. .. .. .. .. .. ഞെട്ടും വരെ."

## IX. ചേരുംപടി ചേർക്കുക :

| | | |
|---|---|---|
| തൂമയെഴും | – | വെള്ളമേഘം |
| നുരകൾ | – | നിലാവ് |
| വെള്ളിയോടം | – | മലകയറ്റം |
| സാഹസി | – | ചന്ദ്രക്കല |

### പ്രവർത്തനം :

1. 'തുമ്പപ്പൂവിന് തൂമനിറമാണ്'–– തൂമനിറമുള്ള പൂക്കളുടെ പേരെഴുതുക. .
2. അമ്പിളിയെ വെള്ളി ഓടം പോലെയാണെന്ന് കവി പറയുന്നു. നിങ്ങൾക്ക് മറ്റേതെങ്കിലും വസ്തുക്കളുമായി താരതമ്യം ചെയ്യാമോ? എഴുതി നോക്കൂ. .
3. അമ്പിളി എല്ലാ ദിവസവും ഒരുപോലെയാണോ കാണപ്പെടുന്നത്? വെളുത്ത വാവു തുടങ്ങി അടുത്ത വെളുത്ത വാവു വരെ ചന്ദ്രനെനിരീക്ഷിച്ച് ചന്ദ്രന്റെ രൂപം വരച്ചു നോക്കൂ. കൂടെ അടുത്തുള്ള നക്ഷത്രങ്ങളുമാവാം.
4. 1ാം ദിവസം, 2ാം ദിവസം എന്നിങ്ങനെ , പുസ്തകത്തിൽ 'ഞാൻ കണ്ട അമ്പിളിമാമൻ'എന്നു പേരിട്ട് ചിത്രപുസ്തകം തയ്യാറാക്കൂ.
5. അമ്പിളിയെപ്പറ്റിയുള്ള മറ്റു കവിതകൾ ശേഖരിച്ച് ക്ലാസിൽ പാടുക.
6. അമ്പിളിയെപ്പറ്റി ചെറിയ കവിത എഴുതാമോ?

ഗദ്യം

# ചിത്രം വരയ്ക്കുന്ന

## നക്ഷത്രങ്ങൾ

ആകാശത്തേക്കു നോക്കിയാൽ ഒരുപാടൊരുപാടു നക്ഷത്രങ്ങളെ കാണാം. നക്ഷത്രം പതിച്ച ആകാശത്തട്ട് അതിനു താഴേക്കൂടെ കാറ്റിലോടുന്ന മേഘങ്ങൾ. ആകാശത്തേക്കു നോക്കി നിന്നാൽ സമയം പോകുന്നതറിയില്ല. എത്ര സുന്ദരമായ ദൃശ്യം. വെറുതെയാണോ നക്ഷത്രങ്ങളെപ്പറ്റിയും ആകാശത്തെപ്പറ്റിയും നൂറുകണക്കിന് കവിതകളുണ്ടായത്.



ചില നക്ഷത്രങ്ങൾ ചേർന്നു രസകരമായ ചില രൂപങ്ങളിൽ കാണാം. സൂക്ഷിച്ചു നോക്കിയാൽ മനസ്സിൽ ഓരോ രൂപവും തെളിഞ്ഞു വരുന്നതായി തോന്നും. അങ്ങനെ പല കൂട്ടങ്ങളേയും കാണാം. ചിലതിന് ഏതെങ്കിലും മൃഗത്തിന്റെ രൂപം. ചിലതു മനുഷ്യന്റെ രൂപം. ചിലതു ചേർന്നു തുലാസിന്റെ രൂപം. വേറെ ചില നക്ഷത്രങ്ങൾ ചേർന്ന് കുടത്തിന്റെ രൂപം. അങ്ങനെഎത്രയെത്ര രൂപങ്ങൾ? ഓരോ രൂപത്തിനുമനുസരിച്ച് മനുഷ്യൻ ആ കൂട്ടങ്ങൾക്കൊക്കെ പേരുകളും നല്കി. അങ്ങനെയാണ് ചിങ്ങവും കന്നിയും തുലാമും ഒക്കെ ഉണ്ടായത്. അവയൊക്കെ നക്ഷത്രക്കൂട്ടങ്ങളാണ്.

മുൻകാൽ മടക്കിയ സിംഹത്തിന്റെ രൂപത്തിലാണ് ചിങ്ങം എന്ന നക്ഷത്രക്കൂട്ടം. സിംഹം ചിങ്ങമായെന്നുമാത്രം.

ദീപം കൊളുത്തി നില്ക്കുന്ന കന്യകയുടെ രൂപത്തിലാണ് കന്നി. കടയിൽ കരുപ്പെട്ടിയും മുളകുമെല്ലാം തൂക്കുന്ന തുലാസില്ലേ. ഈ തുലാസിന്റെ രൂപം തോന്നിക്കുന്ന നക്ഷത്രക്കൂട്ടമാണ് തുലാം.

വൃശ്ചികം എന്നവാക്കിന് അർത്ഥം തേൾ എന്നാണ്. തേളിന്റെ രൂപത്തിലുള്ള നക്ഷത്രക്കൂട്ടമാണ് വൃശ്ചികം. സെൻ റൗറസ് ഒരു നക്ഷത്രക്കൂട്ടമാണ്. വളരെ വിചിത്രമായ രൂപമാണ് സെൻ റൗറസിന്റേത്. മനുഷ്യന്റെ തല മുതൽ അരവരെയുള്ള ഭാഗം ഒരു കുതിരയുടെ കഴുത്തിൽ ചേർത്തുവച്ചാൽ എങ്ങനെയിരിക്കും? ആ രൂപത്തിന്റെ പേരാണ് സെൻറൗറർ. ആ രൂപം തോന്നിക്കുന്ന നക്ഷത്രക്കൂട്ടമാണ് സെൻറൗറസ്.

ഒരു കാര്യം കൂടി ഓർത്തോളൂ. ഒരേ നക്ഷത്രക്കൂട്ടത്തിലെ എല്ലാ നക്ഷത്രങ്ങളും അടുത്തടുത്തു കിടക്കുന്നവയാവണമെന്നില്ല. നാം നോക്കുന്ന ദിശയിൽ അവ വളരെ അകലത്തിലാവാം. പക്ഷെ, അടുത്തടുത്തു കാണുന്നു. മറ്റൊരു ദിശയിൽനിന്നു നോക്കാൻ സാധിച്ചിരുന്നുവെങ്കിൽ അവയെ വളരെ അകലെ കാണുവാൻ സാധിക്കുമായിരുന്നു. കെട്ടിടത്തിന്റെ മുന്നിൽനിന്നു നോക്കുമ്പോൾ, പുറകിലുള്ള മരം കെട്ടിടത്തിനോടുചേർന്നു വളരുന്നുവെന്നല്ലേ കാണുക. പുറകിൽ മരത്തിലേക്ക് എത്ര ദൂരമുണ്ട് എന്ന് മുന്നിൽനിന്നു നോക്കിയാൽ മനസ്സിലാവില്ല. ഒരു വശത്തുനിന്നു നോക്കിയാലോ. അതുപോലെയാണ് നക്ഷത്രക്കൂട്ടങ്ങളിൽ നക്ഷത്രങ്ങൾ പലതും അടുത്തടുത്തായി കാണുന്നത്.

### നക്ഷത്ര കുടുംബങ്ങൾ :

പല പല രൂപത്തിൽ നക്ഷത്രങ്ങളെ കാണുന്നുവെന്ന് പറഞ്ഞു. തുലാസും തേളും കുടവും, അങ്ങനെ പല രൂപങ്ങളിലും നക്ഷത്രങ്ങളെ നമുക്കു കാണാമെന്നു പറഞ്ഞു. പക്ഷേ, അതൊക്കെ നാം അവയെ കാണുന്ന കാര്യം മാത്രമാണ്. അതിലുമൊക്കെ വലിയ വലിയ കൂട്ടങ്ങളായാണ് നക്ഷത്രങ്ങൾ കിടക്കുന്നത്. ഓരോ കൂട്ടത്തിലും കോടിക്കണക്കിനു നക്ഷത്രങ്ങളുണ്ട്. അത്തരം ഓരോ കൂട്ടത്തിനും നക്ഷത്രകുടുംബം എന്നു പറയാം. നക്ഷത്രകുടുംബത്തിന് ശാസ്ത്രജ്ഞന്മാരൊരു പേരുകൊടുത്തിട്ടുണ്ട്. ആ പേരാണ് ഗ്യാലക്സി.



അപ്പോൾ, എന്താണ് ഗ്യാലക്സി? കോടിക്കണക്കിനു നക്ഷത്രങ്ങളുള്ള വലിയ നക്ഷത്രക്കൂട്ടം. നക്ഷത്രങ്ങളോടൊപ്പം ഗ്രഹങ്ങളും ഉപഗ്രഹങ്ങളും എല്ലാം ഉണ്ട്. നമ്മുടെ സൂര്യനും ഒരു നക്ഷത്രകുടുംബത്തിലെ അംഗമാണ്. ആകാശഗംഗ എന്നാണ് ഈകുടുംബത്തിന്റെപേര്. കോടിക്കണക്കിനുഗ്യാലക്സികളുണ്ട്.ചില ഗ്യാലക്സി

കൾക്ക് പേരിട്ടിട്ടുണ്ട്. ആൻഡ്രോമീഡ എന്ന പേരുള്ള ഒരു ഗ്യാലക്സിയുണ്ട്. ആകാശ ഗംഗയോട് ഏറ്റവുമടുത്ത ഗ്യാലക്സിയാണ് ആൻഡ്രോമീഡ.

പക്ഷേ, എല്ലാ ഗ്യാലക്സികൾക്കും പേരിടാൻ പറ്റുമോ? പോലീസുകാർക്കു കെ. പി. നമ്പറുള്ളതറിയില്ലേ? കെ.പി.31 എന്നു പറഞ്ഞാൽ കേരളാ പോലീസ് 31. ആളിനു വേറെ പേരുകാണും. പക്ഷേ, നമ്പറുള്ളത് പലതിനും നല്ലതാണ്. അതുപോലെ ഗ്യാല ക്സികൾക്കും നമ്പറുകളുണ്ട്. എൻ.ജി.സി.891 എന്നത് ഒരു ഗ്യാലക്സിയുടെ നമ്പറാ ണ്. എൻ.ജി.സി. 5194 വേറൊരു ഗ്യാലക്സിയാണ്. പല പല ആകൃതികളിലുമുള്ള ഗ്യാല ക്സികൾ ഉണ്ട്.

ഓരോ ഗ്യാലക്സിയിലും കോടിക്കണക്കിനു നക്ഷത്രങ്ങളുണ്ട്. നമ്മുടെ ഗ്യാല ക്സിയിൽത്തന്നെ നാലായിരം കോടിയിലധികം നക്ഷത്രങ്ങളുണ്ടെന്ന് കണക്കാക്കപ്പെടു ന്നു. നാലും അഞ്ചും പത്തും നൂറും ഇരുന്നൂറും പ്രകാശവർഷങ്ങളാണ് നക്ഷത്രങ്ങൾ തമ്മിൽത്തമ്മിലുള്ള ദൂരം. അപ്പോൾപ്പിന്നെ കോടിക്കണക്കിനു നക്ഷത്രങ്ങളുള്ള ഗ്യാലക്സികളുടെ വലുപ്പത്തെക്കുറിച്ച് ഒന്ന് ആലോചിച്ചു നോക്കൂ.

ആകാശഗംഗയുടെ ഏറ്റവും കൂടിയ നീളം ഒരു ലക്ഷം പ്രകാശവർഷമാണ്. എന്താ കിലോമീറ്ററാക്കി നോക്കുന്നോ? ആകാശഗംഗയുടെ കേന്ദ്രത്തിൽനിന്ന് 30,000 പ്രകാശവർഷം അകലെയാണു നാം. (ഒരു പ്രകാശവർഷം= .. .. .. .. .. .. .. .. .. .. .. .. .. കി.മി.).

## അഭ്യാസം

### I. അർത്ഥം കണ്ടുപിടിക്കാമോ :

ദൃശ്യം, ദിശ, പ്രകാശവർഷം, ദീപം.

### II. ചേർത്തെഴുതാം :

| | | | | |
|---|---|---|---|---|
| സാധിയ്ക്കും | + | ആയിരുന്നു | = | ________ |
| കാണുന്നു | + | എന്നു | = | ________ |
| അവ | + | ഒക്കെ | = | ________ |
| വെറുതെ | + | ആണോ | = | ________ |

### III. തെറ്റു തിരുത്താം :

വൃച്ഛികം, വിജിത്രം, ഉപഗൃഹം. മേഖങ്ങൾ.

## IV. ചേരുംപടി ചേർക്കുക :

| | | |
|---|---|---|
| ആകാശഗംഗ | – | തേൾ |
| ഗ്യാലക്സി | – | സൂര്യൻ |
| വൃശ്ചികം | – | സിംഹം |
| തുലാം | – | ആൻഡ്രോമീഡ |
| ചിങ്ങം | – | തുലാസ് |

## V. ഒന്നോ രണ്ടോ വരിയിൽ ഉത്തരമെഴുതുക :

1. നക്ഷത്രക്കൂട്ടങ്ങൾ ഏതെല്ലാം രൂപങ്ങളിൽ കാണപ്പെടുന്നു?
2. സെൻറൗറസ് നക്ഷത്രക്കൂട്ടത്തിന്റെ രൂപമെന്ത്?
3. വൃശ്ചികത്തെക്കുറിച്ച് എഴുതുക.
4. ആകാശഗംഗ എന്നാലെന്ത്?

## VI. വിശദമായി ഉത്തരമെഴുതുക :

1. നക്ഷത്രക്കൂട്ടങ്ങളിൽ നക്ഷത്രങ്ങൾ അടുത്തടുത്തു കാണുന്നതെന്തുകൊണ്ട്?
2. 'ഗ്യാലക്സി' എന്നാൽ എന്ത്? വിശദീകരിക്കുക.
3. ഗ്യാലക്സികളുടെ വലുപ്പം, ഭൂമിയിൽ നിന്നുള്ള ദൂരം ഇവയെപ്പറ്റി എഴുതുക.
4. ഗ്യാലക്സികൾക്ക് പേരിടുന്നതെങ്ങനെ?

## VII. പൂരിപ്പിക്കാം :

1. സൗരയൂഥം ഉൾക്കൊള്ളുന്ന ഗ്യാലക്സിയുടെ പേര് ____________ എന്നാണ്.
2. നാം ആകാശഗംഗയുടെ കേന്ദ്രത്തിൽനിന്ന് ______________________ കിലോമീറ്റർ അകലെ യാണ്.
3. ആകാശഗംഗയോട് ഏറ്റവും അടുത്തുകിടക്കുന്ന ഗ്യാലക്സിയാണ് ______________________.

## പ്രയോഗം :

1. "വെറുതെയാണോ നക്ഷത്രങ്ങളെപ്പറ്റിയും ആകാശത്തെപ്പറ്റിയും നൂറുകണക്കിന് കവിതകളുണ്ടായത്.. .. " പാഠഭാഗം വായിച്ചുവല്ലോ. നിങ്ങൾക്കും ആകാശക്കാഴ്ചക ളെക്കുറിച്ച് കഥകളും കവിതകളുമെഴുതിക്കൂടേ.. ..? തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കൂ.

## കവിതാവേദി :

ആകാശക്കാഴ്ചകളെപ്പറ്റി പല കവികളും രചിച്ച കവിതകൾ ശേഖരിച്ച് ക്ലാസിൽ അവതരിപ്പിക്കൂ.

## ചിത്രം വരയ്ക്കാം :

നക്ഷത്രങ്ങൾ തെളിഞ്ഞ രാത്രിയിൽ ആകാശത്തേക്കു നോക്കി നക്ഷത്രക്കൂട്ടങ്ങളെ കണ്ടെത്താൻ ശ്രമിക്കൂ. നക്ഷത്രങ്ങളുടെ സ്ഥാനങ്ങൾ കടലാസിലേക്ക് പകർത്തി അവയെ ബന്ധിപ്പിച്ചുകൊണ്ട് രൂപങ്ങൾ വരച്ചു നോക്കൂ.

നക്ഷത്ര നിരീക്ഷണ ക്ലാസുകളിൽ പങ്കെടുത്ത് നക്ഷത്രങ്ങളെക്കുറിച്ച് കൂടുതൽ അറിയാൻ ശ്രമിയ്ക്കൂ.

നക്ഷത്രനിരീക്ഷണം ശാസ്ത്രീയമാക്കുന്നതിന് 'ക്ലൈനോമീറ്റർ', ദൂരദർശിനി (ടെലിസ് കോപ്പ്) ഇവ നിർമ്മിക്കുന്നതെങ്ങനെയെന്ന് അദ്ധ്യാപകരോട് ചോദിച്ചു മനസ്സിലാക്കൂ.

## ആൽബം തയ്യാറാക്കാം :

വിവിധ ഗ്യാലക്സികൾ, സൗരയൂഥത്തിലെ അംഗങ്ങൾ തുടങ്ങി ആകാശത്തെ സംബന്ധിക്കുന്ന ചിത്രങ്ങളും വാർത്തകളും ശേഖരിച്ച് ആൽബം തയ്യാറാക്കൂ.

## കടംകഥ പറയാം :

ആകാശക്കാഴ്ചകളെ സംബന്ധിക്കുന്ന കടംകഥകൾ കണ്ടെത്തി മത്സര രൂപത്തിൽ ക്ലാസിൽ 'കടംകഥ മത്സരം' നടത്തൂ. അവ ചാർട്ടിൽ എഴുതി ക്ലാസിൽ പ്രദർശിപ്പിക്കൂ. ഉദ: ആനകേറാമല ആടുകേറാമല ആയിരം കാന്താരി പൂത്തിറങ്ങി.

## സംവാദം :

സൂര്യനും, ചന്ദ്രനും, ഭൂമിയും, നക്ഷത്രങ്ങളും, മറ്റും തങ്ങളുടെ മേന്മകൾ പറയുന്നതു മാതിരിയുള്ള ഒരു വാദപ്രതിവാദം എഴുതിത്തയ്യാറാക്കി ക്ലാസിൽ അവതരിപ്പിച്ചു നോക്കൂ. (മുതിർന്നവരുടേയും, അദ്ധ്യാപകരുടേയും സഹായം തേടാം.)

## സിനിമ കാണാം :

ആകാശയാത്ര, വാനനിരീക്ഷണം, തുടങ്ങിയ വിഷയങ്ങളിൽ ധാരാളം സി.ഡി.കൾ ഇറങ്ങിയിട്ടുണ്ട്. അദ്ധ്യാപകരുടെ സഹായത്തോടെ ഇവ കാണാനുള്ള സാഹചര്യമൊരുക്കൂ. പ്രവൃത്തിയെ സൂചിപ്പിക്കുന്ന പദങ്ങളുപയോഗിച്ച് ചക്രം പൂരിപ്പിക്കുക. അവ താഴെ എഴുതുക.

# സ്വാർത്ഥതയുടെ ഫലം

വിശാലമായ ആ വനപ്രദേശം സസ്യലതാദികളാൽ സമൃദ്ധമായിരുന്നു. വളരെ അമൂല്യമായ ഔഷധച്ചെടികൾ പോലും അവിടെ സുലഭമായിരുന്നു.

സാത്ത്വികനായ ഒരു മഹർഷി ആ വനപ്രദേശത്ത് പർണ്ണശാല കെട്ടി പാർത്തിരുന്നു. തപശ്ശക്തികൊണ്ടും പാണ്ഡിത്യം കൊണ്ടും അദ്ദേഹം ജനങ്ങളുടെ അത്യധികമായ ആദരവ് നേടിയെടുത്തിരുന്നു. ആ പ്രദേശത്തുകൂടെ കടന്നുപോകുന്നവരെല്ലാം മഹർഷിയെകണ്ട് അനുഗ്രഹം വാങ്ങാൻ മറക്കാറില്ല.

ഒരു നാൾ ആ വനപ്രദേശത്ത് ഒരു സംഘം കൊള്ളക്കാർ വന്ന് താവളമടിച്ചു. ഒരു ദിവസം ഒരു സാധു കർഷകൻ ആ കാട്ടിൽ വന്നു. തളർവാതം പിടിപെട്ട തന്റെ മകന് ചികിത്സയ്ക്ക് ആവശ്യമായ ഔഷധച്ചെടികൾ തേടിയാണ് അയാൾ അവിടെ വന്നത്.



ഔഷധങ്ങൾ നിർമ്മിച്ചുതരാമെന്ന് ഏറ്റിരുന്ന വൈദ്യന് നൽകാനായി തന്റെ സ്വത്തുക്കളെല്ലാം വിറ്റ പണവും അയാൾ കൈയിൽ കരുതിയിരുന്നു. ഔഷധച്ചെടികൾ ശേഖരിക്കന്നതോടൊപ്പം മഹർഷിയെ കണ്ട് അനുഗ്രഹം വാങ്ങണമെന്നും അയാൾ ആഗ്രഹിച്ചു.

നടന്നു നടന്ന് കർഷകൻ ആ ആശ്രമപ്രദേശത്തേക്കുള്ള കാട്ടുപാതയിലെത്തി. അപ്പോഴാണ് തന്നെ പിന്തുടർന്നു വരുന്ന ഒരു കൂട്ടം ആയുധധാരികളായ ആളുകളെ അയാൾ കണ്ടത്. ഒറ്റനോട്ടത്തിൽത്തന്നെ അവർ കൊള്ളക്കാരാണെന്ന് മനസ്സിലായി. അയാൾ ജീവനും കൊണ്ടോടി. എങ്ങനേയും മഹർഷിയുടെ ആശ്രമത്തിൽ എത്തി ച്ചേർന്നാൽ മതിയെന്നായി.

ഓടിയോടി അയാൾ ഒരു വിധത്തിൽ ആശ്രമത്തിൽ എത്തിച്ചേർന്നു. പർണ്ണാശ്രമ ത്തിനു മുന്നിലുള്ള മുറ്റത്ത് ഉലാത്തുകയായിരുന്ന മഹർഷിയെ അയാൾ നമസ്കരിച്ചു.

“മഹർഷേ, എന്നെ രക്ഷിക്കണം. കൊള്ളക്കാർ എന്റെ പിന്നിലുണ്ട്. ഞാൻ അങ്ങ യുടെ പർണ്ണാശ്രമത്തിനുള്ളിൽ ഒളിക്കാൻ പോവുകയാണ്. അവർ വന്ന് എന്നെ അന്വേ ഷിച്ചാൽ ഞാൻ ഈ വഴി വന്നിട്ടില്ലെന്നു പറയണം.”

അയാൾ ഒറ്റ ശ്വാസത്തിൽ ഇത്രയും പറഞ്ഞ് നിർത്തിയിട്ട്, മഹർഷിയുടെ മറുപടി ക്കായി കാത്തുനിൽക്കാതെ പർണ്ണാശ്രമത്തിനുള്ളിൽ കയറി ഒളിച്ചു.

ഏതാനും നിമിഷങ്ങൾക്കകം ഒരു സംഘം കൊള്ളക്കാർ അവിടെയെത്തി. അതി ലൊരുവൻ ഭവ്യതയോടെ മഹർഷിയോടു ചോദിച്ചു:

“മഹർഷേ, ഈ വഴി ഒരുവൻ കടന്നുപോയോ?”
മഹർഷി ഉത്തരം നൽകാതെ അവരെ നോക്കി കണ്ണു ചിമ്മി.

“മഹർഷേ, അങ്ങ് പരമഭക്തനും സത്യസന്ധനും ആണെന്ന് ഞങ്ങൾക്കറിയാം. അങ്ങയുടെ വാക്കുകൾ ഞങ്ങൾ അവിശ്വസിക്കുന്നില്ല.” “അങ്ങ് ഒരിക്കലും സത്യ ത്തിന്റെ പാത വിട്ടു പ്രവർത്തിക്കുകയോ സംസാരിക്കുകയോ ചെയ്തിട്ടില്ലല്ലോ! അങ്ങ് പറയൂ. ഒരുവൻ ഇതു വഴി കടന്നുപോയോ?” കൊള്ളക്കാർ ഓരോരുത്തരായി മഹർഷിയെ പ്രീണിപ്പിക്കുകയും സ്തുതിക്കുകയും ചെയ്തുകൊണ്ട് ചോദ്യങ്ങൾ ആവർത്തിച്ചു. മഹർഷി ആലോചിച്ചു. 'എങ്ങനെ ഇല്ലെന്നു പറയും? ഇല്ലെന്നു പറ ഞ്ഞാൽ അത് അസത്യമല്ലേ? സത്യമല്ലാത്ത ഒന്നും ഇന്നുവരെ പറഞ്ഞിട്ടില്ലാത്ത ഞാൻ വെറുമൊരു സാധാരണ മനുഷ്യനുവേണ്ടി അസത്യം പറയുകയോ.. വേണ്ട, സത്യം തന്നെ പറയാം'

“ഒരുവൻ ഇതുവഴി വന്നു!”
“എവിടെ അവൻ?” മഹർഷി തന്റെ പർണ്ണാശ്രമം ചൂണ്ടിക്കാട്ടി.
അവർ പർണ്ണാശ്രമത്തിനുള്ളിലേക്ക് കുതിച്ചു.

അല്പസമയത്തിനുള്ളിൽ ആ പാവം കർഷകനെ വലിച്ചിഴച്ചുകൊണ്ട് അവർ വനത്തിനുള്ളിലേക്ക് പോയി.

പിന്നേയും സംവത്സരങ്ങൾ കടന്നുപോയി.
മഹർഷി മരിച്ചു.

മഹർഷിയെ ദർശിച്ച മാത്രയിൽ ദൈവത്തിന്റെ കണ്ണുകൾ കോപംകൊണ്ട് ജ്വലിച്ചു. “ദൈവമേ എന്റെ വാക്കുകൾ കേൾക്കണേ.. .. ഞാൻ അങ്ങയുടെ നാമവും ഉരുവിട്ട് ജീവിതകാലം മുഴുവൻ തപസ്സനുഷ്ഠിച്ചവനാണ്. ഒരു ഉറുമ്പിനെപ്പോലും നോവിച്ചിട്ടില്ല. സത്യമല്ലാത്ത ഒരു വാക്കുപോലും ഉച്ചരിച്ചിട്ടില്ല. എനിക്ക് സ്വർഗ്ഗം നിഷേധിക്കരുതേ.. ..”

ദൈവം പരിഹാസപൂർവം ചിരിച്ചു.. ..
“എന്തുകൊണ്ടാണ് അങ്ങ് എന്നെ പരിഹസിക്കുന്നത്?”
“നീ കാരണം ഒരു സാധു മനുഷ്യൻ കൊല്ലപ്പെട്ടു!”
“ഇല്ല, ഞാൻ മൂലം ആരും കൊല ചെയ്യപ്പെട്ടിട്ടില്ല..”

“ഉണ്ട്, വർഷങ്ങൾക്കു മുമ്പ് നിന്റെ ആശ്രമത്തിൽ അഭയം തേടിവന്ന ഒരു സാധു കർഷകനെ കൊള്ളക്കാർക്ക് ചൂണ്ടിക്കാണിച്ചു കൊടുത്തത് മറന്നുപോയോ? ആ സാധുവിനെ അവർ കൊന്നു. അവന്റെ മുതൽ അപഹരിച്ചു. അവന്റെ കുടുംബം അനാഥമായി.” മഹർഷിയുടെ മനസ്സിൽ ആ പഴയ സംഭവം തെളിഞ്ഞുവന്നു. “സത്യവിരുദ്ധമായി ഒന്നും പറയാത്ത ഞാൻ, ആ മനുഷ്യൻ എന്റെ ആശ്രമത്തിൽ ഒളിച്ചിരിക്കുന്ന വിവരം അവരോടു പറഞ്ഞു അല്ലാതെ ഞാൻ ആ മനുഷ്യന്റെ കൊലയ്ക്ക് ഉത്തരവാദിയല്ല.” മഹർഷി പറഞ്ഞു. “ഇത്ര കൊടും തപസ്സനുഷ്ഠിച്ചും എന്താണ് സത്യം? എന്താണ് അസത്യം? എന്ന് നീ ഗ്രഹിച്ചിട്ടില്ലേന്നോ? കഷ്ടം! കഷ്ടം! ഓരോരുത്തരുടേയും പ്രവൃത്തിയിലെ നന്മയേയും തിന്മയേയും ആശ്രയിച്ചാണ് സത്യവും അസത്യവും.”

ദൈവം തുടർന്നു: “നിന്റെ പ്രവൃത്തിയിലൂടെ തിന്മയുണ്ടായി. ഒരു സാധു മനുഷ്യന്റെ ജീവനും കുടുംബവും നിനക്കു രക്ഷിക്കാൻ കഴിയുമായിരുന്നു. പക്ഷേ, നിന്റെ യശസ്സിനു കളങ്കം വരാതിരിക്കാൻ വേണ്ടി സത്യം പറഞ്ഞു. അതിന്റെ ഫലമോ? ആ സാധുവിന്റെ ജീവൻ നഷ്ടപ്പെട്ടു. കുടുംബം അനാഥമായി. നിന്റെ ഈ സത്യസന്ധത വെറും സ്വാർത്ഥതയാണ്. അതിനാൽ നിനക്ക് സ്വർഗ്ഗത്തിൽ പ്രവേശനമില്ല..!”

# ഓണം വന്നാൽ

എം.എ. സചീന്ദ്രൻ

ഓണം വന്നാലെന്തൊക്കെ?
ഓണം വന്നാൽ പൂക്കാലം.
പൂക്കൾ വിരിയാനെന്തൊക്കെ ?
പൂക്കൾ വിരിയാൻ പൂപ്പാട്ട്.
കൂടെപ്പാടാനാരൊക്കെ ?
കൂടെപ്പാടാൻ കുട്ട്യോള്...
പൂവു പറിക്കാനെന്തൊക്കെ ?
പൂവു പറിക്കാൻ പൂക്കൊട്ട...
പൂവു പറിച്ചാലെന്തൊക്കെ?
മുറ്റം മെഴുകി, പ്പൂക്കളവും..



പൂത്തറയിൽ പൂവേതൊക്കെ?
വെള്ളയുടുക്കും തുമ്പപ്പൂ...
മഞ്ഞയുടുക്കും മുക്കുറ്റി...
ചെമ്പരത്തി ച്ചെമ്പട്ട്...
വേലിപ്പച്ചയരിഞ്ഞിട്ട്...





കാതു കുത്തിയ കാക്കപ്പൂ...
ചുണ്ടു ചുവക്കും തെച്ചിപ്പൂ...
കുട ചൂടിക്കാൻ കോളാമ്പി...
അതിരിൽ വെക്കാ,നതിരാണി. ...



പൂക്കളമിട്ടാലെന്തൊക്കെ?
തിരുവോണത്തിനു പൂക്കോടി...
കോടിയുടുത്താലെന്തൊക്കെ?
ഓണത്തപ്പനെ വരവേല്ക്കാം...

ഓണസ്സദ്യക്കിലവെച്ചാൽ...
കയ്യും കഴുകിയിരിക്കേണം...
ഓലൻ, കാളൻ, കൂട്ടുകറി...
അവിയലു പച്ചടി കിച്ചടിയും...
കുഞ്ഞിക്കുമ്പയ്ക്കാവോളം
പഴം നുറുക്കും പാലടയും...

ഉണ്ടു കഴിഞ്ഞാലുണ്ണികളേ...
ഉത്സാഹത്തോടെഴുന്നേൽക്കൂ,
കയ്യും വായും കഴുകി വരൂ...
കുഞ്ഞിക്കവിളിലൊരുമ്മ തരാം...

## അഭ്യാസം

### I. അർത്ഥം കണ്ടു പിടിക്കാമോ :

കോടി, കുംഭ, അതിരാണി.

### II. പിരിച്ചെഴുതുക :

| | | | | |
|---|---|---|---|---|
| വന്നാലെന്തൊക്കെ | = | ________ | + | ________ |
| വെള്ളയുടുക്കും | = | ________ | + | ________ |
| പൂക്കളം | = | ________ | + | ________ |
| ചെമ്പട്ട് | = | ________ | + | ________ |
| പൂക്കോടി. | = | ________ | + | ________ |

### III. ചേർത്തെഴുതുക :

| | | | | |
|---|---|---|---|---|
| പൂ | + | കൊട്ട | = | ________ |
| കൂടെ | + | പാടാൻ | = | ________ |
| തിരു | + | ഓണം | = | ________ |
| കുഞ്ഞി | + | കുമ്പ | = | ________ |
| വേലി | + | പച്ച | = | ________ |

### IV. സമാനപദമെഴുതുക :

ചുണ്ട്, കവിൾ, പൂവ്.

### V. ഒന്നോ രണ്ടോ വരികളിൽ ഉത്തരമെഴുതുക :


1. പൂത്തറയിൽ നിരത്തുന്ന പൂക്കളെന്തെല്ലാം?
2. ഓണസദ്യയിലെ ഏതെല്ലാം കറികളെക്കുറിച്ചാണ് കവിതയിൽ പറഞ്ഞിരിക്കുന്നത്?
3. ഓണത്തപ്പനെ എങ്ങനെ വരവേല്ക്കാം?
4. "കാതു കുത്തിയ കാക്കപ്പൂ.............നതിരാണി."
   ഇതുപോലെ മറ്റേതെങ്കിലും പൂക്കളെക്കുറിച്ചെഴുതാമോ?

### VI. ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക :

പണ്ടു കാലത്തെ ഓണം എങ്ങനെയായിരുന്നു എന്നു മനസ്സിലാക്കിയല്ലോ. ഇന്ന് എങ്ങനെയാണ് ഓണം ആഘോഷിക്കുന്നത്? സ്വന്തം ഭാഷയിൽ എഴുതുക.

**പ്രവർത്തനം :**

- ഓണത്തെക്കുറിച്ച് ചെറിയ കവിതയെഴുതാമോ?
- ഓണത്തിന് സാധാരണ കളിക്കാറുള്ള ഓണക്കളികൾ എന്തെല്ലാമെന്ന് കണ്ടുപിടിച്ച് അവ മറ്റുള്ളവർക്ക് വിശദീകരിക്കുക.
- നിങ്ങളുടെ ചുറ്റുപാടും കാണുന്ന പൂക്കളുടെ പേരുകൾ എഴുതി ആർക്കാണ് കൂടുതൽപൂക്കളുടെ പേരെഴുതാൻ കഴിയുന്നത് എന്ന വിഷയത്തിൽ മത്സരം ഏർപ്പെടുത്തുക.
- ഓണവുമായി ബന്ധപ്പെട്ട പൂക്കൾ, വിഭവങ്ങൾ, ആചാരം, കളികൾ ഇവയുമായി ബന്ധപ്പെട്ട വാക്കുകൾ കൊണ്ട് ഒരു പൂക്കളം തയ്യാറാക്കി ഉചിതമായ ചായം കൊടുക്കുക.
- ഓണം പോലെ തമിഴ്നാട്ടിലുള്ള ഒരു വിളവെടുപ്പാഘോഷത്തെപ്പറ്റി എഴുതുക.



ഗദ്യം

# പല്ലനത്തോട്



ആലപ്പുഴ നിന്ന് കൊല്ലത്തേക്ക് അതിരാവിലെ പുറപ്പെട്ട ഞങ്ങളുടെ ബോട്ട്, തോട്ടപ്പള്ളി ലോക്കും കടന്ന് , കുറച്ചു നേരം സഞ്ചരിച്ചതിനു ശേഷം പല്ലനത്തോട്ടിലെത്തി.

പ്രകൃതിയുടെ ഭാവം ഒന്നു പകർന്നു. പരിസരം കുറേക്കൂടി ഇരുണ്ടു.

ചീറിക്കൊണ്ട് ഒരു കാറ്റ്; ചാറിക്കൊണ്ട് ഒരു മഴ.

ബോട്ടുകാർ താർപ്പായ താഴ്ത്തിയിട്ടു . ഞങ്ങൾ രണ്ടു പേർ മാത്രം പുറത്തേക്കു തലയിട്ടുകൊണ്ടു നില്പായി.. ..

'അതാ അവിടയാണ് ആശാനെ അടക്കം ചെയ്തിരിക്കുന്നത്.'

തോട്ടത്തിന്റെ കരയ്ക്കുള്ള ഒരൊഴിഞ്ഞ പറമ്പിലേക്കു ചൂണ്ടിക്കാണിച്ചുകൊണ്ട് എന്റെ സ്നേഹിതൻ പറഞ്ഞു.

' എവിടെ?'ഞാൻ സംശയഭാവത്തിൽ ചോദിച്ചു.

'അതാ. ആ കാണുന്ന ചെറിയ തറ തന്നെ.'

എന്റെ ഹൃദയത്തിൽ നിരാശതയുടെ ഒരു നീറലുണ്ടായി. ആദ്യം എനിക്കു വിശ്വസിക്കുവാൻ കഴിഞ്ഞില്ല, ഞാൻ എന്റെ മുമ്പിൽ കാണുന്നത് ഒരു മഹാകവിയുടെ സ്മാരകമാണെന്ന്.

ഒരു ചെറിയ മാടത്തറയുടെ വലിപ്പത്തിൽ, ചെങ്കല്ലുകൊണ്ടു നാലരുകിലും കെട്ടിയുയർത്തിയ ഒരു പഴയ തറ. അതിന്മേൽ കത്തിക്കരിഞ്ഞ കൈത്തിരികളെപ്പോലെ ഉണങ്ങിയ അഞ്ചാറു തുളസിച്ചെടികളും– അതാണത്രേ ആ മഹാകവിയുടെ സ്മാരകം! അടക്കുവാൻ വയ്യാത്ത വികാരത്തോടെ ഞാൻ അങ്ങോട്ടു തന്നെ നോക്കി നിന്നു.

എന്റെ പ്രിയപ്പെട്ട കേരളീയ സഹോദരരേ, അതാ, അങ്ങോട്ടൊന്നു നോക്കൂ! 'കരുണ' എഴുതിയ കരങ്ങളാണ് ആ കൊച്ചു കൽത്തറയുടെ അടിയിൽ കിടക്കുന്നത്. ഏതൊരു ഹൃദയത്തിൽ നിന്നു'പ്രരോദനം'പൊട്ടിപ്പുറപ്പെട്ടുവോ, ആ കവനദീപ്തമായഹൃദയമാണ് അവിടെ ആറടി മണ്ണിനുള്ളിൽ അടിഞ്ഞു കിടക്കുന്നത്. വീണ്ടെടുക്കുവാൻ കഴിയാത്ത ഒരു പാണ്ഡിത്യഭണ്ഡാരമാണ് അവിടെ മൂടിക്കിടക്കുന്നത്. പതിരില്ലാത്ത പദപ്രവാഹത്തെ അതാ അന്ധകാരവും ഒരുപിടി മണ്ണും തടഞ്ഞു നിർത്തുന്നു!

അവിടം ഒരു പുഷ്പവാടിയല്ല. അവിടെ സൗന്ദര്യ ലഹരിയില്ല. പാടുവാൻ ഒരു കുയിലോ,ലീലയാടുവാൻ ഒരു ശലഭമോ അവിടെ കാണപ്പെടുന്നില്ല. അവിടെ നളിനിയില്ല; ഒരൊറ്റ വീണപൂവുപോലുമില്ല. ആ കവനവേദിയിൽ മണിമാലയോ, വനമാലയോ അർപ്പിക്കുവാൻ ആരും വരുന്നില്ല, അവിടെ വിശ്രമിക്കുവാൻ ഒരുചണ്ഡാലഭിക്ഷുകി പോലും ഇഷ്ടപ്പെടുകയില്ല. എന്തൊരു ദുരവസ്ഥ! എങ്കിലും കരുണാമയമാണ് ആപരിസരം. ദീർഘനേരം അവിടേയ്ക്കു നോക്കിനില്ക്കുവാൻ ഒരു സഹൃദയന് മനഃശക്തിയുണ്ടാവുകയില്ല. നമ്മളോ, അവിടേയ്ക്കു നോക്കുമ്പോൾ ചിന്താവിഷ്ടയായ സീതയെപ്പോലെ പ്രരോദനം ചെയ്തു പോകുന്നു.



നിത്യേന ആ വഴിക്കു എത്രയോ വള്ളങ്ങളും ബോട്ടുകളും കടന്നുപോകുന്നു. എന്നാൽ അവയിലുള്ളവരാരും , മരണത്തിനു ഒറ്റു നിന്നു കൊടുത്ത ആ തോടും, പാപപുണ്യാത്മകമായ ആ പറമ്പും , ആ ശപ്തമായ നിശ്ശബ്ദതയും നിർമ്മിക്കുന്ന ഭയാനക ചിത്രത്തെ ദർശിക്കുന്നില്ല. അധികമാർക്കും അങ്ങനെയൊരു സ്ഥലം അവിടെ ഉണ്ടെന്നു തന്നെ അറിഞ്ഞുകൂടാ. ആ പറമ്പിൽ നാളികേരം പറിക്കുവാൻ വരുന്നവർ പോലും ആ തറയുടെ മുകളിൽ അറിയാതെ കയറിനിന്നുപോയെന്നു വന്നേക്കാം. അത്രകണ്ട് അനാസ്ഥയും അശ്രദ്ധയും അവിടെ അടിഞ്ഞു കൂടിയിട്ടുണ്ട്.

ജിജ്ഞാസുവായ ഒരന്യദേശീയനായ യാത്രക്കാരൻ, ബോട്ടുകാരോട് ആ സ്ഥലം കാണിച്ചുകൊടുപ്പാൻ അപേക്ഷിച്ചാൽ അവർ ഒരലക്ഷ്യഭാവത്തിൽ ആ തറ ചൂണ്ടിക്കാണിച്ചു പറയും 'അതാ അവിടെയാണ് ആശാനെ അടക്കം ചെയ്തിരിക്കുന്നത്.' അത്ര മാത്രം.

ആ തിരിവു കഴിയാറായി. ബോട്ടിന്റെ സഹജമായ കിതപ്പ് വർദ്ധിച്ചു. ബോട്ടിൽനിന്നു ചീട്ടുകളിച്ചുകൊണ്ടിരുന്ന യാത്രക്കാർ എന്തോ വിജയം കൊണ്ട് ആർത്തു വിളിച്ചു.

ബോട്ടിന്റെ ചലനം നിർമ്മിച്ച ഒരു തരംഗം പാഞ്ഞു ചെന്ന് ആ പറമ്പിൽ സാഷ്ടാംഗം നമസ്കരിച്ചു. എനിക്കാകട്ടെ വികാരം കൊണ്ട് ഒന്നും തന്നെ ചെയ്‌വാൻ കഴിഞ്ഞില്ല.

# അഭ്യാസം

## I. പദപരിചയം :

ലോക്ക്, നിരാശത, മാടത്തറ, പ്രരോദനം, കവനദീപ്തം, പാണ്ഡിത്യം, ഭണ്ഡാരം, അന്ധകാരം, വാടി, കവനവേദി, ശലഭം, സഹൃദയൻ, ശപ്തം, ഭയാനകം, ജിജ്ഞാസ, അന്യദേശീയൻ, അനാസ്ഥ, സ്മാരകം.

## II. പിരിച്ചെഴുതുക :

| | | | | |
|---|---|---|---|---|
| അതാണത്രേ | = | ________ | + | ________ |
| കെട്ടിയുയർത്തിയ | = | ________ | + | ________ |
| ഒറ്റയൊറ്റ | = | ________ | + | ________ |

## III. ചേർത്തെഴുതുക :

| | | | | |
|---|---|---|---|---|
| പതിര് | + | ഇല്ലാത്ത | = | ________ |
| അഞ്ച് | + | ആറ് | = | ________ |
| മൂടി | + | കിടക്കുന്ന | = | ________ |
| പുണ്യ | + | ആത്മകം | = | ________ |

## IV. ശരിയായ അക്ഷരങ്ങളെഴുതി പൂരിപ്പിക്കുക :

| | |
|---|---|
| പ്രാരോ--നം | (ഥ, ധ,ദ) |
| ഭ--രം | (ണ്ഡാ, ണ്ടാ, ണ്ഠാ) |
| അ--കാരം | (ന്ത, ന്ധ,ന്ദ) |
| സഹൃ--യൻ | ( ഥ, ധ,ദ) |

## V. വിപരീതപദം എഴുതുക :

| | | |
|---|---|---|
| നിരാശ | x | ________ |
| മരണം | x | ________ |
| ശ്രദ്ധ | x | ________ |
| ഒഴിഞ്ഞ | x | ________ |
| ദീപ്തം | x | ________ |
| വിജയം | x | ________ |
| അനാസ്ഥ | x | ________ |

## VI. വാക്യത്തിൽ പ്രയോഗിക്കുക :

ഭയാനകം

ആർത്തുവിളിക്കുക

സാഷ്ടാംഗം നമസ്കരിക്കുക

നിത്യേന

## VII. ഉത്തരമെഴുതുക :

1. ആശാൻ സ്മാരകം കാണപ്പെട്ടതെങ്ങനെ?
2. കൊച്ചു കൽത്തറക്കിടയിൽ ലേഖകൻ കാണുന്നതെന്ത്?
3. ലേഖകന്റെ മനസ്സിൽ നിരാശതയുടെ നീറ്റലുണ്ടായതെപ്പോൾ?
4. സഞ്ചാരികൾ ദർശിക്കാത്ത കാഴ്ചകൾ എന്തെല്ലാം ?

## VIII. വിവരിച്ച് ഉത്തരമെഴുതുക :

1. പാഠഭാഗത്ത് പരാമർശിച്ചിരിക്കുന്ന ആശാൻ കൃതികൾ ഏതെല്ലാം?

| ഒന്നിനെ കുറിക്കുന്ന പദങ്ങൾ എഴുതുക | ഒന്നിലധികത്തിനെ കുറിക്കുന്ന പദങ്ങൾ എഴുതുക |
|---|---|
| സ്മാരകം | സ്മാരകങ്ങൾ |
| | മനുഷ്യർ |
| സ്ത്രീ | |
| | വൃക്ഷങ്ങൾ |
| വള്ളം | |
| | പുരുഷന്മാർ |
| മഹാൻ | |

## പ്രവർത്തനം :

1. അദ്ധ്യാപകന്റെ സഹായത്തോടെ പദപ്രശ്നം പൂരിപ്പിക്കുക

## വലത്തോട്ട് :

1. കുമാരനാശാന്റെ ജന്മസ്ഥലം(4)
2. കുമാരനാശാന്റെ കവിതാസമാഹാരം(4)
3. ബോട്ടപകടം നടന്ന തോട് (3)
4. ആശാന്റെ അച്ഛന്റെ പേര് (5)

## താഴോട്ട് :

1. ആശാന്റെ അമ്മയുടെ പേര്(4)
5. ആശാന്റെ വിലാപകാവ്യം(4)
6. ദിവാകരൻ നായകനായ ഖണ്ഡകാവ്യം(3)
7. ആശാന്റെ മരണകാരണം(5)
8. ജാതീയ കാവ്യം(6)
9. പൂവിനെ വർണ്ണിക്കുന്ന കാവ്യം(4)

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | 7 ബോ | | | | | | | |
| | | | | | | | | |
| | 3 പ | | | | 5 ദു | | | 8 ച |
| | | 1 കാ | | | | | | |
| | | | 9വീ | | 2 വ | 6 ന | | |
| 4നാ | | | | | | | | |
| | | | | | | | | |
| | | | | | | | | |

2. 'രം'എന്നവസാനിക്കുന്ന പദങ്ങൾ പാഠഭാഗത്തുനിന്നുംകണ്ടെത്തുക.

| | | | |
|---|---|---|---|
| | | | രം |
| | | | രം |
| | | | രം |
| | | | രം |

3. നിങ്ങൾ നടത്തിയ യാത്രയിൽ കണ്ട കാഴ്ചകൾ സ്വന്തം വാക്കുകളിൽ കുറിച്ചിടുക.

# ചിയാങ് അമ്മൂമ്മയും കഴുതകളും

ഒരുപാട് വർഷങ്ങൾക്കു മുൻപ് ചൈനയിൽ നടന്ന കഥയാണിത്. സത്യമായും നടന്ന കഥയാണ് കേട്ടോ, കൂട്ടുകാരേ! വളരെ രസകരമായ ഒരു കഥ.

ചൈനാരാജ്യത്തെ പ്രശസ്തമായ ഒരു പട്ടണത്തിൽ അതിബുദ്ധിമാനും ധീരനുമായ ഒരു കച്ചവടക്കാരനുണ്ടായിരുന്നു. ചെറുപ്പക്കാരനായ ഈ കച്ചവടക്കാരൻ രാജ്യത്തിനകത്തും പുറത്തും ധാരാളം യാത്ര ചെയ്തിരുന്നു. തന്റെ അൻപതു കഴുതകളുടെ പുറത്ത് കച്ചവട സാധനങ്ങളും കയറ്റിയാണ് യാത്ര. രാത്രികാലങ്ങളിൽഏതെങ്കിലും സത്രങ്ങളിൽ വിശ്രമിക്കും. പകൽ മുഴുവൻ സഞ്ചാരവും. പലപ്പോഴും ഇത്തരം യാത്രകൾക്കിടയിൽ കൊള്ളക്കാരോട് യുദ്ധം ചെയ്ത് അവരെ തോൽപിച്ചിട്ടുണ്ട്, ഈ കച്ചവടക്കാരൻ.

ഹുവാൻ എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്.

ഒരു ദിവസം തന്റെ കഴുതകളുമായി ഉയരമുള്ള മലകൾ നിറഞ്ഞ ഒരു സ്ഥലത്തുകൂടി യാത്ര ചെയ്യുകയായിരുന്നു ഹുവാൻ. കഴുതകളുടെ നടപ്പിന് വേഗം കുറഞ്ഞുവരുന്നത് അയാൾ കണ്ടു.

“ങും.. … ഇവർ ക്ഷീണിച്ചിരിക്കുന്നു.ഞാനും. കുറച്ചു ഭക്ഷണവും വിശ്രമവുമാണ് ഞങ്ങൾക്കിപ്പോൾ ആവശ്യം. പക്ഷേ, ഈ മലമ്പ്രദേശത്ത് എവിടെക്കിട്ടാൻ?”

ഹുവാൻ നാലുപാടും നോക്കി.

അപ്പോഴാണ് ഒരു വൃദ്ധൻ എതിരേ വരുന്നത് ഹുവാൻ കണ്ടത്.

“അപ്പൂപ്പാ, ഇവിടെയെങ്ങാനും വല്ല സത്രവുമുണ്ടോ? ”

“ഹി ഹി ഹി .. ..ഉണ്ടോയെന്നോ? ഇവിടെയല്ലേ ചിയാങ് അമ്മൂമ്മയുടെ സത്രം.ദാ, തൊട്ടു താഴെ. ഒന്നാം തരം ഭക്ഷണം.. .പിന്നെ വേണമെങ്കിൽ നിങ്ങളുടെ ഈ വയസ്സായകഴുതകളെ കൊടുത്തിട്ട് നല്ല ചുറുചുറുക്കുള്ളവയെ വാങ്ങുകയുമാവാം.”

“നന്ദി അപ്പൂപ്പാ.”

വളരെ ഭംഗിയുള്ള ഒരു സത്രമായിരുന്നു അത്. ചുറ്റും വൃത്തിയുള്ള പൂന്തോട്ടം. കഴുതകൾക്കു വിശ്രമിക്കാനായി വലിയ തൊഴുത്ത്. ധാരാളം പച്ചപ്പുല്ലും വെള്ളവും.

ധാരാളം ആളുകൾ സത്രത്തിലിരുന്ന് ആഹാരം കഴിക്കുന്നുണ്ടായിരുന്നു. ഹുവാനും കൂട്ടത്തിലിരുന്നു.

എത്ര രുചികരമായ ആഹാരം! ഇതുപോലെ സ്വാദുള്ള ഭക്ഷണം ഒരിക്കലും കഴിച്ചിട്ടില്ല. എല്ലാവരും വയറുനിറയെ കഴിച്ചു.



അപ്പോഴാണ് ചിയാങ് അമ്മൂമ്മ ഒരു പ്ലേറ്റ് നിറയെ അപ്പവുമായി വന്നത്. അവിടെയിരുന്ന ചെറുപ്പക്കാരെല്ലാം അപ്പം കഴിക്കാൻ തുടങ്ങി. വല്ലാതെ വയറു നിറഞ്ഞിരുന്നതു കൊണ്ട് ഹുവാൻ കഴിച്ചില്ല. തനിക്കു കിടക്ക വിരിച്ചിരുന്ന ഹാളിലേക്ക് അയാൾ പോയി.

ആ ഹാളിൽ നിരനിരയായി ധാരാളം കിടക്കകളുണ്ടായിരുന്നു.
കിടന്നപാടേ അയാളുറങ്ങിപ്പോയി.
വല്ലാത്തൊരു ശബ്ദം കേട്ടാണ് അയാളുണർന്നത്.

തൊട്ടടുത്ത മുറിയിൽ നിന്നുമാണ് ശബ്ദം കേൾക്കുന്നതെന്ന് മനസ്സിലാക്കിയ ഹുവാൻ പതുക്കെ വാതിലിനടുത്തേക്കു ചെന്നു. താക്കോൽപ്പഴുതിലൂടെ നോക്കിയ ഹുവാൻ കണ്ട കാഴ്ച!

ചിയാങ് അമ്മൂമ്മ ഒരു പെട്ടി തുറന്ന്, തടി കൊണ്ടുണ്ടാക്കിയ രണ്ടു കുതിരകളേയും ഒരു കലപ്പയും എടുത്തു തറയിൽ വയ്ക്കുന്നു! എന്നിട്ട്, എന്തോ പിറുപിറുക്കുന്നു!

അപ്പോൾ കുതിരകൾ നടക്കാൻ തുടങ്ങുന്നു!
മുറിയുടെ തറ ഉഴുതു മറിക്കുന്നു!
അമ്മൂമ്മ ഒരു പിടി ഗോതമ്പുമണികൾ അവിടെ വിതയ്ക്കുന്നു. ഉടൻതന്നെ, ആ വിത്തു മുളച്ച് ഗോതമ്പുചെടികൾ വളർന്നു വലുതായി കതിർക്കുലകൾ ചൂടുന്നു.
ചിയാങ് അമ്മൂമ്മ കതിരു കൊയ്ത്, മെതിച്ച്, ധാന്യമണികൾ പൊടിച്ച് അപ്പമുണ്ടാക്കുന്നു.

"ഹ ഹ ഹ …ഇനി എനിക്ക് എത്ര കഴുതകളെ വേണമെങ്കിലും കിട്ടും.. .ഹ ഹ ഹ. ധാരാളം അപ്പങ്ങൾ .. .ധാരാളം കഴുതകൾ…"

എന്താണിത്?
ഹുവാന് ഒന്നും മനസ്സിലായില്ല.

അപ്പവും കഴുതകളും തമ്മിൽ എന്തു ബന്ധം? അയാൾ വീണ്ടും പോയിക്കിടന്നുറങ്ങി. നേരം വെളുത്തപ്പോൾ അയാൾ ആദ്യം കേട്ടത് കഴുതകളുടെ കരച്ചിലാണ്.

കണ്ണ് തുറന്ന ഹുവാൻ ഞെട്ടിപ്പോയി.
ഹാളിൽ നിറയെ കഴുതകൾ! പല വലിപ്പത്തിലും പ്രായത്തിലുമുള്ളവ! എവിടപ്പോയി ഇവിടെ കിടന്നുറങ്ങിയിരുന്ന ആളുകൾ?

പെട്ടെന്ന് തലേരാത്രിയിൽ കണ്ട കാഴ്ച അയാൾക്ക് ഓർമ്മ വന്നു.
ഓഹോ! അപ്പോൾ അതാണു കാര്യം.

തന്റെ മാന്ത്രിക അപ്പം തീറ്റിച്ച് ചിയാങ് അമ്മൂമ്മ മനുഷ്യരെ കഴുതകളാക്കുകയാണ്! എന്നിട്ട്, ആരോഗ്യമുള്ള ആ കഴുതകളെ വിറ്റ് ധാരാളം പണം നേടുന്നു. താൻ അപ്പം കഴിക്കാതിരുന്നത് ഭാഗ്യമായി എന്ന് ഹുവാനു തോന്നി.

ഈ മന്ത്രവാദിനിയെ വെറുതെ വിട്ടാൽ പറ്റില്ല എന്ന് ഹുവാൻ നിശ്ചയിച്ചു.
ഇവരെ ഒരു പാഠം പഠിപ്പിച്ചേ പറ്റൂ.

ഒന്നുമറിയാത്ത മട്ടിൽ ഹുവാൻ യാത്ര തിരിക്കാനൊരുങ്ങി. പുറപ്പെടും മുൻപ് അയാൾ ചിയാങ്ങിനോടു പറഞ്ഞു:

"ചിയാങ് അമ്മൂമ്മേ, എനിക്ക് പ്രഭാത ഭക്ഷണം കഴിക്കാൻ സമയമില്ല. പക്ഷേ, കുറച്ച് അപ്പങ്ങൾ തന്നയച്ചാൽ ഞാൻ യാത്രക്കിടയിൽ കഴിച്ചു കൊള്ളാം."

"ഓഹോ, തീർച്ചയായും തരാമല്ലോ."
അപ്പങ്ങളും സഞ്ചിയിലാക്കി ഹുവാൻ നടന്നു നീങ്ങുന്നതു കണ്ട് ചിയാങ് വൃദ്ധ ചിരിച്ചു. "ഹി ഹി ഹി.... ഒരു ചുറുചുറുക്കുള്ള കഴുതയാക് വേഗം നീ..."

"അമ്മൂമ്മേ, ഞാൻ നാളെ മടക്കയാത്രയിൽ ഇതു വഴി വരാം." ഹുവാൻ വിളിച്ചു പറഞ്ഞു. "ശരി ശരി." ചിയാങ് കൈവീശി. "പക്ഷേ, നാലുകാലിലായിരിക്കും നിന്റെ മടക്കയാത്ര...ഹി...ഹി...ഹി..." അവർ പറുപിറുത്തു.

പിറ്റേന്ന് ഉച്ച കഴിഞ്ഞപ്പോഴാണ് ഹുവാൻ തിരിച്ചെത്തിയത്.വാതിൽ തുറന്ന ചിയാങ് വൃദ്ധ അമ്പരന്നു.

ഏ, ഇയാളെന്താ കഴുതയാകാത്തത്?
"നമസ്കാരം, അമ്മൂമ്മേ വീണ്ടും കണ്ടതിൽ സന്തോഷം."
"അതേയതേ അകത്തേക്കു വരൂ."

"കഷ്ടമായിപ്പോയി, അമ്മൂമ്മേ നിങ്ങൾ തന്നയച്ച അപ്പങ്ങൾ ഒരെണ്ണം പോലും എനിക്കു കഴിക്കാൻ കിട്ടിയില്ല. പട്ടണത്തിൽ വച്ച് വിശന്നു വലഞ്ഞ ചില യാത്രക്കാരെ കണ്ടു. അവരാ അപ്പം മുഴുവൻ തിന്നു."

ഹുവാൻ പറഞ്ഞു.
ഓ, അങ്ങനെ വരട്ടെ. വെറുതെയല്ല നീ രണ്ടുകാലിൽ തിരിച്ചു വന്നത്. മന്ത്രവാ

ദിനി മനസ്സിലോർത്തു. എന്നിട്ട് പറഞ്ഞു:

“സാരമില്ല ഹുവാൻ, ഞാൻ നിങ്ങൾക്ക് ഇനിയും അപ്പങ്ങൾ തരാം. ചൂടുള്ള പുതിയ അപ്പം.”

“നില്ക്കൂ, അമ്മൂമ്മേ. അതിനു മുൻപ് ഞാൻ പട്ടണത്തിലെ ഒരു സത്രത്തിൽ നിന്നും വാങ്ങിയ അപ്പം ഒന്നു കഴിച്ചു നോക്കൂ. വളരെ രുചികരമാണിത്.”

“എവിടെ കാണട്ടെ.” ഹുവാൻ സഞ്ചിയിൽ നിന്നും അപ്പങ്ങളെടുത്തു. വാസ്തവ ത്തിൽ പട്ടണത്തിൽ നി ന്നും വാങ്ങിയതായിരുന്നില്ല അവ. പിന്നെയോ?

ചിയാങ് അമ്മൂമ്മ കൊടുത്തയച്ച അപ്പങ്ങൾതന്നെയായിരുന്നു!
ഹുവാൻ മാന്ത്രിക അപ്പങ്ങളുടെ നടുവിൽ ഒരു സാധാരണ അപ്പം വെച്ചു. എന്നിട്ട് ഭക്ഷണം കഴിക്കാൻ ചിയാങ് അമ്മൂമ്മയെ ക്ഷണിച്ചു.

“ഹായ്, നല്ല സ്വാദ്! ഏതു സത്രത്തിൽ നിന്നാണു നിങ്ങൾക്കിതു കിട്ടിയത്?”
ചിയാങ് ചോദിച്ചു.
“അതൊക്കെ പറയാം. ഇപ്പോഴിതു കഴിക്കൂ.”
പാത്രത്തിലിരുന്ന സാധാരണ അപ്പം കഴിക്കുന്നതിനിടയിൽ ഹുവാൻ പറഞ്ഞു.
ഒരെണ്ണം തിന്നു കഴിഞ്ഞ് ചിയാങ് അമ്മൂമ്മ രണ്ടാമത്തെ അപ്പം തിന്നാൻ തുടങ്ങി.
“ഇത്ര നല്ല അപ്പം ഞാനിതുവരെ തിന്നിട്ടില്ല. പറയൂ ഹുവാൻ, ആരാണിതു ണ്ടാക്കിയത്?”

“മറ്റാര്? നിങ്ങൾ തന്നെ. ”
ഹുവാൻ ചിരിച്ചു.
ങ് ഹേ! ഞാനോ!

“അതെയെന്നേ. രാത്രികാലങ്ങളിൽ രഹസ്യമായി നിങ്ങളുണ്ടാക്കുന്ന അതേ അപ്പമാണിത്”

“ങ്ഹേ ഞാനോ?
ങ്ഹേ ദുഷ്ടാ നിന്നെ…”

ചിയാങ്ങിനു മുഴുവൻ പറയാൻ കഴിഞ്ഞില്ല. അപ്പോഴേക്കും അതൊരു കഴുതക്കര ച്ചിലായി മാറി. അതേ, നീളൻ ചെവിയും , വൃത്തികെട്ടരോമവും മുഷിഞ്ഞനിറവുമുള്ള ഒരു കഴുതയായി മാറി ചിയാങ്!

# കാലനില്ലാത്തകാലം

കുഞ്ചൻ നമ്പ്യാർ

വൃദ്ധന്മാരൊരുകൂട്ടം നിറഞ്ഞൂ ഭൂതലം തന്നിൽ
ചത്തുകൊൾവതിനേതും കഴിവില്ല, കാലനില്ല.
മുത്തച്ഛൻ മുതുക്കന്റെ മുത്തച്ഛനിരിക്കുന്നു,
മുത്തച്ഛനവർക്കുള്ള മുത്തച്ഛൻമരിച്ചീലാ,
അഞ്ഞൂറുവയസ്സുള്ളോരപ്പൂപ്പന്മാരുമിപ്പോൾ
കുഞ്ഞായിട്ടിരിക്കുന്നു, അപ്പൂപ്പനവർക്കുണ്ട്.
കഞ്ഞിക്കുവകയില്ലാ, വീടുകളിലൊരേടത്തും
കുഞ്ഞുങ്ങൾക്കെട്ടുപത്തുപറയരികൊണ്ടുപോരാ.
പത്തുനൂറുപറ വച്ചാൽ മുതുക്കന്മാർക്കതുകൊണ്ട-
ങ്ങത്രമാത്രം രണ്ടുവറ്റു വിളമ്പുമ്പോളെത്തുമെല്ലാം.
പത്തുകോടിജനമുണ്ടു പല്ലുപോയിട്ടൊരുവീട്ടിൽ
കുത്തിവച്ച പാവപോലെ തിങ്ങിവിങ്ങിക്കിടക്കുന്നു.
കണ്ണിലെപ്പോളകൾകൂടി നരച്ചുള്ള നരന്മാർക്ക-
ങ്ങെണ്ണമില്ലീവണ്ണമുള്ള പെണ്ണുങ്ങൾക്കുമില്ലയെണ്ണം.
കണ്ണുകാണാത്തവർ പിന്നെ ക്കാതുകേളാത്തവർപിന്നെ
ക്കിണ്ണനെക്കാൾ മിനുപ്പുള്ള കഷണ്ടിക്കാരേറെയുണ്ട്.
അസ്ഥിയല്ലാതൊരുവസ്തു ശരീരത്തിലവർക്കില്ല .
ദു:സ്ഥിതിക്കും കുറവില്ല, ദുർന്നിലക്കും കുറവില്ലാ.

പത്തുനാൾ ഭക്ഷിയാഞ്ഞാലും ചത്തുപോകെന്നതുമില്ല
പത്തനങ്ങൾക്കിടം പോരാഞ്ഞെത്ര ദു:ഖം മനുഷ്യർക്ക്.
ഉന്നതത്തിൽ കിടക്കുന്നോരുരുണ്ടു പാറമേൽ വീഴും,
ഭിന്നമാകുന്നതുനേരം മസ്തകം ഹസ്തവും കാലും,
ഒന്നു രണ്ടല്ലൊരുലക്ഷം മുതുക്കന്മാർ ചരിക്കുന്നു,
ഒന്നുകൊണ്ടും പ്രാണനാശം വരുന്നീലന്നൊരുത്തർക്കും.
ഉള്ളതിൽ സങ്കടമോർത്താൽ നാടുവാഴിപ്രഭുക്കൾക്കു
കള്ളനെക്കൊല്ലുവാൻമേലാ , വെട്ടിയാൽ ചാകയില്ലേതും
ഉള്ളവസ്തുക്കളെപ്പോലും കട്ടുതിന്മാനൊരുകൂട്ടം
തള്ളലോടെ നടക്കുന്നു, തെല്ലുപേടിയവർക്കില്ല
രാജധാനിക്കകം പുക്കൂ രാജഭണ്ഡാരവും കട്ടു
വ്യാജമെന്യേ പകൽകൂടി തസ്കരന്മാർ നടക്കുന്നു
രാജശിക്ഷകുറഞ്ഞപ്പോളമ്പലത്തിൽ പൂജ മുട്ടി
പൂജകൊണ്ടു പുറംമാറിത്തിരിച്ചൂയെമ്പിരാന്മാരും
മന്ത്രികൾക്കുതമ്പുരാനെപ്പേടിയില്ലാതൃണത്തോളം.



# അഭ്യാസം

**I. അർത്ഥം കണ്ടെത്താമോ?**

ഭൂതലം, കാലൻ, നരൻ, കാത്, കിണ്ണൻ, അസ്ഥി, ദു:സ്ഥിതി, ദുർന്നില, പത്തനം, ഉന്നതം,ഭിന്നം, മസ്തകം, ഹസ്തം, വ്യാജം, എന്യേ, തസ്കരൻ.

**II. പിരിച്ചെഴുതുക :**

| | | | | |
|---|---|---|---|---|
| പോയിട്ടൊരു | = | ________ | + | ________ |
| കണ്ണിലെപ്പോളകൾ | = | ________ | + | ________ |
| പോരാഞ്ഞെത്ര | = | ________ | + | ________ |
| വ്യാജമെന്യേ | = | ________ | + | ________ |

**III. ചേർത്തെഴുതുക :**

| | | | | |
|---|---|---|---|---|
| കുറഞ്ഞ് | + | അപ്പോൾ | = | ________ |
| കുറവ് | + | ഇല്ല | = | ________ |
| പുരുഷന്മാർ | + | അടുക്കുന്നു | = | ________ |
| ഒരു | + | എടത്തും | = | ________ |

**IV. സമാനപദമെഴുതുക :**

കാലൻ ________, ________.

വീട് ____________, ____________.

കണ്ണ് ____________, ____________.

നരൻ ____________, ____________.

ദു:ഖം ____________, ____________.

ഭൂമി ____________, ____________.

കാത് ____________, ____________.

### V. നാനാർത്ഥമെഴുതുക :

അരി

കാൽ

### VI. ഒന്നോ രണ്ടോ വരികളിൽ ഉത്തരമെഴുതുക :

1. ഈ കവിതയുടെ കർത്താവാര്?
2. വൃദ്ധന്മാരുടെ കൂട്ടം ഭൂമിയിൽ നിറയാൻ കാരണമെന്ത്?
3. എത്ര തലമുറകളാണ് ജീവിച്ചിരിക്കുന്നത്?
4. വീടുകളിൽ അന്നുണ്ടായിരുന്ന പട്ടിണിയെപ്പറ്റി എന്താണു പറഞ്ഞിരിക്കുന്നത്?
5. പത്തനങ്ങളിൽ എന്തുകൊണ്ടാണ് സ്ഥലമില്ലാത്തത്?

### VII. ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക :

1. 'കാലൻ പണി മുടക്കിയാൽ'–ലോകത്ത് എന്തെല്ലാമാണ് സംഭവിക്കുന്നത്? പാഠഭാഗത്തെ ആസ്പദമാക്കി എഴുതുക.
2. നാടുവാഴി പ്രഭുക്കളുടെ സങ്കടങ്ങളെന്തെല്ലാം?

### VIII. മന:പാഠമാക്കുക :

"വൃദ്ധന്മാരൊരുകൂട്ടം.........കഷണ്ടിക്കാരേറെയുണ്ട്"

### പ്രവർത്തനം :

- കുഞ്ചൻ നമ്പ്യാരുടെ പാടാൻ പറ്റിയ മറ്റു കവിതാഭാഗം ഒറ്റക്കും കൂട്ടമായും ചൊല്ലി കേൾപ്പിക്കുക.
- സാഹിത്യസമാജത്തിൽ ഓട്ടൻ തുള്ളൽ അവതരിപ്പിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുക.

# വിഷു - ഭൂമിശാസ്ത്രപരമായ ആഘോഷം

കേരളീയ ആഘോഷങ്ങളിൽ ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് വിഷു. മേട സംക്രമ ദിനത്തിലാണ് വിഷു ആഘോഷിയ്ക്കുന്നത്. മലയാള പഞ്ചാംഗം (കലണ്ടർ) പ്രകാരം പണ്ട് ഈ ദിനത്തിലായിരുന്നു ആണ്ട് പിറവി ആഘോഷിച്ചിരുന്നത്. അന്നേദിവസം കാണുന്ന 'വിഷുക്കണി'യും അതിന്റെ നല്ല അനുഭവങ്ങളും ആണ്ടുമുഴുവൻ നിലനിൽക്കും എന്ന വിശ്വാസത്തിലാണ് 'കണികാണൽ ചടങ്ങ്' നിർവ്വഹിക്കുന്നത്.

വിഷുവിന്റെ ആഗമനമറിയിച്ചുകൊണ്ട് നാടെങ്ങുമുള്ള കണിക്കൊന്നമരങ്ങൾ സ്വർണ്ണനിറം പൂണ്ട് പൂത്തുലഞ്ഞ് നിൽക്കുന്നത് നയനമനോഹരമായ കാഴ്ചയാണ്. കേരളത്തിന്റെ ദേശീയ പുഷ്പം കൂടിയായ ഈ കണിക്കൊന്നപ്പൂക്കളാണ് വിഷുക്കണിയിലെ വിശിഷ്ടപുഷ്പം.



വിഷുവിന്റെ തലേന്നാൾ രാത്രിയിൽ ഗൃഹനായിക കണിയൊരുക്കുന്നു. വലിയ ഓട്ടുരുളിയിൽ കണിക്കൊന്നപ്പൂവ്, ധാന്യങ്ങൾ, ഫലവർഗ്ഗങ്ങൾ, നാളികേരം, കോടിവസ്ത്രം എന്നിവ ഭംഗിയിൽ നിരത്തിവെക്കുന്നു. ഉരുളിക്ക് തൊട്ടുപിന്നിൽ ശ്രീകൃഷ്ണവിഗ്രഹം പ്രതിഷ്ഠിച്ച് അതിൽ സ്വർണ്ണമാലയുമിട്ട് വാൽക്കണ്ണാടിയും വെക്കുന്നു. ഇവയ്ക്കുചുറ്റും വിളക്കുകൾ കത്തിച്ചുവെച്ചിരിക്കും.

വിഷുദിവസം പുലർച്ചെ വീട്ടിലെ കാരണവർ കണികണ്ടശേഷം കുടുംബാംഗങ്ങളെ കണികാണിക്കുന്നു. മുതിർന്നവർ ഉറങ്ങുന്ന കുട്ടികളെ തട്ടിയുണർത്തി , കണ്ണു പൊത്തിക്കൊണ്ട്; ഒരുക്കിയ കണിയുടെ മുന്നിൽ കൊണ്ടുചെന്ന് നിറുത്തി, കണ്ണു തുറന്ന് കണി കാണിക്കുന്ന പതിവും ഉണ്ട്. കണികണ്ടു തൊഴുതു കഴിഞ്ഞാൽ പിന്നെ വിഷുക്കൈനീട്ടത്തിന്റെ സമയമായി. കുടുംബത്തിലെ പ്രായം കൂടിയ അംഗങ്ങൾ മറ്റുള്ളവർക്ക് 'വിഷുക്കോടിയും വിഷുക്കൈനീട്ടവും' കൊടുക്കുന്നു. ചില പ്രദേശങ്ങളിൽ ഇളയവർ മുതിർന്നവരുടെ പാദം തൊട്ടു വന്ദിച്ച് അനുഗ്രഹം തേടുന്നു. കുട്ടികൾ പൂത്തിരിയും, മത്താപ്പും, പൂക്കുറ്റിയും മറ്റും കത്തിച്ചുംപടക്കം പൊട്ടിച്ചും വിഷുവിനെ വരവേൽക്കുന്ന ആഘോഷമാണ് തുടർന്നുണ്ടാവുക. വിഭവസമൃദ്ധമായ സദ്യയും വിഷുവിന്റെ ഭാഗമാണ്.

കേരളത്തിലെ പ്രധാന ക്ഷേത്രങ്ങളെല്ലാം വിഷുദിനം വളരെ പ്രാധാന്യത്തോടെ കൊണ്ടാടാറുണ്ട്. ഗുരുവായൂർ, അമ്പലപ്പുഴ, ശബരിമല എന്നീ ക്ഷേത്രങ്ങളിലെ വിഷുക്കണി വിശേഷപ്പെട്ടതും പ്രസിദ്ധവുമാണ്.

'വിഷു'ഒരു കാർഷിക ഉത്സവം കൂടിയാണ്. ഓണം വിളവെടുപ്പിന്റെ ഉത്സവമാണെങ്കിൽ വിഷു വിത്തിറക്കുന്നതിന്റെ ഉത്സവമത്രേ. വിഷുക്കണി കണ്ട്, വിഷുക്കൈനീട്ടം കൊടുത്ത്, വിഷുക്കോടിയുടുത്ത്, വിഷുപ്പക്ഷിയുടെ പാട്ടുകേട്ട്, വിത്തും കൈക്കോട്ടുമായി വിതയ്ക്കാനിറങ്ങിയാൽ വിളവ് സമൃദ്ധമാവും എന്നതാണ് പഴമക്കാരുടെ വിശ്വാസം.

ഭൂമിശാസ്ത്രവുമായി ബന്ധപ്പെട്ട ഒരു ആഘോഷം കൂടിയാണ് വിഷു. മേടസംക്രമദിനത്തിലാണ് വിഷു എന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ. അപ്പോൾ 'സംക്രമം' എന്നാലെന്താണ്?

സൂര്യൻ സഞ്ചരിക്കുന്നതായി നമുക്ക് കാണപ്പെടുന്ന പാതയെ ക്രാന്തി വൃത്തം എന്നാണ് പറയുക. വാനനിരീക്ഷണത്തിനും പഠനത്തിനും മറ്റുമായി ഈ ആകാശപാതയെ മേടം മുതൽ മീനം വരെയുള്ള പന്ത്രണ്ടു രാശികളായി വിഭജിച്ചിട്ടുണ്ട്. ഈ ആകാശവീഥിയിൽ മുപ്പതു ഡിഗ്രി വീതമുള്ള ആകാശഭാഗങ്ങളിൽ കാണപ്പെടുന്ന നക്ഷത്ര സമൂഹങ്ങളാണ് ഓരോ രാശിയും. ഭൂമിയുടെ ഭ്രമണം കാരണം സൂര്യന്റെ പശ്ചാത്തലം ഒരു രാശിയിൽ നിന്ന് മറ്റൊരു രാശിയിലേക്ക് കടക്കുന്നതിനെയാണ് സംക്രമം എന്നു പറയുന്നത്.



രാത്രിയും പകലുമുണ്ടാകുന്നത് ഭൂമിയുടെ സ്വയം ഭ്രമണം കാരണമാണെന്ന് നിങ്ങൾക്കറിയാമല്ലോ. ഭൂമിയുടെ അക്ഷത്തിന്റെ ചരിവും, ഭൂമി സൂര്യനെ അണ്ഡാകൃതിയിലുള്ള പാതയിൽ പ്രദക്ഷിണം വെക്കുന്നതും രാപകലുകളുടെ ദൈർഘ്യത്തിൽ വ്യത്യാസം വരുത്തുവാൻ കാരണമാകുന്നു. ചില കാലങ്ങളിൽ പകലിന്റെ നീളം കൂടി രാത്രി കുറയുന്നതും മറ്റു ചിലകാലങ്ങളിൽ രാത്രിയുടെ നീളം കൂടി പകൽ കുറയുന്നതും നിങ്ങൾ ശ്രദ്ധിച്ചിരിക്കുമല്ലോ. എന്നാൽ രാത്രിയും പകലും സമമായി വരുന്ന ദിവസങ്ങളുമുണ്ട്. ഈ ദിവസങ്ങളെ സമരാത്രദിനങ്ങൾ അഥവാ 'വിഷുവം' എന്നാണു പറയാറ്. 'വിഷുവം'എന്ന പദത്തിൽ നിന്നാണ് ഈ സമരാത്ര ദിനാഘോഷത്തിന്

'വിഷു'എന്ന പേർ വന്നത്. സൂര്യൻ ഭൂമദ്ധ്യരേഖയ്ക്ക് മുകളിൽ വരുന്ന മാർച്ച് 21 ഉം, സെപ്റ്റംബർ 23 ഉം ആണ് സമരാത്രദിനങ്ങൾ. അതിനാൽ മേടത്തിലും തുലാത്തിലും വിഷുവം വരുന്നു. മേടം വിഷുവം ആദികാലങ്ങളിൽ പുതുവർഷമായി കേരളീയർ ആഘോഷിക്കുകയും ചെയ്തു വന്നിരുന്നു. എന്നാൽ യഥാർഥമേടം വിഷുവം മാർച്ച് 21 നാണ്. അപ്പോൾ ഇന്ന് നാം വിഷു ആഘോഷിക്കുന്നത് യഥാർത്ഥ വിഷു കഴിഞ്ഞ് 24 ദിവസങ്ങൾക്ക് ശേഷം എന്നു സാരം. ഇത് നമ്മുടെ കലണ്ടറിന്റെ പോരായ്മയാണ്.



ഒരു കാലത്ത് സമരാത്രദിനത്തിൽ തന്നെയായിരുന്നു വിഷു ആഘോഷിച്ചിരുന്നത്. 72 വർഷം കൂടുമ്പോൾ നമ്മുടെ കലണ്ടർ പ്രകാരം ഒരു ദിവസത്തിന്റെ മാറ്റം വരുന്നുണ്ട്. അതായത് സൂര്യന്റെ സ്ഥാനത്തിന് ഒരു ഡിഗ്രി മാറ്റം വരുന്നു എന്നർത്ഥം. ഈ മാറ്റം കാരണമാണ് സമരാത്രദിനം വിഷുവിൽ നിന്ന് മാറിയത്.

ഇങ്ങനെനോക്കുമ്പോൾ കാർഷിക വൃത്തിയുടെ കാലഗണനയും, ദാനധർമ്മങ്ങളുടെ പവിത്രതയും, പ്രപഞ്ചനിരീക്ഷണത്തിന്റെ ശാസ്ത്രബോധവും കോർത്തിണക്കിയ മറ്റൊരു കേരളീയ ആഘോഷം ഉണ്ടോയെന്നു സംശയമാണ്.

## അഭ്യാസം

### I. അർത്ഥം കണ്ടെത്താമോ?

പ്രാചീനം, കാലഗണന, ഗൃഹനായിക, ദർശിക്കുക, പക്ഷം, സമരാത്രദിനം, ആണ്ട്, കൊണ്ടാടുക, ഭ്രമണം, അണ്ഡാകൃതി, ദൈർഘ്യം, പവിത്രത, പശ്ചാത്തലം.

### II. ചേർത്തെഴുതാം :

| | | | | |
|---|---|---|---|---|
| പ്രാധാന്യം | + | അർഹിക്കുന്ന | = | ________ |
| കണി | + | ഒരുക്കുന്നു | = | ________ |
| ചില | + | ഇടങ്ങളിൽ | = | ________ |
| സമൃദ്ധം | + | ആകും | = | ________ |
| പോരായ്മ | + | ആണ് | = | ________ |

## III. പിരിച്ചെഴുതാം :

| | | | | |
|---|---|---|---|---|
| കൂടുതലറിയാൻ | = | ______________ | + | ______________ |
| വിഷുക്കണി | = | ______________ | + | ______________ |
| മനോഹരമായ | = | ______________ | + | ______________ |
| അതിശയമില്ല | = | ______________ | + | ______________ |
| പൂത്തുലഞ്ഞു | = | ______________ | + | ______________ |
| മാലയുമിട്ട് | = | ______________ | + | ______________ |

## IV. എതിർപദം കണ്ടെത്താം (വിപരീതപദങ്ങൾ) :

| | | |
|---|---|---|
| നവീനം | x | ______________ |
| അവിശ്വാസം | x | ______________ |
| ഗമനം | x | ______________ |
| അപ്രസിദ്ധം | x | ______________ |
| പുതുമ | x | ______________ |
| അപ്രദക്ഷണം | x | ______________ |

## V. പൂരിപ്പിക്കുക :

1. മേടമാസത്തിലെ______________ദിനത്തിലാണ് വിഷു ആഘോഷിക്കുന്നത്.
2. കേരളത്തിന്റെ പ്രാദേശിക പുഷ്പമാണ്______________.
3. വിഷുവിന് ആ പേർ വന്നത്______________എന്ന പദത്തിൽ നിന്നാണ്.
4. ______________ഉം______________ഉം സമരാത്രദിനങ്ങളാണ്.
5. സൂര്യൻ സഞ്ചരിക്കുന്നതായി നമുക്ക് അനുഭവപ്പെടുന്ന പാതയെ ______________എന്നു പറയുന്നു.

## VI. ഒന്നോ രണ്ടോ വരികളിൽ ഉത്തരമെഴുതുക :

1. പ്രാചീന മലയാള കലണ്ടർ പ്രകാരം 'വിഷു'വിൻെറ പ്രാധാന്യമെന്ത്?
2. വിഷുക്കണിയെ സംബന്ധിക്കുന്ന വിശ്വാസമെന്ത്?
3. 'വിഷു' എന്നപേർ ഭൂമിശാസ്ത്രവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?
4. 'വിഷു' പ്രാധാന്യത്തോടെ കൊണ്ടാടാറുള്ള ക്ഷേത്രങ്ങൾ ഏതെല്ലാം?
5. വിഷു ആഘോഷത്തിന്റെ പ്രധാന ചടങ്ങുകൾ ഏവ?

## VII. നാലോ അഞ്ചോ വരികളിൽ ഉത്തരമെഴുതുക :

1. വിഷുക്കണിയൊരുക്കുന്നതെങ്ങനെ?
2. 'വിഷു ഒരു കാർഷികോൽസവമാണ്'– വിശദീകരിക്കുക.
3. 'സംക്രമം' എന്നാൽ എന്ത് ?

### പ്രയോഗം :

- വിഷുവുമായി ബന്ധപ്പെട്ട പദങ്ങൾ കണ്ടെത്തി ഒരു വിഷുപ്പാട്ട് രചിച്ച് പാടി രസിക്കൂ.
- "വിഷുക്കണി കണ്ട്..............പഴമക്കാരുടെ വിശ്വാസം " ഈപാഠഭാഗം ഒരിക്കൽ കൂടി വായിക്കൂ.
- ഭാഷ പ്രയോഗിച്ചതിലുള്ള പ്രത്യേകത എന്തെന്ന് കണ്ടെത്തൂ.ഇതുപോലെ മറ്റെന്തെങ്കിലും വിഷയത്തെക്കുറിച്ച് എഴുതി നോക്കൂ.
- "ഉത്സവങ്ങളും ആഘോഷങ്ങളും മനുഷ്യ മനസ്സുകളിൽ സന്തോഷവും ഐക്യബോധവും ഉളവാക്കുന്നു"– എങ്ങനെ? കൂട്ടുകാരുമായി ചർച്ച ചെയ്ത് , കണ്ടെത്തിയ കാര്യങ്ങൾ ക്ലാസ്സിൽ അവതരിപ്പിക്കൂ.

### കത്തെഴുതാം :

- നിങ്ങളുടെ ഇക്കഴിഞ്ഞ വിഷു ആഘോഷത്തെക്കുറിച്ച് സുഹൃത്തിന് ഒരു കത്തെഴുതൂ. അടുത്ത വിഷുവിന് സുഹൃത്തിനെ ക്ഷണിക്കാനും മറക്കരുതേ നമ്മുടെ നാട്ടിൽ .......

- ഇന്ത്യയിലെ ജനങ്ങൾ ആഘോഷിയ്ക്കുന്ന വൈവിധ്യമേറിയ ആഘോഷങ്ങൾ അന്വേഷിച്ചറിയുക. അവ ആഘോഷിക്കുന്ന കാലം, ഐതിഹ്യം, ആചാര രീതികൾ ബന്ധപ്പെട്ട മറ്റുകാര്യങ്ങൾ ഇവ രേഖപ്പെടുത്തി 'എന്റെ നാട്ടിലെ ആഘോഷങ്ങൾ' എന്ന പുസ്തകം തയ്യാറാക്കൂ.

### തന്നിട്ടുള്ള വലിയ വാക്യങ്ങളെ ചെറിയ വാക്യങ്ങളാക്കി മാറ്റുക :

- ലീല പുസ്തകം വായിക്കുകയും പിന്നീട് ടി.വി. യിൽ സിനിമ കാണുകയും ചെയ്തു.
- രാവിലെ ഉണർന്ന കുട്ടികൾ പാഠം വായിക്കുകയും അമ്മ ചായ ഉണ്ടാക്കുകയുംചെയ്തു.
- മഴ പെയ്തുവെങ്കിലും ഉഷ്ണം ശമിച്ചില്ല.

# എന്റെ ഉണ്ണി

യൂ.കെ.രാഘവൻ

അമ്മയ്ക്ക് പുഞ്ചിരി പാലമൃതേകി നീ
കൺപൊലിഞ്ഞീടുകെന്നുണ്ണീ!
ഉൾക്കണ്ണുറങ്ങാതെ നന്മകളായിരം
ഉള്ളിൽ നിറക്കേണമുണ്ണീ!
പുണ്ണിൽ നറുതേൻ പുരട്ടിയുണക്കുന്ന
സിദ്ധാർത്ഥനാകേണമുണ്ണീ!
ബോധിവൃക്ഷത്തിൽ തണലേകി മർത്ത്യന്
ബോധമേകീടണമുണ്ണീ!
അരുതെന്നു ഗർജ്ജിച്ച് കൂരമ്പു തടയുവാൻ
മാമുനിയാകണമുണ്ണീ!
പ്രാവും പരുന്തും ശരണമർത്ഥിക്കുമ്പോൾ
പ്രാണൻ കൊടുക്കണമുണ്ണീ!
കാളസർപ്പത്തിൻശിരസ്സേറി വിസ്മയ
താളം ചവിട്ടണമുണ്ണീ!
പുല്ലാങ്കുഴലു വിളിച്ചു നീ പുല്ലിനും
പുണ്യമേകീടണമുണ്ണീ!
പണയപ്പെടുത്താതെ പെണ്ണിനെ കാക്കുവാൻ
ചുണ നീ പഠിക്കണമുണ്ണീ!



ചങ്ങാതിമാർക്കു നീ തേർ തെളിച്ചീടണം
ധർമ്മത്തെ രക്ഷിപ്പാനുണ്ണീ!
സത്യം പുലർത്തുവാൻ നാടുവെടിയണം
കാടകം പൂകണമുണ്ണീ!
കാളകൂടം നീ വലിച്ചുകുടിക്കണം
പാരിനെ രക്ഷിപ്പാനുണ്ണീ!
മാറിൽ പതിക്കാം വെടിയുണ്ട, യപ്പൊഴും
മന്ത്രിക്ക നീ സ്നേഹമുണ്ണീ!
ചെമ്പനീർ പൂവുപോൽ പുഞ്ചിരിയേകണം
അൻപിലെല്ലാവർക്കുമുണ്ണീ!
'സോദരാ' യെന്നുവിളിക്കുവാൻ നാവിനു
ചേതനയേകണമുണ്ണീ!
കല്ലെറിയുമ്പോഴും പുഞ്ചിരി തൂകി നീ
മാപ്പുകൊടുക്കണമുണ്ണീ!
കൈ നീട്ടി വാങ്ങാൻ കൊതിക്കാതെ കൈകളാൽ
വാരിക്കൊടുക്കണമുണ്ണീ!
ഭൂമിയെ കെട്ടിപ്പിടിച്ചുമ്മവെയ്ക്കുവാൻ
നീ കൈകൾ നീട്ടണമുണ്ണീ!

## അഭ്യാസം

### I. പദപരിചയം :

അമൃത്. കൺപൊലിയുക, വ്രണം, ഉൾക്കണ്ണ്, നറുതേൻ, ബോധിവൃക്ഷം, മർത്ത്യൻ, ബോധം, മാമുനി, കൂരമ്പ്, ശരണം, അർത്ഥിക്കുക, പ്രാണൻ, കാളസർപ്പം, ശിരസ്സ്, വിസ്മയം, പുല്ലാങ്കുഴൽ, ചുണ, ചങ്ങാതി, കാടകം, പൂകണം, കാളകൂടം, പാര്, മാറ്, മന്ത്രിക്കുക, ചെമ്പനിനീർ, ചേതന.

### II. പിരിച്ചെഴുതുക :

| | | | | |
|---|---|---|---|---|
| പാലമൃതേകി | = | ______ | + | ______ |
| നന്മകളായിരം | = | ______ | + | ______ |
| ഉൾക്കണ്ണ് | = | ______ | + | ______ |
| ചെമ്പനിനീർ | = | ______ | + | ______ |

### III. ചേർത്തെഴുതുക :

| | | | | |
|---|---|---|---|---|
| ശിരസ്സ് | + | ഏറി | = | ______ |
| പുഞ്ചിരി | + | ഏകണം | = | ______ |
| വാരി | + | കൊടുക്കണം | = | ______ |
| ശരണം | + | അർത്ഥിക്കുക | = | ______ |

## IV. പര്യായപദമെഴുതുക :

അമൃതം, ചങ്ങാതി, തേൻ പ്രാവ്, തല, പുല്ലാങ്കുഴൽ, തേര്, കാട്, നാവ്.

## V. ഒന്നോ രണ്ടോ വരികളിൽ ഉത്തരമെഴുതുക :


1. അമ്മ എന്താണ് ഉള്ളിൽ നിറക്കണം എന്നു പറയുന്നത്?
2. എങ്ങനെ ബോധം ഏകീടണം എന്നാണ് ഉണ്ണിയോട് പറയുന്നത്?
3. 'മാമുനിയാകണം' എന്നു പറയുന്നത് എന്തിനുവേണ്ടിയാണ്?
4. ധർമ്മത്തെ രക്ഷിക്കാൻ എന്തു ചെയ്യണം എന്നാണ് പറയുന്നത്?
5. എന്തിനുവേണ്ടിയാണ് നാടു വെടിഞ്ഞ് കാട്ടിൽ പൂകുന്നത്?
6. എങ്ങനെ പുഞ്ചിരിക്കണം എന്നാണ് പറയുന്നത്?

## VI. ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക :

1. മാറിൽ പതിക്കാം______________സ്നേഹമുണ്ണീ' ഈ വരികളിലൂടെ ആരെയാണ് ലക്ഷ്യമാക്കുന്നത്? അദ്ദേഹത്തെപ്പറ്റി അറിയാവുന്നത് എഴുതുക.

## പ്രവർത്തനം :

1. അന്യർക്കായ് ജീവിച്ചതും, ജീവൻ വെടിഞ്ഞതുമായ മഹത്വ്യക്തികളുടെ കഥകൾ ശേഖരിച്ച് അന്യോന്യം ചർച്ച ചെയ്യുക.
2. ഏതെല്ലാം സൂചിതകഥകളാണ് ഈ പദ്യത്തിൽനിന്ന് ലഭിക്കുന്നത്?





# സർവംസഹ

## നാടകം -ജി.ശങ്കരപ്പിള്ള

സ്ഥലം: ഹസ്തിനപുരത്തിലെ രാജധാനി, അംഗരാജകൊട്ടാരത്തിലെ മട്ടുപ്പാവ്, അകലെ ആകാശത്തിൽ പൗർണ്ണമിച്ചന്ദ്രൻ ഉദിച്ചുനിൽക്കുമ്പോൾ ഗാന്ധാരി സദസ്സിന് പുറം തിരിഞ്ഞ് മട്ടുപ്പാവിന്റെ മതിൽക്കെട്ടിൽ പിടിച്ചുനിൽക്കുകയാണ്. കറുത്ത ഉടയാടകളും അഴിച്ചിട്ട തലമുടിയും എല്ലാം ചേർന്ന് ആ രൂപത്തിന്റെ അവ്യക്തരേഖ മാത്രമേ ആ നിലാവെളിച്ചത്തിൽ നാം കാണുന്നുള്ളു.

താഴെ പെട്ടെന്ന് ഒരാരവം. ആരൊക്കെയോ തിരക്കിട്ടു സംസാരിക്കുന്ന ഒച്ചയും ബഹളവും കേൾക്കാം. ഒരു നിമിഷം കഴിഞ്ഞ് അന്ധനായ ധൃതരാഷ്ട്രർ കോണിപ്പടിയിലൂടെ ധൃതിയിൽ തപ്പിയും തടഞ്ഞും കയറിവരുന്നു. ആരോ കയറിവരുന്ന ശബ്ദം കേട്ട് ഗാന്ധാരി തിരിഞ്ഞുനോക്കുന്നു.



ഗാന്ധാരി : ആര്യൻ!

ധൃതരാഷ്ട്രർ : ആ, അതെ.

ഗാന്ധാരി : കിരീടധാരണം കഴിഞ്ഞുവോ?

ധൃതരാഷ്ട്രർ : (ശ്രമപ്പെട്ടു പറയുംവിധം) ഹും !

ഗാന്ധാരി : വത്സ, ധർമ്മപുത്രരെ അവിടുന്നനുഗ്രഹിച്ചില്ലേ?

ധൃതരാഷ്ട്രർ : (ഉത്തരം പറയാതെ) ദേവി എന്താണ് നിൽക്കാതെ പോന്നത്?

ഗാന്ധാരി : എനിക്ക്.. .. ഞാൻ നിൽക്കേണ്ടത് ഇവിടെയാണെന്നെനിക്കു തോന്നി.

ധൃതരാഷ്ട്രർ : ഈ ഇരുട്ടിൽ!

ഗാന്ധാരി : അതെ, ഞാൻ കുരുക്ഷേത്രത്തിന്റെ ദിക്കിലേക്കു നോക്കുകയായിരുന്നു. ഞാൻ നമ്മുടെ പുത്രന്മാരെക്കുറിച്ചോർമ്മിച്ചു. അഭിമന്യുവിനെപ്പറ്റി.. .. മോഹത്തിന്റെയും ലോഭത്തിന്റെയും ആ ബലപരീക്ഷയിൽ വീണു മണ്ണടിഞ്ഞ എല്ലാവരേയും പറ്റി.. .. ഭീഷ്മപിതാമഹനെപ്പറ്റി.. ..

ധൃതരാഷ്ട്രർ : ദേവി പോരരുതായിരുന്നു.

ഗാന്ധാരി : പോരാതെന്തു ചെയ്യും? ആ ജയാരവത്തിന്റെ മദ്ധ്യത്തിലും സർവംസഹയായ ഭൂമിയുടെ വിലാപശബ്ദം ഞാൻ കേട്ടു. കേൾക്കരുതെന്നു മനസ്സിരുത്തി ശ്രമിച്ചു. ആര്യ! എത്രകണ്ട് അതിനു ശ്രമിച്ചുവോ അത്രയും ഉച്ച ത്തിൽ .. .. എല്ലാ ഘണ്ടാരവത്തിന്റെയും മുകളിൽ ഒരു തേങ്ങൽ.. .. നേർ ത്ത ഒരു ഗദ്ഗദശബ്ദം. ഒരർത്ഥത്തിൽ അത് എന്റെ ഹൃദയത്തിൽനിന്നുത നെയാണ് ഉയർന്നത്. . ഞാൻ നടന്നിടത്തെല്ലാം അതുകൂടെവന്നു.

ധൃതരാഷ്ട്രർ : എങ്കിലും ദേവി എന്റെയടുത്തുണ്ടായിരുന്നുവെങ്കിൽ ഞാൻ രക്ഷപ്പെട്ടേനെ.

ഗാന്ധാരി : പൗരമുഖ്യന്മാരെല്ലാമുണ്ടായിരുന്നില്ലേ?

ധൃതരാഷ്ട്രർ : ഉണ്ടായിരുന്നിരിക്കണം. പ്രകൃതിയിലെ പ്രമുഖന്മാരെല്ലാം വരേണ്ടതല്ലേ?

ഗാന്ധാരി : ധർമ്മജന്റെ മുഖം ഗ്ലാനികൊണ്ട് നിറം മങ്ങിയിരിക്കണം. പാവം കുഞ്ഞ്.

ധൃതരാഷ്ട്രർ : പക്ഷേ, അതൊന്നും ഞാനറിഞ്ഞില്ല, ഞാൻ.. .. ഞാൻ .

ഗാന്ധാരി : എന്താണ് ആര്യന്റെ സ്വരത്തിൽ?

ധൃതരാഷ്ട്രർ : അരുതാത്തതും ഞാൻ ചെയ്തുപോയി ദേവീ! അനിവാര്യമായ ഒരു വികാരം ഒരു നിമിഷം എന്നെ ഗ്രസിച്ചുകളഞ്ഞു.

ഗാന്ധാരി : അങ്ങ് എന്താണുദ്ദേശിക്കുന്നത്?

ധൃതരാഷ്ട്രർ : അവരെല്ലാം ഒന്നായി എന്റെ അനുഗ്രഹത്തിന് അടുത്തുവന്നു.

ഗാന്ധാരി : അവർക്കു കർത്തവ്യമറിയാം. അവർക്കു ഗുരുത്വമറിയാം.

ധൃതരാഷ്ട്രർ : ധർമ്മപുത്രരെ ഞാൻ ഹാർദ്ദമായി ആശീർവദിച്ചു. പ്രകൃതിയിലെ അംഗങ്ങളോടു ഞാൻ പറഞ്ഞു. ഇനി ഈ കുമാരനാണ് നിങ്ങളുടെ രാജാവ് അദ്ദേഹത്തെ വണങ്ങുവിൻ എന്ന്.

ഗാന്ധാരി : ക്ഷത്രിയോചിതമായ പ്രവൃത്തി തന്നെ.

ധൃതരാഷ്ട്രർ : പക്ഷേ.. .. ഇല്ല.. .. അതു പറഞ്ഞാൽ ദേവിപോലും ക്ഷമിക്കുകയില്ല.

ഗാന്ധാരി : ആര്യ! പറയൂ. പറയൂ. ഗാന്ധാരി എന്തും സഹിക്കാനും എന്തും ക്ഷമിക്കാനും ഇന്നു പഠിച്ചുകഴിഞ്ഞിരിക്കുന്നു. ഇനി ഈ കരൾ നടുങ്ങാനില്ല. ഈ കണ്ണുകൾ നിറയാനുമില്ല.

ധൃതരാഷ്ട്രർ : അടുത്തതു ഭീമന്റെ ഊഴമായിരുന്നു.

ഗാന്ധാരി : എന്നിട്ട്?

ധൃതരാഷ്ട്രർ : അയാളടുത്തുവന്നു. അനുഗ്രഹിക്കുവാൻ വേണ്ടി ഞാൻ കൈകളുയർത്തി. ആ ശരീരത്തിൽ ഞാൻ സ്പർശിച്ചു. നല്ല ഉരുക്കുപോലത്തെ ശരീരം. ഒരു നിമിഷം, ദേവീ! ഇപ്പോൾ ഞാൻ അതോർത്തു ദു:ഖിക്കുന്നു.

ഗാന്ധാരി : പറയൂ ആര്യാ! പറയൂ.

ധൃതരാഷ്ട്രർ : ആസുരമായ ഒരു പ്രതികാരവാഞ്ഛയുടെ മിന്നാട്ടം മനസ്സിലുയർന്നു. എന്റെ മകൻ (ഗദ്ഗദസ്വരം) ദുര്യോധനന്റെ രക്താഭിഷിക്തമായ ശരീരം അകക്കണ്ണുകൊണ്ടു ഞാൻ കണ്ടു. എന്തിനെന്നറിയാതെ ഒരു ആവേശം എന്നെ കീഴടക്കി.

ഗാന്ധാരി : (സോദ്വേഗം) ആര്യാ!

ധൃതരാഷ്ട്രർ : എന്റെ എല്ലാ ബലത്തോടെയും ആ ശരീരം എല്ലുകൾ നുറുങ്ങുംപടി പൂണ്ടടക്കിപ്പിടിച്ച് ഒരു നീണ്ട ആലിംഗനം കൊണ്ട് വീർപ്പുമുട്ടിക്കുവാൻ ഞാൻ വെമ്പി.

ഗാന്ധാരി : (കൂടുതൽ അസ്വാസ്ഥ്യത്തോടെ) ആര്യാ!

ധൃതരാഷ്ട്രർ : ചുറ്റും നിന്നവരിലാരോ ചിരിക്കുന്ന ശബ്ദം ഞാൻകേട്ടു.

ഗാന്ധാരി : ഹെന്ത്?

ധൃതരാഷ്ട്രർ : ഭീമന്റെ അട്ടഹാസസദൃശമായ പൊട്ടിച്ചിരി പരിഹാസക്കൂരമ്പുകൾ പോലെ കാതിൽ വന്നു തറച്ചു. അത്.. ..

ഗാന്ധാരി : അത്?

ധൃതരാഷ്ട്രർ : അത്.. .. മറ്റൊരു കോണിൽനിന്നുമായിരുന്നു. ഞാൻ കൈകൾ അയച്ചു. താഴെ വീണു ഞരങ്ങിയ ലോഹക്കഷ്ണങ്ങൾ ഡിണിം എന്നു ശബ്ദമു ണ്ടാക്കി– ഞാനറിഞ്ഞു.. .. ഞാൻ.. ..ഞാൻ.. ..
(കിതയ്ക്കുന്നു).

ഗാന്ധാരി : എന്ത്? എങ്ങനെ?

ധൃതരാഷ്ട്രർ : മായാമയനായ കൃഷ്ണൻ ഒരു മൃദു ഹാസത്തോടെ വിവരം പറഞ്ഞു. ദേവീ! ഞാൻ ആലിംഗനം ചെയ്തത് ഒരു ലോഹപ്രതിമയെ ആയിരുന്നു. (രണ്ടു പേരും തെല്ലിട നിശബ്ദർ. ഗാന്ധാരി താൻകേട്ട വാർത്തയെപ്പറ്റി ചിന്തിക്കുന്നു.) എന്താണ് ദേവി, ഒന്നും മിണ്ടാത്തത്. ഞാൻ.. ഞാനെന്റെ തെറ്റു സമ്മതിക്കുന്നു. ഒരു നിമിഷത്തെ ദൗർബല്യം. കുഞ്ഞിലേ മുതലുള്ള അവരുടെ വാക്കുകൾ മുഴുവൻ എന്റെ മനസ്സിലൂടെ കടന്നുപോയി. ഞാൻ.. ഞാനതു ചെയ്തു പോയി.(ഗാന്ധാരി മൗനം) എന്റെ തെറ്റു എനിക്കുതന്നെ മനസ്സിലായപ്പോൾ അവരുടെ പൊട്ടിച്ചിരിയും അട്ടഹാസവും എനിക്കു സഹിക്കാനാവാതെ വന്നു. അങ്ങനെ ഞാൻ മുകളിലേക്കു പോന്നു.(ഗാന്ധാരിയുടെ മൗനം വീണ്ടും ശ്രദ്ധിച്ച്) ദേവീ!

ഗാന്ധാരി : (പതുക്കെ, എന്നാൽ ദൃഢമായി) സ്ത്രീയ്ക്കു ഒരു പ്രതികാര മൂർത്തിയാ കാൻ കഴിയും. ഭൂമിദേവിയെപ്പോലെ ക്ഷമാശാലിനിയായ ഒരു സർവം സഹയാകുവാനും കഴിയും. അല്ലാതെ ഇതിനുരണ്ടിനുമിടയിൽ ഒരിടം കണ്ടെത്തുക, ഇല്ല, സ്ത്രീക്കതു സാദ്ധ്യമല്ല. പക്ഷേ പുരുഷനതു കഴിയും. ഞാൻ എന്റെ ദു:ഖം (ഗദ്ഗദം വന്നു വാക്കുകളെ മറയ്ക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും അതിനെ പണിപ്പെട്ട് അതിജീവിച്ചു.) എന്റെ മകൻ മരിച്ചതിലല്ല ഇന്ന് എനിക്കു ദു:ഖം. ഈ കൊടും ചൂടിൽ പക്ഷം കരിഞ്ഞു വെന്തു വീണു പോയ ഓരോ ആത്മാവിനെപ്പറ്റിയും ഗാന്ധാരി ദു:ഖിക്കുന്നു. (ദൂരെ കൈ ചൂണ്ടി) ആ പടക്കളത്തിന്റെ ഭാഗത്തേക്കു നോക്കുമ്പോൾ ഇപ്പോഴും ഉൾക്കിടിലമുണ്ടായിപ്പോകുന്നു. ഭാരത പൗരുഷത്തിന്റെ രത്നരാജന്മാർ ആ പൊടിമണ്ണിൽ പൂഴ്ന്നുകിടക്കുകയാണ്.

ധൃതരാഷ്ട്രർ : ഇനി ഒരു നിമിഷം ഇവിടെ കഴിയുക വയ്യ. ഈ ദൗർബല്യത്തിനുശേഷം. വയ്യ.. .. വയ്യ.. .. ദേവീ; വയ്യ.

ഗാന്ധാരി : ഞാനും അതുതന്നെ ആലോചിക്കുകയായിരുന്നു. ദു:ഖത്തിന്റെ

അഗ്നി അടങ്ങിയിട്ടില്ലെങ്കിൽ, അതിന്റെ തീകൊണ്ട് അയൽവീടുകൾ നശിക്കാതിരിക്കാനെങ്കിലും നാം ശ്രദ്ധിക്കണം. നാമിനി ഇവിടെ നിന്നുകൂടാ.

ധൃതരാഷ്ട്രർ : ഇനി ഏകാന്തമായ കാനനാന്തരങ്ങളാണ് ഹൃദ്യം. ഇനി ശാന്തവും ക്ഷോഭരഹിതവുമായ ഒരു അന്ത്യമാണ് കരണീയം. പോകാം, പോകാം ദേവീ. ഞാൻ എല്ലാവരോടും യാത്ര ചോദിച്ചു വരാം. (സ്വയം) അതെ, അതൊന്നു മാത്രമാണിനി വഴി! (നടന്നുകൊണ്ട് സ്വപ്നത്തിലെന്നപോലെ) കണ്ണില്ലെങ്കിലും ഈ രാജമന്ദിരം ഞാൻ കണ്ടിട്ടുണ്ട്. ഓരോ ചുവരും ഓരോ തൂണും എനിക്കു പരിചിതമാണ്. എന്റെ ജീവിതത്തിന്റെ ഒരു ഭാഗമായിരുന്നു അത്. ഇന്ന്, ഇന്ന് .. .. (സ്വയം ശ്രമിച്ചുതന്നെ ആ ദു:ഖത്തിൽനിന്നു കരകയറി ) സാരമില്ല, ഞാനിതാ വരുന്നു. (പടികൾ ഇറങ്ങിപ്പോകുന്നു.)

## അഭ്യാസം

### I. അർത്ഥം ഗ്രഹിക്കാം :

ആരവം, അന്ധൻ, ധൃതി, ലോഭം, വിലാപം, ഗദ്ഗദം, ഗ്ലാനി, ഗ്രസിച്ചു, ഹാർദ്ദം, കാനനാന്തരങ്ങൾ, ഹൃദ്യം, കരണീയം, .

### II. എതിർപദങ്ങൾ കണ്ടെത്തൂ :

അസ്തമിച്ചു x ______________

വ്യക്തം x ______________

നിഗ്രഹം x ______________

നിസ്സാരം x ______________

ആദ്യം x ______________

### III. പാഠഭാഗത്തുനിന്നും പകരം പദം കണ്ടെത്തി എഴുതുക :

വെളുത്ത വാവ് ______________

ചിരി ______________

വസ്ത്രങ്ങൾ ______________

ശബ്ദം ______________

രാജകൊട്ടാരം ______________

### IV. ഒറ്റവാക്കെഴുതുക :

പ്രതികാരം ചെയ്യാനുള്ള വാഞ്ഛ ______________

പരിഹാസത്തിന്റെ കൂരമ്പുകൾ ______________

അട്ടഹാസത്തിനു സദൃശമായ ______________

രക്തത്താൽ അഭിഷേകം ചെയ്യപ്പെട്ട ______________

മൃദുവായ ഹാസം ______________
സർവവും സഹിക്കുന്നവൾ ______________

## V. പിരിച്ചെഴുതുക :

| | | | | |
|---|---|---|---|---|
| പൗർണ്ണമിച്ചന്ദ്രൻ | = | ______________ | + | ______________ |
| മതിൽക്കെട്ട് | = | ______________ | + | ______________ |
| പൂണ്ടടക്കി | = | ______________ | + | ______________ |
| മനസ്സിരുത്തി | = | ______________ | + | ______________ |
| അതോർത്ത് | = | ______________ | + | ______________ |

## VI. ചേർത്തെഴുതാം :

| | | | | |
|---|---|---|---|---|
| ഉട | + | ആട | = | ______________ |
| ക്ഷത്രിയ | + | ഉചിതം | = | ______________ |
| തെല്ല് | + | ഇടം | = | ______________ |
| ഊഴം | + | ആയിരുന്നു | = | ______________ |
| പണി | + | പെട്ട് | = | ______________ |

## VII. ശരിയായ അക്ഷരം എടുത്തെഴുതുക :

| | |
|---|---|
| ഗാ.. .. .. രി | (ന്ദാ , ന്താ , ന്ധാ ) |
| ഘ.. .. .. രവം | (ണ്ഡാ , ണ്ടാ , ണ്ഠാ) |
| അസ്വാ.. .. .. | (സ്ഥ്യം , സ്ത്യം , ത്സ്യം) |
| രാജമ.. .. .. രം | (ന്തി , ന്ദി , ന്ധി ) |

## VIII. ഒന്നോ രണ്ടോ വരിയിൽ ഉത്തരമെഴുതുക :

1. ഗാന്ധാരി കിരീടധാരണച്ചടങ്ങിൽ പങ്കെടുക്കാതിരുന്നതെന്തുകൊണ്ട്?
2. ധൃതരാഷ്ട്രർ ചെയ്ത ക്ഷത്രിയോചിതമായ പ്രവൃത്തി എന്ത്?
3. ധൃതരാഷ്ട്രർ അപഹാസ്യനായിത്തീർന്നതെങ്ങനെ?
4. സ്ത്രീയ്ക്ക് സാദ്ധ്യമല്ലാത്തത് എന്താണെന്നാണ് ഗാന്ധാരി പറയുന്നത്?
5. ധൃതരാഷ്ട്രർ കാട്ടിലേക്കു പുറപ്പെടാൻ തീരുമാനിച്ചത് എന്തുകൊണ്ട്?

## IX. ചെറുവാക്യങ്ങൾ രചിയ്ക്കുക :

ജയാരവം , ഹാർദ്ദമായി , മണ്ണടിയുക , ഉൾക്കിടിലം.

## X. താഴെ തന്ന പദങ്ങളിൽ ആൺവർഗ്ഗത്തേയും പെൺവർഗ്ഗത്തേയും കുറിക്കുന്ന പദ ങ്ങൾ വേർതിരിച്ചെഴുതുക :

(ദേവി, പുത്രൻ, ആര്യ, പുരുഷൻ, രാജ്ഞി, മകൻ, രാജാവ്, കുമാരി, ആര്യൻ, സ്ത്രീ)

| ആൺ വർഗ്ഗം | പെൺ വർഗ്ഗം |
|---|---|
| | |
| | |
| | |
| | |
| | |
| | |

### പ്രവർത്തനം :

1. ഈ നാടകം ക്ലാസ്സിൽ അവതരിപ്പിക്കൂ.. ..
2. മഹാഭാരതകഥയിലെ അനുയോജ്യമായ മറ്റേതെങ്കിലും സന്ദർഭങ്ങൾ നാടകരൂപത്തിലാക്കി അവതരിപ്പിക്കാൻ ശ്രമിക്കൂ.. ..
3. ഈ നാടകം കഥാരൂപത്തിലേക്കു മാറ്റിയെഴുതി അനുയോജ്യമായ മറ്റൊരു ശീർഷകം നൽകുക.. ..
4. കഥാപാത്രങ്ങളെ വിലയിരുത്താം:

| കഥാപാത്രം | ഇഷ്ടപ്പെടുന്നു/ ഇഷ്ടപ്പെടുന്നില്ല. | കാരണം |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |

### ഉചിതമായ ചിഹ്നങ്ങൾ ഉപയോഗിച്ചെഴുതുക :

1. ഭാരതം എന്റെ രാജ്യമാണ്
2. ഉപ്പ് മുളക് മല്ലി ജീരകം എന്നിവ വാങ്ങാനുണ്ട്
3. മതമേതായാലും മനുഷ്യൻ നന്നായാൽ മതി എന്നാണ് ഗുരുദേവൻ ഉപദേശിച്ചത്
4. എന്റപ്പാ ഇത്തവണയെങ്കിലും ജയിച്ചല്ലോ
5. നിങ്ങൾ എവിടെയായിരുന്നു

# യഥാർത്ഥ ഭക്തി

പണ്ട് പണ്ട് മൃഗങ്ങളും പക്ഷികളുമൊക്കെ മനുഷ്യരെപ്പോലെ സംസാരിച്ചിരുന്ന കാലത്തു നടന്ന കഥയാണിത്. അക്കാലത്ത് ഒരിക്കൽ ഒറീസായിലെ രാജാവായ ജയ ചന്ദ്രൻ ഒരു മഹാക്ഷേത്രം പണിയാൻ തീരുമാനിച്ചു. മാർബിളും രത്നങ്ങളുംകൊണ്ട് മനോഹരമായ ഒരു ക്ഷേത്രം പണിയിക്കുകയും അത് ഈശ്വരന് സമർപ്പിച്ച് സംതൃപ്തിയ ടയുകയും ചെയ്യണമെന്നായിരുന്നു ജയചന്ദ്രന്റെ ആശ. ധനംകൊണ്ടോ ശരീരം കൊണ്ടോ പ്രജകളാരും യാതൊരുവിധ സഹായസഹകരണങ്ങളും ചെയ്യാൻ പാടില്ലെന്ന് രാജാവ് വിളംബരം ചെയ്തു. മറ്റുള്ളവർ സഹായിക്കുന്നപക്ഷം ക്ഷേത്രനിർമ്മിതിയിൽ നിന്നു ലഭിക്കാവുന്ന യശസ്സിന്റെ ഒരംശം അവർക്കും വിഭജിക്കേണ്ടിവരുമെന്നായിരുന്നു രാജാവിന്റെ ഭയം.

ലോകത്തിന്റെ നാനാഭാഗത്തുനിന്നും കലാവിരുതേറിയ നിരവധി ശില്പികളെ രാജാവ് ക്ഷണിച്ചുവരുത്തി. കോടിക്കണക്കിനു രത്നങ്ങളും മാർബിൾശിലകളും വിലയ്ക്കു വാങ്ങിച്ചു. ഒരു ശുഭദിനത്തിൽ ക്ഷേത്രത്തിന്റെ നിർമ്മാണമാരംഭിച്ചു.

ഓരോ ദിവസത്തേയും പ്രവർത്തനരീതി രാജാവ് നേരിട്ടുതന്നെ സൂക്ഷിച്ചുകൊണ്ടിരുന്നു. ഒരു വർഷത്തിനകം ശില്പകലയുടേയും സൗന്ദര്യത്തിന്റെയും സാക്ഷാത്കാരമെന്നപോലെ, ലോകത്തിന് അത്ഭുതമുളവാകത്തക്കവിധം ആ ക്ഷേത്രം പണിതുയർത്തപ്പെട്ടു. അതിന്റെ മുൻവശത്തു "ജയചന്ദ്രരാജാവ്" എന്ന് സ്വർണ്ണലിപികളിൽ എഴുതിവെച്ചു. പ്രളയകാലംവരെ നിലനിൽക്കുന്ന അനശ്വരമായ യശസ്സ് തനിക്ക് ഇതുമൂലം ലഭിക്കുമെന്നുള്ള വിശ്വാസം നിമിത്തം രാജാവ് അത്യധികം ആഹ്ലാദിച്ചു.

സംതൃപ്തിയും സന്തോഷവും നിറഞ്ഞുതുളുമ്പുന്ന ഹൃദയവുമായി ജയചന്ദ്രൻ ശയനമുറിയിൽ പ്രവേശിച്ചു. മദ്യം കുടിച്ചു മദിച്ചവനെപ്പോലെ രാജാവ് അല്പം മയങ്ങി. കുറച്ചു നേരം കഴിഞ്ഞപ്പോൾ അയാൾ ഒരു സ്വപ്നം കണ്ടു. നക്ഷത്രങ്ങളും നിലാവുമില്ലാത്ത, മൂടൽമഞ്ഞു കൂടാരമടിച്ചിരിക്കുന്ന ഒരു രാത്രി. നിശ്ശേഷ നിശ്ശബ്ദത. രാപ്പാടികളുടെ 'കൂ കൂ കൂ കൂ' നാദം മാത്രം വല്ലപ്പോഴും കേൾക്കാം. അങ്ങകലെ പതഞ്ഞൊഴുകുന്ന ഒരു കാട്ടുചോല. അതിനരികിലുള്ള പഞ്ചാര മണലിൽ രാജഹംസങ്ങളെ കളിപ്പിച്ചുകൊണ്ട് രാജാവ് ഇരിക്കുകയാണ്. അപ്പോൾ, അങ്ങു നീലാകാശത്തുനിന്ന്, കൂരിരുട്ടിനേയും മൂടൽമഞ്ഞിനേയും കീറിക്കൊണ്ട് ഒരു ദിവ്യരൂപം മന്ദം മന്ദം ഇറങ്ങിവന്നു. ആ രൂപം ക്ഷേത്രത്തിന്റെ നേരെ നടന്നു. രാജാവ് അതിനെ പിന്തുടർന്നു. ക്ഷേത്രഗോപുരത്തിൽ തങ്ക ലിപികൾകൊണ്ട് എഴുതിയിരിക്കുന്ന രാജാവിന്റെ പേര് ആ രൂപം തുടച്ചുമാറ്റി. ആ സ്ഥാനത്ത് ഒരു സ്ത്രീനാമം എഴുതിച്ചേർത്തു. ഈ രംഗം കണ്ടുകൊണ്ടിരുന്ന രാജാവിന്റെ മുഖം വിളറി! കണ്ണുകളിൽ നീരു നിറഞ്ഞു. അദ്ദേഹം നിരാശനായിത്തീർന്നു. സങ്കടത്തിന്റെ സങ്കേതംപോലെ അദ്ദേഹം കൊട്ടാരത്തിലേക്കു നടന്നു. ഇതാ

യിരുന്നു രാജാവിന്റെ സ്വപ്നം.

അദ്ദേഹം ഞെട്ടിയുണർന്നു. കണ്ണുതിരുമ്മി നാലുപാടും നോക്കി. എങ്ങും അന്ധകാരമാണ്. ലോകം മുഴുവൻ സുഖമായി ഉറങ്ങുന്നു. അദ്ദേഹം മാത്രം അമ്പരന്നിരിക്കുകയാണ് ഒരു ഭ്രാന്തനെപ്പോലെ. രാജാവ് ഉടനെത്തന്നെ ക്ഷേത്രസന്നിധിയിലേക്കോടി. ഹാ! സ്വപ്നം എത്ര സത്യമായിരിക്കുന്നു! രാജാവിന്റെ പേരിന്റെ സ്ഥാനത്ത് 'സുധർമ്മ' എന്ന സ്ത്രീനാമം. .. .. ലജ്ജയും നിരാശയും കോപവും ഒരേ സമയത്തു രാജാവിൽ തലയുയർത്തി. അദ്ദേഹം ആ രാത്രിതന്നെ ഇങ്ങനെ വിളംബരം ചെയ്തു:––

"ഈ രാജ്യത്തിൽ സുധർമ്മ എന്നു പേരുള്ള സകല സ്ത്രീകളും രണ്ടു ദിവസത്തിനകം മഹാക്ഷേത്രാങ്കണത്തിൽ വന്നെത്തേണ്ടതാകുന്നു."

ഭടന്മാർ രാജ്യത്തിന്റെ നാനാ ഭാഗത്തും ഓടിനടന്നു. പെരുമ്പറയടിച്ച് ഈ വിളംബരം പ്രസിദ്ധപ്പെടുത്തി. കാര്യം എന്തെന്നറിയാതെ പ്രജകൾ കുഴങ്ങി. ഏതോ പാവത്തിന് മരണം അടുത്തിരിക്കുന്നു എന്ന് ആളുകൾ സംശയിച്ചു.

നിശ്ചിതദിവസം പുലർച്ചയ്ക്കു മുമ്പേ 'സുധർമ്മ' എന്നുപേരുള്ള നിരവധി സ്ത്രീകൾ ക്ഷേത്രസന്നിധിയിൽ വന്നുചേർന്നു. സുന്ദരികളും വിരൂപിണികളും കുമാരികളും പ്രൗഢകളും വൃദ്ധകളുമൊക്കെയുണ്ട് ആ കൂട്ടത്തിൽ. രാജാവ് കോപംമൂലം വിറച്ചുകൊണ്ടു പറഞ്ഞു:––

"ഇവിടെ കൂടിയിരിക്കുന്ന സ്ത്രീകളിൽ ആരെങ്കിലും ഈ ക്ഷേത്രനിർമ്മാണത്തിന് എന്തെങ്കിലും സഹായം ചെയ്തിട്ടുണ്ടെങ്കിൽ അവർ മുമ്പോട്ടു വരട്ടെ. ആരെങ്കിലും സത്യം മറച്ചുപിടിക്കാൻ ശ്രമിക്കുന്നപക്ഷം ഈ സകല സ്ത്രീകൾക്കും മരണമടുത്തിരിക്കുന്നു എന്നു കരുതിക്കൊള്ളുക."

കുറച്ചുനേരം ഒരു മൂകത അവിടെ തങ്ങിനിന്നു. ഓരോരുത്തരും മുഖത്തോടു മുഖം നോക്കി നിന്നതേയുള്ളൂ. രാജാവ് അക്ഷമനായി ആ രംഗം വീക്ഷിക്കുകയായിരുന്നു. അപ്പോൾ ഒരു പടുകിഴവി, വടിയും കുത്തിക്കുത്തി രാജാവിന്റെ മുന്നിലേക്കു നീങ്ങി. എല്ലാവരും ആ കിഴവിയെ ഉറ്റുനോക്കാൻ തുടങ്ങി. അവർ കിതച്ചു കിതച്ച്, വേച്ച് വേച്ച് രാജാവിന്റെ കാലിൽവീണു പറഞ്ഞു:––

"പൊന്നു തിരുമേനി, ഞാനാണു കുറ്റക്കാരി. ഞാൻ നിമിത്തം നിരപരാധികളായ ഈ സഹോദരിമാർക്കൊക്കെ ബുദ്ധിമുട്ടേണ്ടിവന്നതു വിചാരിക്കുമ്പോൾ എനിക്കു സങ്കടമുണ്ടാകുന്നു."

"നിന്റെ തത്ത്വപ്രസംഗം ഒന്നും കേൾക്കേണ്ടതില്ല. ക്ഷേത്രനിർമ്മിതിയിൽ എന്തു

സഹായമാണ് ചെയ്തതെന്നു പറയൂ." രാജാവ് ഗർജ്ജിച്ചു.

കിഴവി വിങ്ങി വിങ്ങി അറിയിച്ചു:--

"തിരുമേനി, ക്ഷേത്രത്തിന്റെ ചുവരുപണിയാനുള്ള മാർബിൾക്കല്ലുകൾ കയറ്റിയ ഭാരവണ്ടി വലിച്ചുകൊണ്ടുപോയ രണ്ടു വയസ്സൻ കാളകൾക്ക് ഞാൻ ഒരുപിടി വയ്ക്കോൽ കൊടുത്തു. എരിവെയിലേറ്റ്, തളർന്ന്, വായിൽ നുരയും പതയുമായി കടുത്തഭാരം വലിക്കുന്ന ആ പാവപ്പെട്ട മൃഗങ്ങളുടെ ദയനീയ നില കണ്ടപ്പോൾ എന്റെ കരളലിഞ്ഞുപോയി. ഇതൊരപരാധമായിത്തീരുമെന്ന് ഞാൻ അറിഞ്ഞില്ല. തമ്പുരാനേ, എന്റെ കുറ്റത്തിന് എന്നെ ശിക്ഷിക്കുക."

രാജാവ് അല്പനേരത്തേക്കു ചിന്താമഗ്നനായിത്തീർന്നു. അദ്ദേഹത്തിന്റെ മുഖത്ത് ഉണർവ്വിന്റെ പുതു വെളിച്ചം പരന്നു. ചില ഭാവവ്യത്യാസങ്ങൾ അദ്ദേഹത്തിനുണ്ടായി. അദ്ദേഹം പുഞ്ചിരിച്ചുകൊണ്ട് പ്രസ്താവിച്ചു:--

"അമ്മേ, നിങ്ങൾ എന്നെ മഹത്തായ ഒരു തത്ത്വം എന്നെ പഠിപ്പിച്ചിരിക്കുന്നു. പേരിനും പെരുമയ്ക്കും വേണ്ടി, പണക്കാർ കോടിക്കണക്കിനു പണം ചെലവാക്കി, കാട്ടിക്കൂട്ടുന്ന കോലാഹലങ്ങളേക്കാൾ; ആത്മാർത്ഥവും അകളങ്കവുമായി പാവപ്പെട്ടവർ ചെയ്യുന്ന എളിയ സേവനങ്ങളാണ് ഈശ്വരന് പ്രിയങ്കരമായിട്ടുള്ളത്. നാല്പതു കോടി രൂപ വിലയുള്ള എന്റെ മഹാക്ഷേത്രത്തേക്കാൾ ഭഗവാനിഷ്ടമായത് വിശന്നു തളർന്ന കാളകൾക്കു നിങ്ങൾ നല്കിയ ഒരുപിടി വയ്ക്കോലാണ്. ആർഭാടമല്ല, ആത്മാർത്ഥതയും പരിശുദ്ധിയുമാണ് യഥാർത്ഥ ഭക്തിയുടേയും സേവനത്തിന്റെയും ഉറവിടം എന്ന് ഞാൻ മനസ്സിലാക്കിക്കഴിഞ്ഞു. "

രാജാവ്, വിലയേറിയ സമ്മാനങ്ങളും നല്കി. പല്ലക്കിൽക്കയറ്റി ആ വൃദ്ധയെ അവരുടെ വസതിയിലേക്കയച്ചു.

# യുദ്ധകാണ്ഡം

പി.മധുസൂദനൻ



ഏറെ മനുഷ്യർക്കു കണ്ണുനീർ നൽകുന്ന
യുദ്ധങ്ങളെന്തിനു വേണ്ടി?
നാശങ്ങൾ മാത്രം ചമയ്ക്കാൻ കഴിയുന്ന
യുദ്ധങ്ങളാർക്കൊക്കെ വേണ്ടി?
ഉള്ളിൽ പകതൻ കനലെരിയിക്കുന്ന
യുദ്ധം കൊടും പ്രാകൃതത്വം.
ശാന്തമാം ജീവിതം തല്ലിത്തകർക്കുന്ന
യുദ്ധം മനുഷ്യ വിരുദ്ധം.
അല്ലാതെ തന്നെയുണ്ടേറെ ദു:ഖങ്ങളും
വല്ലായ്മയും പാരിടത്തിൽ.
യുദ്ധമതൊക്കെയും കൂട്ടുകയല്ലതെ–
യൊന്നും പരിഹരിക്കില്ല.
എങ്കിലും വേണം ചിലർക്കൊക്ക ഭൂമിയിൽ
യുദ്ധം– അതെന്തിനു വേണ്ടി?
അന്യന്റെയെല്ലാം പിടിച്ചു പറിയ്ക്കുന്ന
സ്വാർത്ഥം പുലർത്തുവാൻ വേണ്ടി!



നന്മകളെല്ലാം തകർത്തെറിഞ്ഞീടാ–
തവർക്കു ജീവിക്കുവാൻ വയ്യ.
ചേരികളായിത്തിരിച്ചു മനുഷ്യന്റെ
ചോരയൊഴുക്കാതെ വയ്യ.
ആ രക്തദാഹം നശിക്കട്ടെ; ഭൂമിയിൽ
നന്മ തൻ വേരുറയ്ക്കട്ടെ.
വേലികളെല്ലാം തകർത്തു മനുഷ്യനിൽ
സൗഹൃദം പുഷ്പിച്ചിടട്ടെ!

## അഭ്യാസം

### I. അർത്ഥം കണ്ടുപിടിക്കാമോ :

ചമയ്ക്കുക, പക, കനൽ, കൊടും, പ്രാകൃതത്വം, വിരുദ്ധം, പരിഹരിക്കുക, അന്യൻ, സ്വാർത്ഥം, ചേരി, രക്തം, സൗഹൃദം.

### II. പിരിച്ചെഴുതുക :

തല്ലിത്തകർക്കുന്ന = ____________ + ____________

| | | | | |
|---|---|---|---|---|
| ചേരികളായി | = | ____________ | + | ____________ |
| ഭൂമിയിൽ | = | ____________ | + | ____________ |
| അന്യന്റെയെല്ലാം | = | ____________ | + | ____________ |

## III. ചേർത്തെഴുതുക :

| | | | | |
|---|---|---|---|---|
| കൂട്ടുക | + | അല്ലാതെ | = | ____________ |
| ചോര | + | ഒഴുക്കാതെ | = | ____________ |
| അത് | + | എന്തിന് | = | ____________ |
| യുദ്ധം | + | അതൊക്കെ | = | ____________ |

## IV. പര്യായപദമെഴുതുക :

രക്തം ____________, ____________.

യുദ്ധം ____________, ____________.

മനസ്സ് ____________, ____________.

## V. ഒന്നോ രണ്ടോ വരികളിൽ ഉത്തരമെഴുതുക :

1. യുദ്ധം മാനവരാശിക്കു നല്കുന്നത് എന്തെല്ലാം?
2. യുദ്ധം പ്രാകൃതമാകുന്നതെങ്ങനെ?
3. മനുഷ്യവിരുദ്ധമാണ് യുദ്ധം എന്നു പറയുന്നതെന്തുകൊണ്ട്?
4. യുദ്ധം ആഗ്രഹിക്കുന്നവർ എന്തെല്ലാമാണ് ചെയ്യുന്നത്?
5. മനുഷ്യന്റെ രക്തദാഹം നശിക്കുമ്പോൾ ഉണ്ടാകുന്ന മാറ്റങ്ങൾ എന്തെല്ലാം?

## പ്രവർത്തനം :

1. 'അല്ലാതെതന്നെയുണ്ടേറെ ദു:ഖങ്ങളും വല്ലായ്മയുംപാരിടത്തിൽ' ദു:ഖങ്ങളും വല്ലായ്മകളും ഏതൊക്കെയാണെന്നാണ് നിങ്ങൾക്കു തോന്നുന്നത്.പട്ടിക തയ്യാറാക്കുക.
2. നിങ്ങൾക്കു പരിചയമുള്ള ഏതെങ്കിലും പട്ടാളക്കാരോട് യുദ്ധത്തെപ്പറ്റിയും, ഇന്ന് യുദ്ധത്തിനുപയോഗിക്കുന്ന ആയുധങ്ങളെപ്പറ്റിയും നേരിട്ടു ചോദിച്ച് മനസ്സിലാക്കുക.
3. 'യുദ്ധം എന്റെ കണ്ണിലൂടെ' ഒരു ചിത്രരചനാ മത്സരം സംഘടിപ്പിക്കുക.

## രചന :

നിങ്ങൾ കേട്ടിട്ടുള്ള ഏതെങ്കിലും യുദ്ധക്കെടുതികളെപ്പറ്റി ലഘുവായി ഉപന്യസിക്കുക.

# മണ്ണും മനുഷ്യനും

ലോകസംസ്കാരത്തിന്റെ ഭാഗമാണ് കൃഷി. കലയും, സംസ്കാരവും, ശാസ്ത്രവും, സാഹിത്യവും, ചരിത്രവുമെല്ലാം കാർഷികസംസ്കാരത്തിലൂടെ വളർന്നു വികസിച്ചു വന്നതാണ്. ജീവിതത്തിന്റെ അടിസ്ഥാന പാഠങ്ങൾ പുരാതനമനുഷ്യൻ ചിട്ടപ്പെടുത്തിയത് കൃഷിയിലൂടെയാണ്. എപ്പോഴാണ് കൃഷി ആരംഭിച്ചിട്ടുണ്ടാവുക? നിങ്ങൾ അതിനെപ്പറ്റി ചിന്തിച്ചിട്ടുണ്ടോ.. ..?



ആദിമ മനുഷ്യൻ കൃഷി വികസിപ്പിച്ചെടുത്തതും വ്യാപിപ്പിച്ചതും പരീക്ഷണങ്ങളിലൂടെയായിരുന്നു. അനുഭവങ്ങളിലൂടെ പുതിയ അറിവുകൾ അവൻ സ്വായത്തമാക്കി.

ഏകദേശം എണ്ണായിരം വർഷങ്ങൾക്കു മുമ്പാണ് കാനന വാസിയായിരുന്ന മനുഷ്യൻ കൃഷി കണ്ടെത്തുന്നതും, തൊഴിലായി സ്വീകരിക്കുന്നതും. അന്നൊക്കെ അലഞ്ഞുതിരിഞ്ഞ് വേട്ടയാടിയും മീൻപിടിച്ചും കായ്കനികൾ ഭക്ഷിച്ചുമൊക്കെയായിരുന്നു അവൻ ജീവിതം തള്ളിനീക്കിയത്.

ചില പുല്ലുകളുടെ അരിയും അവന് പ്രിയപ്പെട്ടതായി. പക്ഷേ, വേണ്ടത്ര ആഹാരം കിട്ടാതെ വരുമ്പോൾ വിശപ്പു സഹിച്ചിരിക്കുകയായിരുന്നു അവന്റെ പതിവ്. അങ്ങനെയായിരുന്നു ആ അത്ഭുതകരമായ കണ്ടുപിടിത്തമുണ്ടായത്. പ്രിയപ്പെട്ട പുൽവിത്തുകൾ ചില പ്രത്യേക സമയത്ത് മണ്ണിൽ വിതച്ചാൽ തഴച്ചുവളരുന്നു. വിശപ്പടക്കാനും, വീണ്ടും വിതയ്ക്കാൻ പാകത്തിൽ വിത്തുകൾ ശേഖരിയ്ക്കാനും കഴിയുമെന്നവൻ നിരീക്ഷിച്ചു കണ്ടെത്തി.

കൃഷി രീതിയുടെ ബാലപാഠങ്ങൾ പ്രകൃതിയിൽ നിന്നു മനസ്സിലാക്കിയ മനുഷ്യൻ അഗ്രം കൂർത്തകാട്ടുകമ്പുകൾകൊണ്ട് മണ്ണിൽ ചാലുകൾ കീറി വിത്തു വിതച്ചു. ആ കാട്ടു കമ്പാണത്രേ ഇന്നു നിലവിലുള്ള കാർഷിക ഉപകരണങ്ങളുടെയെല്ലാം മുൻഗാമി. കൃഷിയുടെ വലിയ സാദ്ധ്യത മനസ്സിലാക്കിയതോടെ കാർഷിക ഉപകരണങ്ങൾ കൂടുതൽ ആവശ്യമായി വന്നു. അങ്ങനെ കല്ലുകൊണ്ടു മണ്ണിളക്കാനുള്ള ചെറിയ ആയുധങ്ങളും ചന്ദ്രക്കല പോലെ വളഞ്ഞ കൊയ്ത്തരിവാളുമെല്ലാം ഉണ്ടായി. വളഞ്ഞ മരക്കമ്പിൽ കൂർത്തു നേർത്ത കല്ലുകൾ ഉറപ്പിച്ചായിരുന്നു അരിവാൾ നിർമ്മിച്ചത്.

ആദ്യ കാലങ്ങളിൽ ഒരു വളഞ്ഞ മരത്തണ്ട് അവൻ കലപ്പയായി ഉപയോഗിച്ചു. ഇരുമ്പ് യുഗത്തിലെത്തിയ മനുഷ്യൻ മൺവെട്ടിയും, കത്തിയും മറ്റും കണ്ടു പിടിച്ച

തോടെ കൃഷി ഒന്നുകൂടി എളുപ്പമായി. അതോടൊപ്പം ഇണക്കിയെടുത്ത മൃഗങ്ങളേയും ഉപയോഗിച്ച് ഉഴവ് സുഗമമാക്കി. കാലക്രമത്തിൽ ഉപജീവനത്തിന്റെ പ്രധാന മാർഗ്ഗമായ കൃഷി അവന് ആഘോഷമായി. വിത്തിറക്കുന്നതും (വിഷു) വിളവെടുക്കുന്നതും (ഓണം) അവന്റെ പ്രധാന കാർഷികാഘോഷങ്ങളായി മാറി.

മണ്ണിലെ പോഷകാംശങ്ങൾ നിലനിർത്താനുള്ള വിദ്യയൊന്നും മനുഷ്യന് ആദ്യ കാലങ്ങളിൽ വശമായിരുന്നില്ല. ചെടികൾക്കാവശ്യമായ ലവണത്വവും ക്ഷാരത്വവും എളുപ്പം തീർന്നു പോകുന്നത് വിനയായി. ഫലപുഷ്ടി നഷ്ടപ്പെട്ട മണ്ണിൽ വീണ്ടും കൃഷി ചെയ്താൽ പ്രതീക്ഷിച്ച വിളവൊന്നും കിട്ടാതായപ്പോൾ കർഷകർ പുതുവഴി തേടി. പുതിയ കൃഷിസ്ഥലങ്ങൾ അന്വേഷിച്ചു പോവുകയായിരുന്നു. നദീതടങ്ങളാണ് കൃഷിക്ക് ഏറ്റവും ഉപയുക്തമെന്ന് കണ്ടെത്തിയ മനുഷ്യൻ അവിടങ്ങളിൽ കൂട്ടം കൂട്ടമായി താമസിക്കാൻ തുടങ്ങി.

കാലം മാറി, കഥ മാറി. എല്ലാവരുടേതായിരുന്ന ഭൂമി ചിലരുടേതാവാൻ തുടങ്ങി. ജനസമൂഹം അടിമകളും ഉടമകളുമായി മാറി. ജന്മി-കുടിയാൻ സമ്പ്രദായവും, ഭൂവുടമ വ്യവസ്ഥിതിയും, രാജാവും, ചക്രവർത്തിയും, കോളനി ഭരണവുമെല്ലാം മാനവചരിത്രത്തിൽ പുതിയ അദ്ധ്യായങ്ങളെഴുതിച്ചേർത്തു. അപ്പോഴും കൃഷിക്ക് പ്രാധാന്യം നഷ്ടപ്പെട്ടില്ല.



ഒരു കാലത്ത് നെൽകൃഷിക്ക് പ്രതാപംകൊണ്ട നാടായിരുന്നു കേരളം. നോക്കെത്താദൂരത്ത് പരന്നുകിടക്കുന്ന നെൽപാടങ്ങൾ കേരളത്തിന്റെ പ്രത്യേകതയായിരുന്നു. കൂട്ടുകുടുംബ വ്യവസ്ഥയായിരുന്നു അധികവും. ഓരോ കുടുംബത്തിനും ഒന്നും രണ്ടും തൊഴുത്ത് നിറയെ കന്നുകാലികൾ ഉണ്ടാവും. നിലം ഉഴാനും, ചാണക വളത്തിനും പാലിനും മോരിനുമൊന്നും ഇന്നത്തെപ്പോലെ പ്രയാസമില്ല. പുലർച്ചെ കന്നുപൂട്ടുകാരുടെ ഹോയ്.. .. ഹോയ്.. .. വിളികളിലൂടെ നാടുണരും. ഞാറ്റുപാട്ടും, കൊയ്ത്തും മെതിയും, ചക്രപ്പാട്ടുംകൊണ്ട് മുഖരിതമായിരുന്നു വയലേലകൾ. എന്നാൽ ഇന്നോ.. .. ?

വ്യവസായ വിപ്ലവവും, ഹരിത വിപ്ലവവും, പുതിയ കൃഷി സമ്പ്രദായങ്ങളും കാർഷികവൃത്തിയെ യന്ത്രവൽക്കരിച്ചു. ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് രാസവളങ്ങളും, കീടനാശിനികളും അമിതമായി ഉപയോഗിക്കാൻ തുടങ്ങി. മണ്ണിന്റെ രാസഘടനമാറി. ഉപജീവനത്തിനും, ഭക്ഷ്യസുരക്ഷയ്ക്കുമായി ചെയ്തിരുന്ന കാർഷികവൃത്തി

വിൽപനയ്ക്കും, അമിതോൽപാദനത്തിനും വഴിമാറി. കാർഷികവിഭവങ്ങൾ വിൽപനച്ച രക്കുകളായതോടെ കൃഷി ലാഭം കൊയ്യാനുള്ള ഉപാധിയായി. കർഷകരുടെ മനസ്സിലും ലാഭക്കൊതി പടർന്നു കയറിയപ്പോൾ കാർഷിക'സംസ്കാരം' കാർഷിക'വ്യാപാരമായി' അപചയിയ്ക്കുകയായിരുന്നു.

ഇതിന്റെ ഫലമായി വരുമാനം കുറഞ്ഞ ഭക്ഷ്യവിളകളിൽനിന്ന് കർഷകർ തോട്ടവി ളകളിലേയ്ക്കും നാണ്യവിളകളിലേയ്ക്കും മാറി. വയലേലകൾ നികത്തി കവുങ്ങും, തെങ്ങും, റബ്ബറും, വാഴയും കൃഷി ചെയ്തു.

കൂട്ടുകുടുംബങ്ങൾ അണുകുടുംബങ്ങളായി വിഭജിക്കപ്പെട്ടതുകൊണ്ടും ജനസം ഖ്യാ വർദ്ധനവുകൊണ്ടും വീടും കെട്ടിടവും നിർമ്മിക്കാനും കൃഷിയിടം വ്യാപകമായി നികത്തി ഉപയോഗിച്ചു. റോഡുകൾ, വ്യാവസായിക ആവശ്യങ്ങൾ എന്നിവയ്ക്ക് നെൽപാടം ഉപയോഗിച്ചു. ഇഷ്ടിക നിർമ്മാണത്തിന് മണ്ണെടുക്കുന്നതിനുള്ള കേന്ദ്രങ്ങ ളായി നെൽവയലുകൾ മാറി. മറ്റു കൃഷികളു മായി തട്ടിച്ചുനോക്കു മ്പോൾ നെൽകൃഷി ആദായകരമല്ലാതായി. കടമെടുത്ത് കൃഷി ചെയ്ത് കർഷകർ കട ക്കെണിയിൽപ്പെട്ട് ആത്മ ഹത്യകൾ പെരുകി.



ഭൂവിനിയോഗ ത്തിലെ ഈ മാറ്റം ഒരു പാട് വിനകൾക്ക് കാരണ മായി. ഭക്ഷ്യോൽപാദനം ഗണ്യമായി കുറഞ്ഞു. ഭക്ഷ്യസുരക്ഷിതത്വത്തിന് അപകടം സംഭവിച്ചു. തൊഴിൽ മേഖലയിൽ ഇടിവുണ്ടായി. ഭൂഗർഭജലവും, ഉപരിതലജലവും സംര ക്ഷിക്കുന്ന പ്രധാനജലസംഭരണ കേന്ദ്രങ്ങളായ വയലേലകൾ തകർക്കപ്പെട്ട്, ജലസ മ്പത്ത് നശിച്ച് കുടിവെള്ളം പോലും കിട്ടാത്ത അവസ്ഥയായി.

അമിതമായ രാസവളം, കീടനാശിനി, കളനാശിനി എന്നിവയുടെ ഉപയോഗങ്ങൾ മൂലം വയലിലെ ചെറുജീവികൾ, സൂക്ഷ്മാണുക്കൾ, മണ്ണിര, തവള, അട്ട തുടങ്ങിയ നിര വധി കർഷകമിത്ര ജീവികൾ ഇല്ലാതായി. അത് ജീവജാലങ്ങളുടെ പരസ്പരാശ്രയ ത്വത്തിന് തടസ്സമായിത്തീർന്നു.

വിദ്യാസമ്പന്നരായ പുത്തൻ തലമുറക്കാർ സാങ്കേതിക-സാങ്കേതികേതര തൊഴി

ലുകളിൽ ആകൃഷ്ടരായി അങ്ങോട്ട് ചേക്കേറി. പാടത്തിറങ്ങുന്നത് തങ്ങളുടെ സംസ്കാരത്തിന് ചേർന്നതല്ലെന്ന തെറ്റായ ബോധം ആധുനിക സാമൂഹ്യ വ്യവസ്ഥകളുടെ ഉൽപ്പന്നമായി തലമുറകളെ ബാധിച്ചു.

ഈ മാറ്റം അഭിലഷണീയമാണോ.. .. ?

ഇത് രൂക്ഷമായ ഭക്ഷ്യപ്രതിസന്ധിയിലേക്കും പട്ടിണിമരണങ്ങളിലേയ്ക്കുമാണ് ജനതയെ നയിക്കുക. മണ്ണും വെള്ളവും നശിപ്പിക്കുന്ന കാർഷികരീതിയിൽനിന്ന് സഹകരണത്തിന്റെയും സഹവർത്തിത്വത്തിന്റെയും, കൂട്ടായ്മയുടേയും കാർഷിക സംസ്കാരം തിരിച്ചുപിടിക്കേണ്ടതുണ്ട്. അതിന് കർഷകരെ പ്രാപ്തരാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ ഭരണകൂടവും തയ്യാറാകണം. നാളത്തെ തലമുറയിൽനിന്നു കടമെടുത്ത ഈ ഭൂമി സംരക്ഷിക്കപ്പെടേണ്ടതാണെന്നുള്ള തിരിച്ചറിവ് പൊതു സമൂഹത്തിൽ സൃഷ്ടിക്കപ്പെടണം. അതിനായി സർക്കാർ തലത്തിലുള്ള ഇടപെടലുകൾ ഉണ്ടാവണം. ജനകീയ സംഘടനകളും, വിദ്യാർത്ഥിസമൂഹവും ഈ ആശയത്തിൽ ഊന്നി നിന്നുകൊണ്ട് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തണം. ഇല്ലെങ്കിൽ നാളത്തെ ലോകം കണികാണുന്നത് പട്ടിണികൊണ്ട് പിടഞ്ഞു മരിക്കുന്ന ഒരു ജനസമൂഹത്തെയായിരിക്കും.

## അഭ്യാസം

### I. അർത്ഥം കണ്ടുപിടിക്കാമോ:

അഗ്രം, ഉപജീവനം, കാർഷികവൃത്തി, പ്രതാപം, കാനനം, മുഖരം, ഉപാധി, അപചയം, വിനിയോഗം, അഭിലഷണീയം, സഹവർത്തിത്വം, അമിതം, ലവണത്വം, ക്ഷാരത്വം, വിന, രൂക്ഷം, പ്രതിസന്ധി.

### II. എതിർ പദങ്ങൾ കണ്ടെത്താം :

| | | |
|---|---|---|
| പിൻഗാമി | x | ________ |
| പിണക്കം | x | ________ |
| മിതം | x | ________ |
| നഷ്ടം | x | ________ |
| അസൗകര്യം | x | ________ |
| ശത്രു | x | ________ |

### III. ചേർത്തെഴുതുക :

| | | | | |
|---|---|---|---|---|
| പാടത്ത് | + | ഇറങ്ങുന്ന | = | ________ |
| വിൽപന | + | ചരക്കുകൾ | = | ________ |
| ലാഭം | + | ഉണ്ടാക്കാം | = | ________ |
| സാങ്കേതികം | + | ഇതരം | = | ________ |

## IV. പിരിച്ചെഴുതുക :

| | | | | |
|---|---|---|---|---|
| സ്വായത്തമാക്കി | = | ____________ | + | ____________ |
| വിശപ്പടക്കാനും | = | ____________ | + | ____________ |
| അങ്ങനെയായിരുന്നു | = | ____________ | + | ____________ |
| കിട്ടാതായപ്പോൾ | = | ____________ | + | ____________ |
| നിലമുഴൽ | = | ____________ | + | ____________ |

## V. തെറ്റു തിരുത്താം :

ആനന്തം, പ്രദീക്ഷ, വ്യവസ്തിതി, ലാവണത്തം. മുഘരം.

## VI. പൂരിപ്പിക്കാം :

1. ഏകദേശം____________ വർഷങ്ങൾക്കു മുമ്പാണ് മനുഷ്യൻ കൃഷിരീതി കണ്ടുപിടിച്ചത്.
2. ഇരുമ്പു യുഗത്തിൽ മനുഷ്യൻ ____________ഉം____________ ഉം കണ്ടുപിടിച്ചു.
3. ഒരേസ്ഥലത്ത് കൃഷി ചെയ്യുന്നത് മണ്ണിലെ____________ ഉം ____________ ഉം നഷ്ടപ്പെടുവാൻ ഇടയാക്കും.
4. ____________ ഉം ____________ഉം ____________ ഉം കാർഷികവൃത്തിയെ യന്ത്രവൽക്കരണത്തിലേക്കു നയിച്ചു.

## VII. അർത്ഥ വ്യത്യാസം കണ്ടെത്താം :

| | | |
|---|---|---|
| പാടം | – | പാഠം. |
| നഗരം | – | നരകം. |
| ഗ്രഹം | – | ഗൃഹം. |
| അനുഭവം | – | അനുഭാവം. |
| ശരീരം | – | ശാരീരം. |

## VIII. ചെറു വാക്യങ്ങൾ രചിക്കാം :

ചേക്കേറി, മുൻഗാമി, വിനയായി, അപചയിച്ചു, ഉപജീവനം.

## IX. ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക :

1. ആദിമമനുഷ്യന്റെ ജീവിതരീതി എപ്രകാരമായിരുന്നു?
2. 'അങ്ങനെയാണ് ആ അദ്ഭുതകരമായ കണ്ടു പിടിത്തമുണ്ടായത്' എങ്ങനെ?
3. മനുഷ്യൻ ആദ്യമായി ഉപയോഗിച്ച കാർഷിക ഉപകരണങ്ങൾ ഏതെല്ലാം?
4. മിത്രജീവികൾ ഏതെല്ലാം?
5. മിത്രജീവികൾ നശിച്ചതെങ്ങനെ?
6. മണ്ണിന്റെ രാസഘടന മാറിയതെങ്ങിനെ?

## X. നാലോ അഞ്ചോ വരികളിൽ ഉത്തരമെഴുതുക :

1. പുരാതനമനുഷ്യന്റെ കൃഷിരീതികൾ എങ്ങനെയെല്ലാമായിരുന്നു?
2. കാർഷിക'സംസ്കാരം', കാർഷിക'വ്യാപാര'മായി അപചയിച്ചതെങ്ങനെ?
3. തെറ്റായ ഭൂവിനിയോഗം എന്തെല്ലാം?
4. ഭക്ഷ്യപ്രതിസന്ധിയും പട്ടിണിമരണങ്ങളും ഇല്ലാതാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാം?

## പ്രവർത്തനം :

1. നിങ്ങളുടെ പ്രദേശത്തുള്ള ഭക്ഷ്യവിളകളും നാണ്യവിളകളും പട്ടികയാക്കൂ.

| ഭക്ഷ്യവിളകൾ | നാണ്യവിളകൾ |
|---|---|
| | |
| | |
| | |
| | |

2. വിത്തുപ്രദർശനം : വിവിധയിനം വിത്തുകൾ ശേഖരിച്ച് പ്രദർശനം നടത്തൂ.
   നിരീക്ഷണം : വിത്തും വിളനിലവും
3. നിങ്ങളുടെ പ്രദേശത്തിൽ എന്തെല്ലാം കൃഷികളാണ് ഉള്ളതെന്നന്വേഷിച്ച് വിവരങ്ങൾ ശേഖരിച്ച് പട്ടിക തയ്യാറാക്കാം. പട്ടികയിൽനിന്ന് താഴെപ്പറയുന്ന വിവരങ്ങൾ കണ്ടെത്താൻ ശ്രമിക്കുക.

i. ഏതു വിളയാണ് കൂടുതൽ? ഭക്ഷ്യവിള/ നാണ്യവിള.
ii. തെറ്റായ ഭൂവിനിയോഗം നടന്നിട്ടുണ്ടോ?
iii. പണ്ടുകാലത്ത് ഈ പ്രദേശത്തെ കൃഷി രീതികൾ എന്തെല്ലാമായിരുന്നു?
iv. ഇന്ന് അവയിൽ ഏതെല്ലാം നിലനിൽക്കുന്നുണ്ട്?
v. രാസവളവും കീടനാശിനിയും ഉപയോഗിക്കുന്നുണ്ടോ?
vi. ഓരോ വീട്ടിലും അടുക്കളത്തോട്ടമുണ്ടോ?
vii. ബന്ധപ്പെട്ട മറ്റു വിവരങ്ങളുമാവാം. വിവരങ്ങൾ ക്രോഡീകരിച്ച് സ്കൂൾ സാഹിത്യ സമാജത്തിൽ അവതരിപ്പിക്കൂ.

"നാളത്തെ തലമുറയിൽനിന്നു കടമെടുത്ത ഭൂമി" ഈ ആശയത്തിന്റെ വ്യാപ്തിയെക്കുറിച്ച് അദ്ധ്യാപകരിൽനിന്നും, പ്രകൃതിസ്നേഹികളിൽനിന്നും അറിയാൻ ശ്രമിക്കൂ.

## ഭക്ഷ്യസുരക്ഷയ്ക്ക് :

'നമുക്കൊരു തോട്ടം' സ്കൂളിലും വീട്ടിലും പച്ചക്കറികൾ നട്ടുവളർത്താം.

## കൃഷിപ്പദങ്ങൾ കണ്ടെത്തൂ:

ഉദാ: ഉഴവ്, ഞാറ്, .. .. .. ഇനിയും എന്തെല്ലാം എഴുതി നോക്കൂ.

## കൃഷിച്ചൊല്ലുകൾ കണ്ടെത്താം:

ഉദാ: വിത്തുഗുണം പത്തുഗുണം.. .. .. ഇനിയും എന്തെല്ലാം എഴുതൂ.

**കൃഷിപ്പാട്ടുകൾ കണ്ടെത്തി പാടിരസിക്കൂ..**

**ഞാൻ കൃഷി മന്ത്രിയായാൽ.. .. ..**

" .. ..... .. .. .. കടമെടുത്ത് കൃഷി ചെയ്ത് കർഷകർ 'കടക്കെണിയിൽപ്പെട്ടു.. ..ആത്മഹത്യകൾ പെരുകി.. .. .. .. " പാഠഭാഗം വായിച്ചുവല്ലോ. ഈ ദുരന്തം ഒഴിവാക്കാനും, മണ്ണിനേയും മനുഷ്യനേയും സംരക്ഷിക്കാനും കൃഷിമന്ത്രിയെന്ന നിലയ്ക്ക് എന്തെല്ലാം ചെയ്യാൻ കഴിയും.. .. ? എഴുതിതയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കൂ.

## ഇനി ഒരു മനോഭൂപടമാകാം (Mind maping).

**പടം വരയ്ക്കണം.**

കഥ

# ചുസ്ക്കിത്ത് സ്കൂളിലേക്ക്

ചുസ്ക്കിത്ത് അന്ന് അതിരാവിലെ എഴുന്നേറ്റു. അവൾക്ക് വളരെ പ്രധാനപ്പെട്ട ദിവസമാണന്ന്. സന്തോഷം കാരണം അവൾക്ക് രാത്രി ശരിക്ക് ഉറങ്ങാൻ കഴിഞ്ഞിരുന്നില്ല. കട്ടിലിന്നടുത്തുള്ള ജനലിലൂടെ അവൾ സന്തോഷത്തോടെ പുറത്തേക്ക് നോക്കി. ലഡാക്കിലെ ആപ്രിക്കോട്ട് വൃക്ഷങ്ങളിൽ പൂക്കൾ നിറഞ്ഞു നിന്നിരുന്നു. രണ്ട് മണ്ണാത്തിപ്പുള്ളുകൾ കീടങ്ങളെ കൊത്തിത്തിന്നുന്നു. അവളുടെ ആമ്ലെയും (അമ്മ) എഴുന്നേറ്റിരുന്നു. അവർ ചായയുണ്ടാക്കുന്ന തിരക്കിലാണ്. അടുക്കളയിൽ നിന്നുള്ള ഗുർ–ഗുർ... ശബ്ദം ചുസ്ക്കിത്തിന് ശരിക്കും കേൾക്കാം.



ചുസ്ക്കിത്ത് എഴുന്നേറ്റിട്ട് ഒരു മണിക്കൂറിലേറെയായി. ഒരുപാട് കാലമായി കാത്തുകാത്തിരുന്ന വിശേഷദിവസമാണ് അവൾക്കിന്ന്. എന്നെന്നും ഓർമ്മയിൽ നിറഞ്ഞുനിൽക്കുന്ന ഈ ദിവസത്തിന്റെ പ്രാധാന്യം നിങ്ങൾക്ക് പറയാനാവുമോ... എന്താ? ലോസർ(നമ്മുടെ ഓണം പോലെ ഒരുത്സവം) ഉത്സവമെന്നോ...?അല്ലേയല്ല. ലോസർ ഉത്സവത്തിന് ഇനിയും മാസങ്ങൾ കഴിയണം. ഇനി, അമ്പലത്തിലെ വിവാഹാഘോഷമോ വല്ലതുമാണോ? അതുമല്ല, ഇന്നേയ് ചുസ്കിത്ത് ആദ്യമായി സ്കൂളിൽ പോകുന്ന ദിവസമാണ്. ഈ ഒരു ദിവസത്തിനു വേണ്ടിയാണ് അവൾ ഒമ്പത് വർഷമായി കാത്തിരുന്നത്.

ചുസ്കിത്തിന്റെ വീട്ടിൽ നിന്നും സ്കൂളിലേക്ക് ഒരുപാട് ദൂരമൊന്നുമില്ല. സ്കൂളിലെത്തണമെങ്കിൽ ആദ്യം മെയിൻ റോഡിലെത്തണം. പിന്നെ അമ്പലത്തിനു തൊട്ടുമുമ്പുള്ള നടവഴിയും കടന്ന് പോകണം. നടവഴിയുടെ അരികിലൂടെ ഒരു അരുവി ഒഴുകുന്നുണ്ട്.

ചിനാർ മരത്തിനരികിലുള്ള പാറക്കെട്ടിൽ പിടിച്ചുകയറിയാണ് കുട്ടികൾ അരുവി മുറിച്ചുകടക്കാറുള്ളത്. പിന്നെയും ഒരു ചെറിയ കയറ്റം കൂടി കയറി വേണം സ്കൂളിലെത്താൻ. ചുസ്കിത്തിന്റെ ഗ്രാമമായ 'സ്കിറ്റ് പോ യൂലി'ലെഎല്ലാ കുട്ടികളും ഈ തടസ്സങ്ങളെല്ലാം മറികടന്ന് എന്നും സ്കൂളിൽ പോകുന്നുണ്ടായിരുന്നു. പക്ഷേ കാലിൽ അസുഖമായതിനാൽ ചുസ്കിത്തിന് അതിന് കഴിയുമായിരുന്നില്ല. മറ്റുള്ളവരെപ്പോലെ നടന്ന് പോകാൻ അവൾക്ക് വയ്യല്ലോ!

ജനിക്കുന്ന സമയത്തെ ചുസ്കിത്തിന്റെ കാലുകൾ മറ്റു കുട്ടികൾക്കെല്ലാം ഉള്ളതു

പോലെയായിരുന്നില്ല. അച്ഛനവളെ ഗ്രാമത്തിലുള്ള 'ആച്മി' (വയറ്റാട്ടി)യുടെ അടുത്ത് കൊണ്ടുപോയി കാണിച്ചു. പിന്നീട് 'ലെ' യിൽ കൊണ്ടുപോയി. ഡോക്ടർമാരെ കാണിച്ച് പല മരുന്നുകളും കഴിച്ചെങ്കിലും ചുസ്കിത്തിന് നടക്കാനായില്ല. താനും മറ്റു കുട്ടികളും തമ്മിൽ , പ്രത്യേകിച്ച് അനുജൻ സ്റ്റോബ്ഡനും തമ്മിൽ എന്താണ് വ്യത്യാസ മെന്ന് ആദ്യം ചുസ്കിത്തിന് തീരെ മനസ്സിലായിരുന്നില്ല. എന്നാൽ മറ്റുള്ളവർ എളുപ്പം ചെയ്യുന്ന ചില കാര്യങ്ങൾ ചെയ്യാൻ താൻ ഏറെ പ്രയാസപ്പെടേണ്ടി വരുമെന്ന് മെല്ലെ, മെല്ലെ അവൾക്ക് മനസ്സിലായി തുടങ്ങി.

ചുസ്കിത്ത് നിരാശപ്പെട്ടിരിക്കുമ്പോൾ അവളുടെ അച്ഛൻ പറയും "ഇതില് എന്താ പ്പൊത്രകാര്യം? മറ്റുള്ള കുട്ടികളേക്കാളും നന്നായി തയ്ക്കാൻ നിനക്കറിയാം. മനോഹര മായി ചിത്രങ്ങളും വരയ്ക്കും."

അവൾക്ക് അച്ഛൻ ഇടക്കിടെ 'ലെ'യിൽ നിന്നും കളർ പെൻസിൽ കൊണ്ടുവന്നു കൊടുക്കും. വീട്ടിൽ അത്യാവശ്യം ചുറ്റിക്കറങ്ങാൻ ചുസ്കിത്ത് ഉപയോഗിച്ചിരുന്നത് ചക്രങ്ങൾ ഘടിപ്പിച്ച കസേരയായിരുന്നു. മുതിർന്ന ആളുകൾ 'വീൽചെയർ'എന്നാണ തിനെവിളിച്ചിരുന്നത്. കൈ കൊണ്ട് ചക്രങ്ങൾ തിരിച്ച് മുമ്പോട്ടോ, ഇടത്തോട്ടോ, വല ത്തോട്ടോ, പിന്നോട്ടൊ അത് കൊണ്ടുപോകാം. വീൽചെയറിന്റെ ഭാരം വലിക്കാൻ തോ ളുകൾക്ക് അത്യാവശ്യം ശക്തി വേണമെന്നു മാത്രം.

ചുസ്കിത്തിന്റെ അച്ഛൻ വീൽചെയർ ആദ്യം കൊണ്ടുവന്നപ്പോൾ വീട്ടിലെല്ലാ വരും വലിയ ഉത്സാഹത്തിലായിരുന്നു.

അടുക്കള ജനലിനടുത്തിരുന്ന് പുറത്തേക്കും നോക്കി ചുസ്കിത്ത് ചിത്രങ്ങൾ വരക്കും. അവിടെയിരുന്നാൽ വീട്ടിലെ ആടുമാടുകളെ പുല്ല് തീറ്റാൻ പുറത്ത് കൊണ്ടു പോകുന്നത് കാണാം. അരുവിയിലെ നീലനിറമുള്ള ജലവും നന്നായി കാണാം. വീട്ടി ലേക്ക് ഏതെങ്കിലും വിരുന്നുകാർ വന്നാൽ ആദ്യം അറിയുന്നത് ചുസ്കിത്ത് തന്നെയായി രിക്കും. ഇനി ചുസ്കിത്തിനെ എടുത്തു നടക്കണ്ട. വീൽചെയറിലിരുത്തി അത്യാവ ശ്യയാത്രകൾ ചെയ്യാം. അതു പറയുമ്പോൾ അവളുടെ അമ്മയുടെ കണ്ണു നനഞ്ഞിരു ന്നു. "ഇനി എനിക്കാഗ്രഹിക്കുന്ന സ്ഥലത്തൊക്കെ ചുറ്റി സഞ്ചരിക്കാം." ചുസ്കിത്തിനും ഉത്സാഹമായി: "ഞാൻ ഒരു പ്രാവശ്യം ഈ വീൽചെയറിലൊന്ന് കയ റിക്കോട്ടേ." അവളുടെ അനുജൻ സ്റ്റോബ്ഡൻ ചോദിച്ചു.

വീൽ ചെയറിലേക്ക് ഒറ്റച്ചാട്ടം ചാടി സീറ്റിലുറപ്പിച്ച കറുത്ത തടിയൻ പൂച്ച ഈ അവസരം ശരിക്കും മുതലെടുത്തു. "ഞാൻ ഉറങ്ങാറുള്ള പഴയ ചാക്ക് കഷ്ണത്തിനേ ക്കാൾ എത്ര സുഖമാണ് ഈ വീൽചെയറിലുറങ്ങാൻ" പൂച്ച മുരണ്ടു.

മെല്ലെ മെല്ലെ ചുസ്കിത്തിന് സ്വന്തമായി വീൽചെയർ ഉപയോഗിക്കാമെന്നായി.

അമ്മ എന്നും അവളെ വീൽചെയറിലിരുത്തി പുറത്തൊക്കെ കൊണ്ടുപോകും. കളിച്ചും ചിരിച്ചും കൂട്ടംകൂടി സ്കൂൾ വിട്ടു വരുന്ന കുട്ടികളെ നോക്കി ചുസ്കിത്ത് വീൽചെയറിലിരിക്കും.

ഒരു സന്ധ്യാ സമയത്ത് ചുസ്കിത്ത് അപ്പൂപ്പന്റെ കൂടെ പുറത്തിരിക്കുകയായിരുന്നു. ഒരു കൊച്ചു പയ്യൻ അങ്ങോട്ട് കയറി വന്ന് ഡ്രൈവർ തന്നതാണെന്നും പറഞ്ഞ് അപ്പൂപ്പന്റെ കയ്യിൽ ഒരു കത്തു കൊടുത്തു.

ചുസ്കിത്തിന്റെ നേരെ നോക്കി അവൻ പറഞ്ഞു. "എന്റെ പേര് അബ്ദു എന്നാ. ഗവൺമെന്റ് സ്കൂളിൽ 5–ാംക്ലാസ്സിൽ പഠിക്കുകയാ. എന്താ സ്കൂളിലേക്ക് വരാത്തത്?"

"നമസ്തെ അബ്ദുൾ" ചുസ്കിത്ത് പറഞ്ഞു. "ഞാൻ സ്കൂളിൽ പോയിട്ടേയില്ല. സ്കൂളിലേക്കുള്ള വഴിയാകെ കുണ്ടും കുഴിയും പാറയുമല്ലേ? ആ വഴിയിലൂടെ ഈ വീൽചെയറുമായി എങ്ങനെയാ വരുക? പിന്നെ സ്കൂളിന്റെ മുന്നിലുള്ള അരുവി ഞാനെങ്ങനെ മുറിച്ചുകടക്കും? എന്നെ എന്നും സ്കൂളിൽ കൊണ്ടുപോവുകയും തിരിച്ചു കൊണ്ടുവരികയും ചെയ്യുക എന്നത് എന്റെ അച്ഛനമ്മമാർ മാത്രം വിചാരിച്ചാൽപറ്റില്ല അബ്ദുൾ."

"ശരി, ചുസ്ക്കിത്തിന് സ്കൂളിൽ പോകണമെന്ന് ശരിക്കും ആഗ്രഹമുണ്ടോ?"

"തീർച്ചയായും"–ചുസ്ക്കിത്ത് പറഞ്ഞു. "അനിയൻ സ്കൂളിലെ കഥകളെല്ലാം എനിക്കു പറഞ്ഞു തരാറുണ്ട്. എനിക്കും മറ്റു കുട്ടികളെപ്പോലെ പഠിക്കാനും , കൂട്ടുകാരോടൊപ്പം കൂടാനും , കളിക്കാനും സ്കൂൾ യൂണിഫോം ധരിക്കാനും , പരീക്ഷ എഴുതാനും ഒക്കെ മോഹമുണ്ട്, ഇടയ്ക്ക് അനിയൻ സ്കൂളിൽ പഠിച്ച കവിതകളും മറ്റും മൂളുന്നത് കേൾക്കാൻ എനിക്ക് വലിയ ഇഷ്ടമാണ്. ബാഗും തൂക്കി സ്കൂളിൽ പോകുന്നതും മറ്റു കുട്ടികളോടൊപ്പം അവിടെയിരുന്ന് ഉച്ചഭക്ഷണം കഴിക്കുന്നതുമൊക്കെ ഞാൻ എത്രയോ തവണ സ്വപ്നം കണ്ടിട്ടുണ്ട്."

"മതി, മതി മോളെ വെറുതെ മനക്കോട്ട കെട്ടേണ്ട. ഒരിക്കലും സ്കൂളിൽ പോകാൻ കഴിയില്ലെന്ന് മോൾക്ക് നന്നായി അറിയാവുന്നതല്ലേ? മോള് വീട്ടിലിരുന്ന് എത്ര വേണമെങ്കിലും പഠിച്ചോ" ചുസ്ക്കിത്തിന്റെ അപ്പൂപ്പൻ അവൾക്ക് പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കാൻ ശ്രമിച്ചു.

"പ്ലീസ് അപ്പൂപ്പാ..." ചുസ്ക്കിത്ത് അപ്പൂപ്പനോട് കെഞ്ചി. അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു. അപ്പൂപ്പൻ വിഷമത്തോടെ അവിടെ നിന്നെഴുന്നേറ്റ് പോയി.

"ഞാൻ വിചാരിക്കുന്നതെന്താണെന്ന് അപ്പൂപ്പന് മനസ്സിലാവ്ണില്ല്യ"

ചുസ്ക്കിത്ത് പറഞ്ഞു. എനിക്കാ ദിവസം നല്ല ഓർമ്മയുണ്ട്. എന്റെ അനുജൻ അഭിമാനത്തോടെ ഗുണനപ്പട്ടിക ചൊല്ലിക്കേൾപ്പിച്ച ദിവസം. അവൻ ആദ്യമായി സ്കൂളിൽ പോയി തുടങ്ങിയ സമയമായിരുന്നു അത്.

അച്ഛനും അമ്മയും ഏറെ സന്തോഷിച്ചു. അവർക്കും ചെറുപ്പത്തിൽ സ്കൂളിൽ പോകാനുള്ള അവസരം ലഭിച്ചിരുന്നില്ല. ''എഴുതി പഠിക്കാനും കണക്കു ചെയ്ത് പഠിക്കാനും ഒക്കെ ഞാനാഗ്രഹിക്കുന്നു. അബ്ദൂന് ഞാൻ പറയുന്നത് മനസ്സിലാവ്ണ്ണ്ടോ?''– ചുസ്ക്കിത്ത് ചോദിച്ചു.

'ഉവ്വ്' അബ്ദുൾ പറഞ്ഞു. '' ;ചുസ്ക്കിത്ത് , ഞാൻ ചുസ്ക്കിത്തിനെ കാണാൻ വീണ്ടും വരാം. ഇപ്പോൾ പോട്ടേ? വീട്ടിൽ അമ്മ കാത്തിരിക്കുന്നുണ്ടാവും.'' അടുത്തദിവസം സ്കൂൾ അസംബ്ലി കഴിഞ്ഞതും അബ്ദുൾ നേരെ ഹെഡ്മാസ്റ്ററുടെ മുറിയിലെത്തി. ഗുഡ്മോർണിങ്ങ് സർ, ഞാനെന്റെ ഗ്രാമത്തിലെ , ഒരു പെൺകുട്ടിയെക്കുറിച്ച് ഒരു കാര്യം സംസാരിക്കാൻ വന്നതാണ് . ആ കുട്ടി സ്കൂളിൽ വരുന്നില്ല. ചുസ്ക്കിത്ത് എന്നാണ് പേര്. സ്റ്റോബ്ഡന്റെ ചേച്ചിയാണ്.

''ആ എനിക്കറിയാമല്ലോ, ആ നടക്കാൻ വയ്യാത്ത കുട്ടിയല്ലേ'' – ഹെഡ്മാസ്റ്റർ പറഞ്ഞു. ''അതെ സർ, വീട്ടിലും ചുറ്റുവട്ടത്തുമൊക്കെ പോകുന്നത് വീൽചെയറുപയോഗിച്ചാണ്. ചുസ്ക്കിത്തിന്റെ വീട്ടിൽ നിന്നും സ്കൂൾ വരെയുള്ള വഴി കല്ലും കുണ്ടും ,കുഴിയുമായി താറുമാറായി കിടക്കുകയാണ്. അതിനാൽ സ്കൂളിൽ വരാനാവുന്നില്ല. നമുക്ക് ചുസ്ക്കിത്തിനെ സഹായിക്കാൻ എന്തെങ്കിലും ചെയ്യാൻ കഴിയുമോ സാർ? നാമെല്ലാവരും കൂടി ശ്രമിച്ചാൽ ആ വഴി ശരിയാക്കാനാവും . അരുവിയുടെ മുകളിലൂടെ ഉറപ്പുള്ള ഒരു കൊച്ചു പാലവും നിർമ്മിക്കാൻ പറ്റും.'' ''മിടുക്കൻ, വളരെ ശരിയാണ്. അബ്ദുൾ'' ഹെഡ്മാസ്റ്റർ പറഞ്ഞു. അബ്ദുളിനെ പുറത്തുതട്ടി അഭിനന്ദിച്ചുകൊണ്ട് അദ്ദേഹം ചോദിച്ചു. ''ചുസ്ക്കിത്തിന്റെ പ്രയാസങ്ങൾ എങ്ങിനെയാണ് നിന്റെ ശ്രദ്ധയിൽപ്പെട്ടത്?''

''സാർ, ക്ലാസ്സിൽ നിന്നുതന്നെ പഠിച്ചതാണ്, വിദ്യാഭ്യാസം നേടുക എന്നുള്ളത് ഓരോ കുട്ടിയുടേയും അവകാശമാണെന്ന്,'' – ചുസ്ക്കിത്തിനും നല്ല വിദ്യാഭ്യാസം ലഭിക്കാൻ അർഹതയുണ്ട്. ശരിയല്ലേ സാർ?"

'' അബ്ദുൾ നീ പറയുന്നത് തികച്ചും ശരിയാണ്. ഞാൻ മറ്റദ്ധ്യാപകരുമായി ആലോചിക്കട്ടെ.'' ഹെഡ്മാസ്റ്റർ പറഞ്ഞു.

ഹെഡ്മാസ്റ്റർ അടുത്ത ദിവസം തന്നെ എല്ലാ അദ്ധ്യാപകരുടേയും ഒരു മീറ്റിങ്ങ് വിളിച്ചു കൂട്ടി. അബ്ദുൾ പറഞ്ഞ കാര്യം എല്ലാവരേയും അറിയിച്ചു. അദ്ധ്യാപകരോട് അഭിപ്രായം പറയാനാവശ്യപ്പെട്ടു.

“ഒരിക്കലും നടക്കാത്ത കാര്യം” – ഒരദ്ധ്യാപകൻ പെട്ടെന്നു തന്നെ മറുപടി പറഞ്ഞു. കാലു വയ്യാത്തകുട്ടിയെ എങ്ങനെയാണ് ഈ സ്കൂളിൽ പ്രവേശിപ്പിക്കുക? അവളെങ്ങനെയാണ് മറ്റു കുട്ടികളെ പോലെ എഴുതുകയും കായികപ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്യുക? ഒന്ന് മൂത്രപ്പുരയിൽ പോവണമെന്ന് വെച്ചാൽ കൂടി സാധിക്കുമോ?

“ഈ പ്രശ്നങ്ങളൊക്കെ നമുക്ക് പരിഹരിക്കണം” – ഹെഡ്മാസ്റ്റർ പറഞ്ഞു. 'മെൻ ടോക് യൂൽ' ഗ്രാമത്തിലെ ഗ്രാമ വിദ്യാഭ്യാസ സമിതി അവിടുത്തെ വികലാംഗരായ കുട്ടികൾക്കായി ഒരു പ്രത്യേക 'ടോയ്‌ലറ്റ്' ഉണ്ടാക്കിയിട്ടുള്ളതായി ഞാൻ കേട്ടിട്ടുണ്ട് . നമുക്കതിനേക്കുറിച്ച് കൂടുതൽ കാര്യങ്ങളന്വേഷിക്കാം. അതിന് മുമ്പ് നമുക്ക് ചുസ്ക്കിത്തിനെ സ്കൂളിൽ എത്തിക്കണം. അവൾ സ്കൂളിൽ എന്തു പഠിക്കണം. എങ്ങനെ പഠിക്കണമെന്നതൊക്കെ നമുക്ക് പിന്നീട് ചർച്ച ചെയ്യാമല്ലോ.”

രണ്ടാഴ്ചക്കു ശേഷം ഗ്രാമമാകെ ഇളക്കിമറിക്കുന്ന പ്രവർത്തനങ്ങൾക്ക് ആ ഗവൺമെന്റ് സ്കൂൾ തുടക്കം കുറിച്ചു. എല്ലാ കുട്ടികളും ഗ്രൗണ്ടിൽ ഒത്തുകൂടി . അന്ന് സ്കൂൾ ബാഗ് എടുക്കാതെയാണ് കുട്ടികളെല്ലാവരും എത്തിയത്. അന്ന് ക്ലാസു മുറികളിലെ പഠനത്തിന് അവധിയായിരുന്നു. അദ്ധ്യാപകൻ കുട്ടികളെ ഗ്രൂപ്പുകളാക്കിത്തിരിച്ചു. ഒരു ഗ്രൂപ്പ് ചുസ്ക്കിത്തിന്റെ വീടിന്റെ മുമ്പിലുള്ള വഴിയാണ് ശരിയാക്കിയിരുന്നത്. മറ്റൊരു ഗ്രൂപ്പ് പുഴയോടു ചേർന്നുള്ള നടവഴിയും. അദ്ധ്യാപകരുടെ സഹായത്തോടെ മുതിർന്ന കുട്ടികളുടെ സംഘമാണ് അരുവിക്ക് മുകളിൽ ഉറപ്പുള്ള പാലം നിർമ്മിച്ചത്.

കല്ലും കട്ടകളും എടുത്ത് മാറ്റുമ്പോൾ കുട്ടികളുടെ പാട്ടും, തമാശകളും, പൊട്ടിച്ചിരിയും ഉയർന്ന് കേൾക്കാമായിരുന്നു. എല്ലാവരും ചേർന്ന് ആരവങ്ങളോടെയാണ് പാലം കെട്ടാനുള്ള മരം ഏറ്റിക്കൊണ്ടു പോയത്. നടവഴി അവർ നിരപ്പാക്കി. പണികളെല്ലാം തീരുമാനിച്ചപ്രകാരം നടക്കുന്നുണ്ടോ എന്നറിയാൻ ഹെഡ്മാസ്റ്റർ ഓരോ ഗ്രൂപ്പിന്റെയും അടുത്തെത്തി അവരെ പ്രോൽസാഹിപ്പിക്കുന്നുണ്ടായിരുന്നു.

ചുസ്ക്കിത്തിന്റെ അച്ഛനും,അമ്മയും എല്ലാവർക്കും ചൂടുള്ള ചായയും ബിസ്ക്കറ്റും നൽകി. അപ്പൂപ്പൻ അരുവിയുടെ തീരത്തുള്ള ഒരു മരച്ചുവട്ടിലിരുന്ന് കുട്ടികൾ പണിയെടുക്കുന്നതും നോക്കിക്കൊണ്ടിരുന്നു. “ഇത്തരം ഒരു ശുഭദിനം വരുമെന്ന് അപ്പൂപ്പൻ സ്വപ്നത്തിൽ പോലും വിചാരിച്ചിരുന്നില്ല” ആ കണ്ണുകൾ നിറഞ്ഞു. ദിവസം മുഴുവൻ അദ്ധ്വാനിച്ച് എല്ലാവരും ക്ഷീണിച്ചിരുന്നു. എങ്കിലും നിറഞ്ഞ സന്തോഷത്തോടെയാണ് കുട്ടികളോരോരുത്തരും വീടുകളിലേക്ക് പോയത്. ചുസ്ക്കിത്തിന്റെ വീട്ടിൽ നിന്നും സ്കൂളിലേക്കുള്ള വഴി ഇതാ തയ്യാറായിക്കഴിഞ്ഞു. തന്റെ ജീവിതത്തിലാദ്യമായി ഇന്ന് ചുസ്ക്കിത്ത് സ്കൂളിൽ പോവുകയാണ്. അതുകൊണ്ടുതന്നെ അവളിന്ന് ഏറെ സന്തോഷവതിയാണ്. അവളുടെ മനസ്സിൽ പുത്തൻ പ്രതീക്ഷകളുടെ വർണ്ണരാജി വിരിയുകയാണ്.

## പാടി രസിക്കാം

### ജീവലോകം

മകൻ: അരുമയാം പൂച്ചെടിക്കൊമ്പിലിരുന്നൊരു
വിരുതന്റെ വേലകൾ കണ്ടോ
ഇലതിന്നു തീർക്കുമിപ്പുഴുവെന്തു കഷ്ടമെൻ
ചെടികളെ ദ്രോഹിക്കയല്ലേ!

അച്ഛൻ: ശരി തന്നെ! എന്നാൽ പുഴുക്കളില്ലെങ്കിലോ
പരിപൂർണ്ണമാകില്ല ലോകം!

മകൻ: അതെങ്ങനെ

അച്ഛൻ: പലനിറം ചേരുമുടുപ്പുകളിട്ടൊരാ
ശലഭങ്ങൾ– നീ കാണ്മതില്ലേ
ഇലതിന്നു വളരും പുഴുക്കളില്ലെങ്കിലോ
ശലഭങ്ങളുണ്ടാവുകില്ല.
ശലഭങ്ങളില്ലെങ്കിലിത്തിരിത്തേനുമായ്
മലരുകൾ നിൽക്കുകയില്ല.
മലരില്ലയെങ്കിൽ ചെടികൾക്കു പുത്തനാം
തലമുറയുണ്ടാവുകില്ല.
കുലകളായ് കായ്കൾ നിരക്കില്ല; ഭൂതലം
ഫലപുഷ്ടമാവുകയില്ല!

മകൻ: അമ്മട്ടു ചിന്തിച്ചു നോക്കിയാലിച്ചെറു
പുഴുവൊരു 'കേമ'നാണല്ലേ

അച്ഛൻ : മകനേ, ശരിയായ് പഠിക്കാൻ ശ്രമിക്കുകിൽ
സകലതും കേമമായ് തോന്നും.
ചിതലും പുഴുവും കിളിയും ചെടികളും
അധിവസിക്കുന്നൊരീ ലോകം.
അതിശയം തോന്നുമാറത്ര വിശാലമെ–
ന്നറിയണം നീയെന്റെ കുഞ്ഞേ!
സകലതും ജീവലോകത്തിൻ കരുത്തായി
നുകരുന്നു വിണ്ണിൻ വെളിച്ചം.
ഇലതൻ മടിത്തട്ടിലൊട്ടിക്കിടന്നവ
വളരുന്നു മണ്ണിൻ തുടിപ്പായ്!
അതിലൊരു കൊച്ചു കുടുംബമീ നമ്മളും
അതു കൂടി നീയെന്നുമോർക്കൂ!

* മുക്കുറ്റിപ്പൂവിന്റെ ആകാശം

## കടങ്കഥകൾ

1. പൂക്കളില്ലാത്ത കാട്
കായ്കളില്ലാത്ത കാട്
വെട്ടും തോറും വളരുന്നു. (തലമുടി)

2. അങ്ങോട്ടോടും ഇങ്ങോട്ടോടും
നേരെ നിന്ന് സത്യം പറയും (തുലാസ്)

3. പറ്റിത്തിന്ന് പരന്നു പിടിക്കും
തിന്നേടം മുടിപ്പിക്കും (ഇത്തിൾക്കണ്ണി)

4. കണ്ടം കണ്ടം കണ്ടിക്കും
കണ്ടം പോലും തിന്നില്ല (കത്രിക)

5. കാലാറ് വാലിൽ കുന്തം (തേൾ)

6. വില്ലാണു പക്ഷേ, ഞാണില്ല കെട്ടാൻ (മഴവില്ല്)

7. അകത്താവശ്യം പുറത്താവശ്യം
കിടക്കുമ്പോളനാവശ്യം. (ചെരുപ്പ്)

8. ആരോടും പോരാടും ചൂടൻ
വെള്ളം കണ്ടാൽ പരുങ്ങും (തീ)

9. തല്ലുകൊള്ളും, നിലവിളിക്കും
കണ്ണീർ വാർക്കില്ല (ചെണ്ട)

10. വേരുകളില്ല, തടിയുമില്ല,
കൊമ്പുകളില്ല, ഇലയുമില്ല,
പൂത്തു പടർന്നു നിൽക്കുന്നു. (ആകാശം)

## പഴഞ്ചൊല്ലുകൾ

1. ആവശ്യമാണ് സൃഷ്ടിയുടെ മാതാവ്.
(ആവശ്യമനുസരിച്ച് ഓരോന്നും സൃഷ്ടിക്കുന്നു.)

2. ഉത്സാഹമുണ്ടെങ്കിൽ അത്താഴമുണ്ണാം.
(പരിശ്രമിച്ചാൽ കാര്യം സാധിക്കും.)

3. ഏട്ടിലെ പശു പുല്ലു തിന്നുകയില്ല.
(എഴുതി വെക്കുന്നതിലല്ല , പ്രവർത്തിക്കുന്നതിലാണ് കാര്യം. )

4. ഒഴിഞ്ഞ പാത്രമേ മുഴക്കമുണ്ടാക്കൂ.
( വിവരമുള്ളവർ  ബഹളം വെക്കില്ല.)

5. ഓളം നിന്നിട്ട് കടലിൽ ഇറങ്ങാമോ?
( എല്ലാം ഒരുക്കിയിട്ട് ഒരു പ്രവൃത്തി തുടങ്ങാമെന്ന് കരുതുന്നത് മണ്ടത്തരമാണ്.)

6. കുന്നിയോളം അഹങ്കാരം കുന്നോളം വിനാശം.
( അൽപമായ അഹങ്കാരം പോലും സർവ്വനാശത്തിന് കാരണമാകും.)

7. തന്നെത്താനറിയാഞ്ഞാൽ പിന്നെത്താനറിയും.
(സ്വന്തം നിലയും വിലയും അറിയാതെ പ്രവർത്തിക്കുന്നവർ ഫലം പിന്നീട് അറിയും.)

8. നാക്കു നന്നെങ്കിൽ നാടടക്കാം.
(നല്ല വാക്കു കൊണ്ട് നേടാൻ കഴിയാത്തതൊന്നുമില്ല.)

# ലഘുനിഘണ്ടു

## അ

| | | |
|---|---|---|
| അങ്കം | = | മടിത്തട്ട് |
| അഗ്രം | = | അറ്റം |
| അഖിലം | = | മുഴുവൻ |
| അച്യുതൻ | = | ശ്രീകൃഷ്ണൻ (നാശമില്ലാത്തവൻ) |
| അണ്ഡാകൃതി | = | മുട്ടയുടെ രൂപം |
| അതിഥി | = | വിരുന്നുകാരൻ |
| അതിരാണി | = | ഒരുതരം ചെടി |
| അതുല്യം | = | സമമല്ലാത്ത |
| അത്ഭുതം | = | അതിശയം |
| അത്യന്താപേക്ഷിതം | = | ഒഴിച്ചുകൂടാനാവാത്ത |
| അത്തൽ | = | ദു:ഖം |
| അനന്തരം | = | പിന്നീട് |
| അനർഘം | = | വിലമതിക്കാനാവാത്ത |
| അനാസ്ഥ | = | അശ്രദ്ധ |
| അനുസ്മരിക്കുക | = | ഓർമ്മിക്കുക |
| അന്യൻ | = | മറ്റൊരുവൻ |
| അന്തി | = | സന്ധ്യാസമയം |
| അൻപ് | = | സ്നേഹം |
| അന്ധകാരം | = | ഇരുട്ട് |
| അന്ധൻ | = | കാഴ്ച നശിച്ചവൻ |
| അപചയം | = | നാശം |
| അപരിചിതം | = | പരിചയമില്ലാത്ത |
| അഭിലഷണീയം | = | ആഗ്രഹിക്കത്തക്കത് |
| അഭ്യൂഹം | = | അനുമാനം |
| അമിതം | = | അളവറ്റ |
| അമൃത് | = | മരണത്തെ ഇല്ലാതാക്കുന്നത് |
| അമ്പിളി | = | ചന്ദ്രൻ |
| അർത്ഥിക്കുക | = | അപേക്ഷിക്കുക |
| അർഹത | = | യോഗ്യത |
| അവശേഷിക്കുക | = | ബാക്കിയാവുക |
| അസാധാരണത്വം | = | സാധാരണമല്ലാത്ത |
| അസ്ഥി | = | എല്ല് |

## ആ

| | | |
|---|---|---|
| ആകൃതി | = | രൂപം |
| ആണ്ട് | = | കൊല്ലം |
| ആധുനികം | = | പുതിയത് |
| ആമോദം | = | സന്തോഷം |
| ആരവം | = | ശബ്ദം |
| ആറ് | = | നദി |
| ആറ്റുക | = | ശമിപ്പിക്കുക |

## ഇ

| | | |
|---|---|---|
| ഇച്ഛ | = | ആഗ്രഹം |
| ഇവണ്ണം | = | ഇപ്രകാരം |

## ഉ

| | | |
|---|---|---|
| ഉന്നതം | = | ഉയർന്ന |
| ഉന്മുഖൻ | = | മുഖം ഉയർത്തിയവൻ |
| ഉപജീവനം | = | ജീവിക്കാനാവശ്യമായ |
| ഉപാധി | = | മാർഗ്ഗം |
| ഉലാത്തുക | = | അങ്ങോട്ടുമിങ്ങോട്ടും നടക്കുക |
| ഉൾക്കണ്ണ് | = | അകക്കണ്ണ്, മനസ്സ് |

## എ

| | | |
|---|---|---|
| എന്യേ | = | കൂടാതെ |

## ഐ

| | | |
|---|---|---|
| ഐതിഹ്യം | = | പൗരാണികകഥ |

## ഒ

| | | |
|---|---|---|
| ഒട്ട് | = | അൽപം |

## ഓ

| | | |
|---|---|---|
| ഓടം | = | തോണി |

## ക

| | | |
|---|---|---|
| കൺപൊലിയുക | = | ഉറങ്ങുക |
| കനൽ | = | തീക്കട്ട |
| കനി | = | പഴം |
| കനിഞ്ഞ് | = | അലിവോടെ |
| കരണീയം | = | ചെയ്യപ്പെടേണ്ടത് |
| കരുത്ത് | = | ശക്തി |
| കരം | = | കൈ |
| കലമാൻ | = | ആൺമാൻ |
| കവനവേദി | = | രചനാവേദി |
| കവനദീപ്തം | = | രചനയാൽ പ്രകാശിതമായത് |
| കവരുക | = | ആകർഷിക്കുക |
| കാടകം | = | കാടിന്റെ ഉൾഭാഗം |
| കാത് | = | ചെവി |
| കാനനാന്തരം | = | കാടിന്റെ ഉൾഭാഗം |
| കാനനം | = | കാട് |
| കാരുണ്യം | = | ദയവ് |
| കാർഷികവൃത്തി | = | കൃഷിപ്പണി |
| കാഗണന | = | കാലത്തിന്റെ കണക്ക് |
| കാലൻ | = | യമൻ (മരണദേവൻ) |
| കാളകൂടം | = | കഠിനവിഷം |
| കാള സർപ്പം | = | ഉഗ്രവിഷമുള്ള പാമ്പ് |
| കിടാവ് | = | കുട്ടി |
| കിണ്ണൻ | = | പാത്രം |
| കുംഭ | = | വയറ് |
| കൂരമ്പ് | = | കൂർത്ത അമ്പ് |
| കൂറുക | = | പറയുക |
| കൂറ്റൻ | = | വലിയ |
| കൊടും | = | കഠിനമായ |
| കൊണ്ടാടുക | = | ആഘോഷിക്കുക |
| കോടി | = | പുതിയ |
| ക്ഷാരത്വം | = | കാരരസമുള്ള |

## ഖ

| | | |
|---|---|---|
| ഖിന്നത | = | ദു:ഖം |

## ഗ

| | | |
|---|---|---|
| ഗദ്ഗദം | = | തേങ്ങൽ |
| ഗർജ്ജിക്കുക | = | അലറുക |
| ഗ്രഹിക്കുക | = | മനസ്സിലാക്കുക |
| ഗ്രസിച്ചു | = | വിഴുങ്ങി |
| ഗൃഹം | = | വീട് |
| ഗൃഹനായിക | = | വീട്ടമ്മ |
| ഗ്ലാനി | = | തളർച്ച, ക്ഷീണം, വാട്ടം |
| ഗോപന്മാർ | = | ഇടയന്മാർ |
| ഗോളം | = | ഉരുണ്ട വസ്തു |

## ച

| | | |
|---|---|---|
| ചങ്ങാതി | = | കൂട്ടുകാരൻ |
| ചന്തം | = | അഴക് |
| ചമയ്ക്കുക | = | ഉണ്ടാക്കുക, നിർമ്മിക്കുക |
| ചാരത്ത് | = | സമീപത്ത് |
| ചാലെ | = | ഭംഗിയായി |
| ചിത്രം | = | മനോഹരമായ |
| ചുണ | = | മിടുക്ക്, സാമർത്ഥ്യം |
| ചൂഴ്ന്ന് | = | ചുറ്റി |
| ചേലേറും | = | ഭംഗിയുള്ള |
| ചേവടി | = | പാദം |
| ചൊരിയുക | = | പൊഴിയുക |
| ചൊല്ലുക | = | പറയുക |

## ജ

| | | |
|---|---|---|
| ജിജ്ഞാസ | = | അറിയാനുള്ള ആഗ്രഹം |
| ജിജ്ഞാസു | = | അറിയാൻ ആഗ്രഹിക്കുന്നവൻ |
| ജ്യേഷ്ഠൻ | = | മൂത്ത സഹോദരൻ (ചേട്ടൻ) |

## ത

| | | |
|---|---|---|
| തരംഗം | = | തിര |
| തസ്കരൻ | = | കള്ളൻ |
| തിട്ടപ്പെടുത്തുക | = | ഉറപ്പു വരുത്തുക |
| തിരുമുടി | = | കിരീടം, രാജക്കന്മാരുടേയും മറ്റും കിരീടം |
| തുയർ | = | ദു:ഖം, പീഢ |

| | | |
|---|---|---|
| തൂമ | = | വെൺമ |
| തേടി | = | അന്വേഷിച്ച് |
| തോത് | = | അളവ് |

## ദ

| | | |
|---|---|---|
| ദർശിക്കുക | = | കാണുക |
| ദാനവൻ | = | അസുരൻ |
| ദിശ | = | ദിക്ക് |
| ദിശാബോധം | = | ദിക്കിനെക്കുറിച്ചുള്ള |
| ദീപം | = | വിളക്ക് |
| ദീർഘം | = | നീളമുള്ള |
| ദു:ഖം | = | സങ്കടം |
| ദുർന്നില | = | ചീത്തനില |
| ദു:സ്ഥിതി | = | ദു:ഖാവസ്ഥ |
| ദൃശ്യം | = | കാഴ്ച |

## ധ

| | | |
|---|---|---|
| ധനികൻ | = | പണക്കാരൻ |
| ധൃതിയിൽ | = | തിടുക്കത്തിൽ,വേഗത്തിൽ |

## ന

| | | |
|---|---|---|
| നന്ദൻ | = | നന്ദഗോപൻ |
| നന്ദനൻ | = | മകൻ |
| നരൻ | = | മനുഷ്യൻ |
| നറുതേൻ | = | നല്ല തേൻ |
| നാഗം | = | പാമ്പ് |
| നാടുനീങ്ങുക | = | മരിക്കുക |
| നാമധേയം | = | പേര് |
| നാവികസേന | = | കപ്പൽപട |
| നിരാശത | = | ആശയില്ലാത്ത |
| നിര്യാതനാവുക | = | മരിക്കുക |
| നിർവ്വഹിക്കുക | = | നിവർത്തിക്കുക |
| നീർന്ന നില | = | നിവർന്ന നിൽപ് |

## പ

| | | |
|---|---|---|
| പക | = | വിരോധം |
| പക്ഷം | = | അഭിപ്രായം, ചിറക് |

| | | |
|---|---|---|
| പടലം | = | അധ്യായം |
| പതംഗം | = | പക്ഷി |
| പത്തനം | = | പട്ടണം |
| പരാമർശം | = | സൂചന |
| പരിഭാഷ | = | തർജ്ജമ |
| പരിഹരിക്കുക | = | തീർക്കുക, പ്രായ ശ്ചിത്തം ചെയ്യുക, ശമിപ്പിക്കുക. |
| പരിഹസിക്കുക | = | കളിയാക്കുക |
| പശി | = | വിശപ്പ് |
| പശ്ചാത്തലം | = | പിൻഭാഗം, പിന്നണി |
| പവിത്രത | = | പരിശുദ്ധി |
| പറവ | = | പക്ഷി |
| പാടവം | = | സാമർത്ഥ്യം |
| പാണ്ഡിത്യം | = | അറിവ് |
| പാരാതെ | = | വൈകാതെ |
| പാര് | = | ഭൂമി |
| പാശി | = | വരുണൻ |
| പുണ്ണ് | = | വ്രണം |
| പുല്ലാങ്കുഴൽ | = | ഓടക്കുഴൽ |
| പുഷ്പവാടി | = | പൂന്തോട്ടം |
| പൂകണം | = | പ്രവേശിക്കണം |
| പ്രകാശം | = | വെളിച്ചം |
| പ്രകാശവർഷം | = | പ്രകാശം ഒരു വർഷത്തിൽ സഞ്ചരിക്കുന്ന ദൂരം |
| പ്രകൃതം | = | സ്വഭാവം |
| പ്രതാപം | = | മഹത്വം |
| പ്രതിഭ | = | അസാധാരണ ബുദ്ധിശക്തി |
| പ്രതിസന്ധി | = | തടസ്സം |
| പ്രതീകം | = | അടയാളം |
| പ്രരോദനം | = | കരച്ചിൽ |
| പ്രവാചകൻ | = | ദീർഘദർശി |
| പ്രസിദ്ധൻ | = | കീർത്തി കേട്ടവൻ |
| പ്രാകൃതത്വം | = | സംസ്കാര ശൂന്യത(കാടത്തം) |
| പ്രാചീനം | = | പണ്ടുള്ള |
| പ്രാണൻ | = | ജീവൻ |
| പ്രിയം | = | ഇഷ്ടം |

## ബ

| | | |
|---|---|---|
| ബന്ധിക്കുക | = | കെട്ടുക |
| ബാലകൻ | = | ബാലൻ (ആൺകുട്ടി) |
| ബോധക്ഷയം | = | ബോധക്കേട്,(മോഹാലസ്യം ) |
| ബോധിവൃക്ഷം | = | അരയാൽ |
| ബോധം | = | അറിവ്, ജ്ഞാനം |

## മ

| | | |
|---|---|---|
| മന്ത്രിക്കുക | = | പതുക്കെ പറയുക |
| മന്ദസ്മിതം | = | പുഞ്ചിരി |
| മസ്തകം | = | തല |
| മാടത്തറ | = | ചെറിയ തറ |
| മാറ് | = | നെഞ്ച് |
| മാർഗ്ഗദർശനം | = | വഴികാട്ടൽ |
| മുഖരം | = | ശബ്ദിക്കുന്ന |
| മൂലകഥ | = | അടിസ്ഥാനകഥ |
| മെല്ലെ | = | പതുക്കെ |
| മേഘശകലം | = | മേഘത്തുണ്ട് |
| മേനി | = | ശരീരം |
| മോഹനം | = | മോഹിപ്പിക്കുന്നത് (മനോഹരം) |

## യ

| | | |
|---|---|---|
| യുദ്ധം | = | പട, പോര് |

## ര

| | | |
|---|---|---|
| രക്തം | = | ചോര |
| രംഗം | = | അരങ്ങ് |
| രചന | = | എഴുത്ത് |
| രസാത്മകം | = | താത്പര്യം ഉളവാക്കുന്നത് |
| രൂക്ഷം | = | കഠിനമായ |

## ല

| | | |
|---|---|---|
| ലവണത്വം | = | ഉപ്പുരസമുള്ള |
| ലോക്ക് | = | ജലപ്രവാഹ നിയന്ത്രണത്തിനുള്ള ചീപ്പ് |
| ലോചനം | = | കണ്ണ് |
| ലോഭം | = | പിശുക്ക് |

## വ

| | | |
|---|---|---|
| വന്യജീവി | = | കാട്ടുമൃഗം |
| വമ്പൻ | = | വലിയവൻ |
| വല്ലായ്മ | = | അസ്വസ്ഥത, അസുഖം |
| വർണ്ണം | = | നിറം |
| വാടി | = | പൂന്തോട്ടം |
| വാരി | = | വെള്ളം |
| വാരിജം | = | താമര |
| വാരിജലോചനൻ | = | ശ്രീകൃഷ്ണൻ |
| വാരിധി | = | സമുദ്രം |
| വാരിധിപാലകൻ | = | വരുണൻ |
| വാർദ്ധക്യം | = | വൃദ്ധത (വയസ്സായ അവസ്ഥ) |
| വാഴ്ത്തുക | = | പുകഴ്ത്തുക |
| വിചിത്രം | = | അത്ഭുതകരമായ |
| വിണ്ണ് | = | ആകാശം |
| വിന | = | നാശം |
| വിനിയോഗം | = | ഉപയോഗം |
| വിരുത്തി | = | വിരിച്ച്, വിടർത്തി |
| വിരുദ്ധം | = | എതിര് |
| വിലാപം | = | കരച്ചിൽ |
| വിവർത്തനം | = | തർജ്ജമ |
| വിശിഷ്ടം | = | മേൻമയുള്ള |
| വിശ്വസനീയം | = | വിശ്വസിക്കത്തക്കത് |
| വിളയാടുക | = | കളിക്കുക |
| വിസ്മയം | = | അതിശയം |
| വീഥി | = | വഴി |
| വെൺമതി | = | പൂർണ്ണചന്ദ്രൻ(വെളുത്ത ചന്ദ്രൻ) |
| വ്യതിയാനം | = | മാറ്റം |
| വ്യാജം | = | നുണ |
| വ്രണം | = | മുറിവ് |

## ശ

| | | |
|---|---|---|
| ശണ്ഠ | = | വഴക്ക് |
| ശപ്തം | = | ശപിക്കപ്പെട്ട |
| ശരണം | = | ആശ്രയം |
| ശലഭം | = | പാറ്റ, പൂമ്പാറ്റ |

| | | |
|---|---|---|
| ശിരസ്സ് | = | തല |
| ശോഭ | = | പ്രകാശം |

## സ

| | | |
|---|---|---|
| സദാചാരം | = | നല്ല ആചാരം(മര്യാദ) |
| സന്ദേശവാഹകൻ | = | സന്ദേശം കൊണ്ടു പോകുന്നവൻ |
| സമകാലികർ | = | ഒരേ കാലത്തുള്ളവർ |
| സമരാത്രദിനം | = | രാത്രിയും പകലും സമമായ ദിവസം |
| സംജ്ഞ | = | പേര് |
| സഹപാഠി | = | കൂടെ പഠിക്കുന്നവൻ |
| സഹചാരി | = | കൂടെ സഞ്ചരിക്കുന്നവൻ |
| സഹവർത്തിത്വം | = | കൂടെയുള്ള പ്രവർത്തനം |
| സഹൃദയൻ | = | സാഹിത്യം ആസ്വദിക്കാൻ കഴിവുള്ളവൻ |
| സാഹസി | = | സാഹസികൻ |
| സാഹസം | = | അതിധൈര്യം |
| സേവനം | = | പ്രതിഫലം ആഗ്രഹിക്കാത്ത പ്രവൃത്തി |
| സൗഹൃദം | = | കൂട്ട്, ചങ്ങാത്തം |
| സ്വാർത്ഥം | = | തനിക്കു വേണ്ടി |
| സ്മാരകം | = | ഓർമ്മയ്ക്കായി നിർമ്മിച്ചത് |

## ഹ

| | | |
|---|---|---|
| ഹസ്തം | = | കൈ |
| ഹാർദ്ദം | = | സ്നേഹം |